J EEVAMOZHIKALRNI/KERBIL/-2003/21404
October 2016 www. jeevamozhikal.org
Annual Subscription Rs.100/-

Regn.No. KL/KTM/46/2015-17
Licence No.KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-09-2016

## ചത്ത ഈച്ചയും തൈലവും

ഗ്രാമത്തിലെ ഗുരു തന്റെ ജനങ്ങൾ സൽസ്വഭാവികളായി ജീവിക്കാൻ വേണ്ട പ്രബോധനങ്ങൾ തുടരെ നൽകിയിരുന്നു. എങ്കിലും വാക്കുകളിലൂടെ നൽകുന്ന ഉപദേശങ്ങൾ അവരുടെ ഹൃദയത്തിൽ ആഴത്തിൽ പതിക്കുന്നതായും അവരുടെ ജീവിതത്തിൽ അത് ഉദ്ദേശിക്കുന്ന മാറ്റം ഉണ്ടാക്കുന്നതായും ഗുരുവിനു തോന്നിയില്ല. അതുകൊണ്ട് അവർക്ക് ഒരു പ്രായോഗിക പാഠം നൽകാൻ അദ്ദേഹം തീരുമാനിച്ചു.

ഒരു ദിവസം അദ്ദേഹം കുറെ ആളുകളെ സംഘടിപ്പിച്ച് ഒരു വലിയ കല്ല് ഗ്രാമത്തിന്റെ മധ്യത്തിലുള്ള കുന്നിൻ മുകളിലേക്ക് ഉരുട്ടിക്കയറ്റിച്ചു. വളരെ കഷ്ടപ്പെട്ട് മലയുടെ നെറുകയിൽ കയറ്റിയ കല്ല് പെട്ടെന്ന് ഗുരു താഴോട്ട് ഉരുട്ടിവിട്ടു. വീണ്ടും കൂലിക്കാരെക്കൊണ്ട് കല്ല് മലയുടെ നെറുകയിലേക്ക് ഉരുട്ടിക്കയറ്റി. വീണ്ടും പഴയപോലെ ഗുരു അതു താഴേക്ക് ഉരുട്ടി വിട്ടു. ഇതു പലവട്ടം ആവർത്തിച്ചപ്പോൾ ഗ്രാമവാസികൾ ഒന്നടങ്കം ഗുരുവിനു ചുറ്റും കൂടി ഈ പ്രവൃത്തിയുടെ അർത്ഥം വിശദീകരിച്ചു തരണമെന്ന് ആവശ്യപ്പെട്ടു. ഗുരു ഇങ്ങനെപറഞ്ഞു: "നോക്കു, ഒരു സല്പേരു നേടിയെടുക്കുന്നത് കല്ല് മലയുടെ ഉച്ചിയിൽ ഉരുട്ടിക്കയറ്റുന്നതുപോലെ വളരെ നാളത്തെ അച്ചടക്കവും ശ്രമാവഹമായ പ്രവൃത്തികളും കൊണ്ടാണ്. എന്നാൽ സൂക്ഷ്മതയില്ലാത്ത നിമിഷത്തിലെ ഒരൊറ്റ തെറ്റായ പ്രവൃത്തിയോ വാക്കോ മതി അതു നഷ്ടമാകാൻ. കല്ല് താഴേക്കു പതിച്ചതുപോലെ ശ്രദ്ധയില്ലാത്ത നിമിഷത്തിലെ തെറ്റായ ഒരു പ്രവൃത്തി മൂലം സല്പേര്, അംഗീകാരം, നഷ്ടപ്പെടും. കല്ലിന്റെ പതനം എത്ര വേഗത്തിലായിരുന്നുവെന്നു നിങ്ങൾ കണ്ടല്ലോ. വീഴ്ചയിൽ നിന്നു വീണ്ടും മുകളിലേക്കു കയറുന്നതു എത്ര കഠിനമാണെന്നു നിങ്ങളെ ബോധ്യപ്പെടുത്താനാണു പാറക്കല്ല് വീണ്ടും കുന്നിൻ മുകളിലേക്ക് ഉരുട്ടിക്കയറ്റിയത്!!"

ഗ്രാമവാസികൾ പറഞ്ഞു: "അങ്ങു നൽകിയ ഈ സാധനപാഠം ഞങ്ങൾ ഒരിക്കലും മറക്കുകയില്ല!!"

സഭാപ്രസംഗി പറയുന്നു: "ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു. അല്പ ഭോഷത്വം ജ്ഞാനങ്ങളേക്കാൾ ഘനമേറുന്നു" (10:1).

ഒരു ചെറിയ ദുസ്വഭാവം, ഒരു തെറ്റായ വാക്ക്, മോശമായ ഒരൊറ്റ പ്രതികരണം. അതു നാം ജീവിതകാലം മുഴുവനും കൊണ്ടു നേടിയ സല്പേരിനെ ദുഷിപ്പിക്കും - ചത്ത ഈച്ച, തൈലത്തെ എന്നപോലെ.

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.

യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 14 ലക്കം 10 ഒക്ടോബർ 2016 വില 10 രൂപ



JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*
വാല്യം 14 ഒക്ടോബർ 2016 ലക്കം 10

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |


എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:
**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കോലഞ്ചേരി | 9946509900 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |

*മൊഴിമുത്തുകൾ*


# സന്തോഷത്തെക്കാൾ വിശുദ്ധിക്കു പ്രാധാന്യം



ആത്മിക വളർച്ച പ്രാപിക്കുന്ന ഒരു ക്രിസ്ത്യാനി സന്തോഷത്തെക്കാളധികം വിശുദ്ധിക്കു പരിഗണനനൽകുന്ന വ്യക്തിയായിരിക്കും. നാം സന്തോഷത്തെ അധികമായി വിലമതിക്കുന്നവരാണോ? ദൈവം നാം സന്തോഷിക്കുന്നതിനെതിരല്ല. നാം പൂർണസന്തോഷമുള്ളവരായിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. എന്നാൽ നമ്മുടെ അന്വേഷണത്തിന്റെ പാതയിൽ നാം സന്തോഷത്തെ പിന്തുടരണമെന്നു ബൈബിൾ ഒരിടത്തും പറയുന്നില്ല. സന്തോഷത്തെയല്ല വിശുദ്ധിയെ ലക്ഷ്യമാക്കുക.

*- ജെ. ഒസ്വാൾഡ് സാൻഡേഴ്സ്*

## ഭയം വേണ്ട




മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല, അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത് (യോഹ. 10:10).

# FAITH THAT REACHES OUT

Claude Houde

Abraham was a man whose life was consumed by a faith that reaches out. He knew that faith without works is dead (see James 2:17). Genesis 14:11-16 uses simple yet clear words to reveal the scope and beauty of his decision when he learned that Lot and his family had been taken captive and had lost everything. “As soon as Abraham learned this . . . he brought three hundred eighteen of his bravest servants and they pursued the oppressors. . . . They brought back Lot, his brother, their possessions, as well as their wives and children” (14:14-16).

It is important to reread each word to fully grasp the depth of what is being said here. “As soon as Abraham learned this,” he didn’t wait, look for excuses, or put it off until the next day. He did not hide behind his lack of resources nor what he didn’t have. The Apostle Paul appeals to us to make a decision when he reminds the Corinthians that when intentions are sincere, they are demonstrated not by what we don’t have, or hope to have some day, but by what we currently have available. “Whatever you give is acceptable if you give it eagerly. And give according to what you have, not what you don't have” (see 2 Corinthians 8:12). Help someone today with what you do have. Faith that reaches out simply refuses to continue saying, “No!”

“Abraham, armed with three hundred eighteen of his bravest servants” — it is interesting to notice here that the exact number is mentioned. I profoundly believe that God knows each believer who helps those who suffer, but also every believer or church who chooses to do nothing. There are several specific moments in Scripture where God seems to want us to know with infinite precision that each person counts. For instance, in Nehemiah 3 we see the meticulous listing of those who miraculously rebuilt the walls that had been torn down.

Dear reader, this is faith that reaches out. This type of sacrifice opens up the heavens and produces the supernatural. We read these words in the story of Abraham as a prophetic promise for all who turn toward someone who is hurting, who is held captive or in need: After these events, “the Word of the Lord came to Abraham in a vision with these words: Don’t be afraid, Abraham, I will be your defender myself. I will protect you and your reward will be so great!” (Genesis 15:1). ●

## എഡിറ്റോറിയൽ



# യഥാർത്ഥ താഴ്മയും സൗമ്യതയും യേശുവിൽനിന്നു പഠിക്കുക

**ഞാൻ** സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ. (മത്തായി 11:29)

യേശുവിന്റെ വാക്കുകൾ. തന്നിൽനിന്നു നാം പഠിക്കണമെന്നു യേശു ആവശ്യപ്പെട്ടതു രണ്ടു കാര്യങ്ങളാണ്-ഒന്ന് : സൗമ്യത. രണ്ട്: താഴ്മ.

സൗമ്യതയും താഴ്മയും എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് ഇതിൽ ആദ്യം ഉണ്ടാകുന്നതു സൗമ്യതയാണെന്നും അതിൽ നിന്നാണു താഴ്മ ഉത്ഭവിക്കുന്നതെന്നും കരുതിപ്പോകാം. എന്നാൽ നേരേ മറിച്ചാണ്. താഴ്മ ഒന്നാമത്: അതിൽ നിന്ന് ഉരുത്തിരിയുന്നതു സൗമ്യത.

എന്താണു താഴ്മ? എന്താണു സൗമ്യത അഥവാ വിനയം?. താഴ്മയും സൗമ്യതയും ഏറെക്കുറെ ഒരേപോലെ ഉപയോഗിക്കുന്നതുകൊണ്ട് ഒന്നിന്റെ പര്യായപദമാണു മറ്റേത് എന്നാണു പലരും ചിന്തിക്കുന്നത്. സൗമ്യതയും താഴ്മയും ഒന്നു തന്നെയാണെന്ന് അവർ കരുതുന്നു.

വാസ്തവത്തിൽ താഴ്മയും സൗമ്യതയും തമ്മിൽ വ്യത്യാസമുണ്ട്. ദൈവത്തോടുള്ള ബന്ധത്തിലാണു താഴ്മ. ദൈവ മഹത്വത്തെ ഒരുവൻ അഭിമുഖീകരിക്കുമ്പോൾ അതവനു നൽകുന്ന എളിമയുള്ള മനോനിലയാണു താഴ്മ. ദൈവ മുൻപാകെ ഈ താഴ്മ ഒരുവനുണ്ടെങ്കിൽ മറ്റു മനുഷ്യരോടുള്ള അവന്റെ പെരുമാറ്റം സ്വാഭാവികമായും സൗമ്യതയോടെ (വിനയത്തോടെ) ആയിരിക്കും. താഴ്മ ദൈവത്തോടുള്ള ബന്ധത്തിലും സൗമ്യത (വിനയം) മനുഷ്യരുടെ മുൻപാകെയും. ഒരുവന്റെ ദൈവമുൻപാകെയുള്ള താഴ്മ, സ്വാഭാവികമായി മനുഷ്യരോടുള്ള പ്രതികരണത്തിൽ പ്രതിഫലിക്കുന്നതു സൗമ്യതയോടെ ആയിരിക്കും. ചുരുക്കത്തിൽ പറഞ്ഞുവന്ന കാര്യങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം: നമുക്കു ദൈവോന്മുഖമായുള്ളതാണു താഴ്മ. ഈ താഴ്മയിൽ നിന്ന് ഉത്ഭവിക്കുന്നതും മനുഷ്യരോടുള്ള പെരുമാറ്റത്തിൽ പ്രതിഫലിക്കുന്നതുമാണു സൗമ്യത അഥവാ വിനയം. താഴ്മ അടിസ്ഥാന ഗുണം; വിനയം അതിന്റെ പ്രതിഫലനം.

അപ്പോൾ സ്വാഭാവികമായും ഇവിടെ ഒരു ചോദ്യം ഉയരാം. ഹൃദയത്തിൽ താഴ്മയുടെ മനോഭാവം ഇല്ലാതെയും പെരുമാറ്റത്തിൽ സൗമ്യതയും വിനയവും പ്രകടിപ്പിക്കാമല്ലോ? ശരിയാണ്. പക്ഷേ അതു ദൈവം അംഗീകരിക്കുന്ന യഥാർത്ഥ സൗമ്യതയല്ല. കാരണം അതു കാപട്യമാണ്.

ദൈവം അംഗീകരിക്കുന്ന യഥാർത്ഥ വിനയം താഴ്മയിൽ നിന്ന് ഉരുത്തിരിയുന്നതാകണം. തന്നിൽ നിന്നു വേണം താഴ്മയും സൗമ്യതയും പഠിക്കാൻ എന്നു യേശുപറഞ്ഞല്ലോ. അതുകൊണ്ടു തന്നെ യേശുവിൽ കാണുന്നതാണു യഥാർത്ഥ താഴ്മയും സൗമ്യതയും. യേശുവിൽ ഇതെങ്ങനെയായിരുന്നുവെന്നു നമുക്കുനോക്കാം. അവിടുത്തേക്ക് ഒന്നാമത് ഉണ്ടായിരുന്നതു താഴ്മയായിരുന്നു. ഫിലിപ്യ ലേഖനം രണ്ടാം അധ്യായം ആറ് മുതൽ എട്ടുവരെയുള്ള വാക്യങ്ങളിൽ യേശുവിന്റെ താഴ്മയും സൗമ്യതയും വിവരിക്കുമ്പോൾ ഒന്നാമത് അവിടുന്നു ചെയ്തതായി അവിടെ പറയുന്നത് ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കാതെ തന്നെത്താൻ ഒഴിച്ചു... തന്നെത്താൻ താഴ്ത്തി എന്നാണ്. അവിടുത്തെ താഴ്മ അടിസ്ഥാനപരമായും പ്രാഥമികമായും ദൈവത്തോടുള്ള ബന്ധത്തിലായിരുന്നു. തുടർന്നു താൻ പാപത്തിൽനിന്നു രക്ഷിക്കാൻ വന്ന മനുഷ്യരോടുള്ള ബന്ധത്തിൽ ആ താഴ്മ എങ്ങനെ പ്രതിഫലിച്ചുവെന്നു വിവരിക്കുന്നു: വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു -ഇതാണ് അവിടുത്തെ വിനയം.


ഉവ്വ്, ദൈവോന്മുഖമായ താഴ്മയിൽ നിന്നാകണം മനുഷ്യോന്മുഖമായ സൗമ്യത ഉരുത്തിരിയേണ്ടത്. യേശുവിന്റെ ജീവിതത്തിൽനിന്നു തന്നെ മറ്റൊരു ഭാഗം നോക്കുക: പിതാവു സകലവും തന്റെ കയ്യിൽ തന്നിരിക്കുന്നു എന്നും താൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നു ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ... ശിഷ്യന്മാരുടെ കാൽ കഴുകുവാൻ ... തുടങ്ങി (യോഹ. 13 : 3-5). മനുഷ്യരോടുള്ള ബന്ധത്തിൽ യേശുവിന്റെ വിനയം ഏറ്റവും വ്യക്തമായി വെളിപ്പെടുത്തപ്പെട്ട ഒരു രംഗമാണല്ലോ അവിടുന്നു തന്റെ ശിഷ്യന്മാരുടെ കാൽ കഴുകി തുവർത്തിയത്. ആ രംഗം യോഹന്നാൻ വിവരിക്കുമ്പോൾ തുടങ്ങുന്നതു നാം മുകളിൽ ഉദ്ധരിച്ച വേദഭാഗത്തു കണ്ടതുപോലെ ദൈവവുമായി യേശുവിനു താഴ്മയുടെ അടിസ്ഥാനത്തിലുള്ള ബന്ധത്തെ അനുസ്മരിച്ചു കൊണ്ടാണെന്നതു ശ്രദ്ധിക്കുക. അതെ, ദൈവോന്മുഖമായ താഴ്മയിൽ നിന്നു ഉത്ഭവിക്കാതെ, മനുഷ്യരുടെ മുൻപിൽ മാത്രം വിളങ്ങുന്ന ഒന്നായിരുന്നില്ല യേശുവിന്റെ സൗമ്യത. ഈ സൗമ്യതയാണു നാം യേശുവിൽനിന്നു പഠിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

യേശുവിന്റെ സൗമ്യത താഴ്മയിൽ നിന്നാണ് ഉരുത്തിരിഞ്ഞതെങ്കിൽ അവിടുന്നു ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ... എന്നോടു പഠിക്കുവിൻ എന്നു പറഞ്ഞിടത്ത് എന്തുകൊണ്ടാണു സൗമ്യതയെ താഴ്മയ്ക്കു മുൻപിൽ പ്രതിഷ്ഠിച്ചത്? കാരണം യേശുവിനെ നോക്കുന്ന ഒരുവന് ആദ്യം കാണാൻ കഴിയുന്നത് അവിടുത്തെ സൗമ്യതയാണല്ലോ. ഹൃദയത്തിലുള്ള താഴ്മ ദൈവം മാത്രം കാണുന്നു. അതുകൊണ്ടുതന്നെ എന്നിൽ നിന്നു പഠിപ്പിൻ എന്നു അവിടുന്നു മറ്റുള്ളവരെ തന്നെ നോക്കുവാൻ ആഹ്വാനം ചെയ്യുമ്പോൾ അവർക്ക് ആദ്യം കാണാൻ കഴിയുന്നത് അവിടുത്തെ സൗമ്യതയാണ്. ഇതാകാം സൗമ്യതയെക്കുറിച്ചു താഴ്മയ്ക്കു മുൻപേ തന്നെ പ്രസ്താവിക്കുവാൻ യേശുവിനെ പ്രേരിപ്പിച്ചത്. ഈ സൗമ്യതകണ്ട് അടുത്തുവരുന്നവർക്കാണ് ആ സൗമ്യത ഉത്ഭവിച്ച തന്നിലുള്ള ദൈവോന്മുഖമായ താഴ്മയെ തിരിച്ചറിയാൻ കഴിയുന്നത്.

ക്രിസ്തു ശിഷ്യരായ നമ്മെ സംബന്ധിച്ചും ഇതാണു ശരി. ആളുകൾ ആദ്യം നമ്മുടെ സൗമ്യതയും വിനയവുമാണ് കാണുന്നത് . നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ (ഫിലി. 4 : 5) എന്നാണല്ലോ. ആളുകൾ ആദ്യം അറിയുന്നത് സൗമ്യതയാണ്. ഇതിൽ ആകൃഷ്ടരായി നമ്മോട് അടുത്തുവരുന്നവർക്കാണ്, പൂവിന്റെ നിറവും ഭംഗിയും കണ്ടുവരുന്ന പൂമ്പാറ്റ തുടർന്നു പൂവിലെ മധുനുകരുന്നതുപോലെ, നമ്മുടെ ഹൃദയത്തിലെ താഴ്മ കണ്ടെത്താനാവുന്നത്.

ചില വിശ്വാസികൾ പറയാറുണ്ട്, എനിക്കു ഹൃദയത്തിൽ വലിയ താഴ്മയുണ്ട്. എന്നാൽ

*ശേഷം പേജ് 41 ൽ*




# താഴ്മ

ആൻഡ്രൂ മുറേ

**നമ്മെ** താഴ്മയിലേക്ക് നയിക്കുന്ന മൂന്നു പ്രധാന പ്രേരകങ്ങളാണുള്ളത്. ഒന്ന്: നാമെല്ലാം സൃഷ്ടികളാണെന്ന വസ്തുത, രണ്ടാമത്തേത് നാമെല്ലാം പാപികളാണെന്നത്. മൂന്നാമത്തേത് നാം വിശുദ്ധരാണെന്നുള്ള കാര്യം.

ഈ വിഷയത്തെക്കുറിച്ചുള്ള പ്രബോധനങ്ങളിൽ മിക്കവരും പ്രധാനമായും ഊന്നൽ നൽകുന്നത് നാം പാപികളാണ് എന്നതിലാണ്. ഒരു വ്യക്തി പാപത്തിൽ തുടരുന്നതിലൂടെ താഴ്മയിലും തുടരാൻ സാധിക്കും എന്ന് പലരും വിചാരിച്ചിട്ടുണ്ടാകാം. മറ്റു ചിലർ വിചാരിക്കുന്നത് സ്ഥിരമായി സ്വയം വിധിക്കുന്നതാണ് താഴ്മയുടെ രഹസ്യമെന്നാണ്. എന്നാൽ പാപമല്ല കൃപയാണ് നമ്മെ കൂടുതലും താഴ്മയുള്ളവരാക്കുന്നത്. സ്വന്തം പാപസാഹചര്യത്തിൽ കൂടുതൽ ഊന്നൽ നൽകി നിലകൊള്ളുന്നവനേക്കാൾ ദൈവത്തിനും അവന്റെ മഹത്വത്തിനുംവേണ്ടി മുഴുവൻ സമയം നിലകൊള്ളുന്നവനാണു ദൈവത്തിന്റെ മുമ്പിൽ ഏറ്റവും താഴ്മയായി നിൽക്കുന്നത്.

യേശു പറഞ്ഞു: ഞാൻ സൗമ്യതയും



*വിനയശീലനായ മനുഷ്യൻ ഒരിക്കലും അസൂയപ്പെടുകയില്ല. തന്നെക്കാൾ മറ്റുള്ളവർ പരിഗണിക്കപ്പെടുമ്പോൾ ദൈവത്തെ സ്തുതിക്കാൻ അവനു സാധിക്കുന്നു.*

നിഗളം അഥവ താഴ്മയില്ലായ്മ യാണ് എല്ലാ പാപത്തിന്റെയും തിന്മയുടെയും മൂലകാരണം. അത് ഉന്നതരായ മാലാഖമാരെ പ്പോലും സാത്താനായി തരംതാഴ്ത്തി. എന്നാൽ, താഴ്മയോ, വീണുകിടന്ന മനുഷ്യരെപ്പോലും മാലാഖമാരുടെ കിരീടത്തിലേക്ക് ഉയർത്തി. എല്ലാതിന്മകളും തുടങ്ങുന്നത് നിഗളത്തിൽനിന്നാണ്. താഴ്മയിൽനിന്ന് എല്ലാ നന്മകളും ഉറവിടുന്നു. ഈ മഹത്തായ സത്യം നിത്യതമുഴുവൻ പ്രദർശിപ്പിക്കുകയാണ് ഒരു പുതിയ സൃഷ്ടിയെ ഉളവാക്കുന്നതിലൂടെയുള്ള ദൈവത്തിന്റെ ലക്ഷ്യം.

താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ (മത്തായി 11 : 29) താഴ്മയിൽ യേശുവിനെ ആണ് നാം മാതൃകയാക്കുന്നതെങ്കിൽ അവന്റെ താഴ്മ എവിടെയാണ് വേരുറച്ചിരിക്കുന്നതെന്ന് മനസിലാക്കണം. ഒരു ദാസന്റെ രൂപം സ്വീകരിക്കുന്നതിൽ അവൻ അവന്റെ മഹത്വം കണ്ടെത്തി. അങ്ങനെ എല്ലാവരുടെയും ദാസനാകുന്നതിനേക്കാൾ ദൈവികമായ യാതൊരു പുണ്യവും ഇല്ലെന്ന് അവൻ കാണിച്ചുതന്നു.

പാപങ്ങൾ മൂലം നുറുക്കപ്പെടുന്നതിനേക്കാൾ താഴ്മ വളരെയധികം പ്രാധാന്യമുള്ളതാണ്. യേശുവിന്റെ തന്നെ ജീവിതത്തിലുള്ള പങ്കുപറ്റലാണത്. വിശുദ്ധി അന്വേഷിച്ചുനടന്ന പലർക്കും താഴ്മ ഇല്ലായിരുന്നുവെന്നത് വളരെ നിർഭാഗ്യകരമായ കാര്യമാണ്. താഴ്മ എന്ന വേരിൽ നിന്നു മാത്രമേ ആത്മാവിന്റെ യഥാർത്ഥ ഫലങ്ങൾ വളരുകയുള്ളൂ. യേശുവുമായുള്ള കൂട്ടായ്മയ്ക്ക് ഏറ്റവും അത്യന്താപേക്ഷിതവും അതുതന്നെയാണ്.

നിഗളം അഥവ താഴ്മയില്ലായ്മയാണ് എല്ലാ പാപത്തിന്റെയും തിന്മയുടെയും മൂലകാരണം. അത് ഉന്നതരായ മാലാഖമാരെപ്പോലും സാത്താനായി തരംതാഴ്ത്തി. എന്നാൽ, താഴ്മയോ, വീണുകിടന്ന മനുഷ്യരെപ്പോലും മാലാഖമാരുടെ കിരീടത്തിലേക്ക് ഉയർത്തി. എല്ലാതിന്മകളും തുടങ്ങുന്നത് നിഗളത്തിൽനിന്നാണ്. താഴ്മയിൽനിന്ന് എല്ലാ നന്മകളും ഉറവിടുന്നു. ഈ മഹത്തായ സത്യം നിത്യതമുഴുവൻ പ്രദർശിപ്പിക്കുകയാണ് ഒരു പുതിയ സൃഷ്ടിയെ ഉളവാക്കുന്നതിലൂടെയുള്ള ദൈവത്തിന്റെ ലക്ഷ്യം.

നിഗളം നമ്മിൽ മരിക്കാതെ സ്വർഗ്ഗത്തിന്റേതായ യാതൊന്നിനും നമ്മിൽ ജീവിക്കാൻ കഴിയുകയില്ല. താഴ്മയെ ഒരു നല്ല ഗുണമായോ നിഗളത്തെ വെറുമൊരു ദുശ്ശീലമായോ കാണരുത്. ഒന്ന് മുഴുസ്വർഗ്ഗവും മറ്റേതു മുഴുനരകവുമാണ്. നിങ്ങളിൽ എത്രത്തോളം നിഗളമുണ്ടോ അത്രയും പിശാച് നിങ്ങളിൽ ജീവിക്കുന്നു. അതുപോലെ നിങ്ങളിൽ എത്രത്തോളം താഴ്മയുണ്ടോ അത്രത്തോളം നിങ്ങളിൽ ക്രിസ്തുവുമുണ്ട്. നിഗളത്തിന് എത്രത്തോളം നിങ്ങളുടെ ആത്മാവിന് എത്രത്തോളം നിത്യമായ നാശമുണ്ടാക്കാൻ കഴിയുമെന്ന് നിങ്ങൾക്ക് കാണാൻ കഴിയുമായിരുന്നുവെങ്കിൽ ആ തിന്മയെ നിങ്ങളിൽനിന്ന് അകറ്റാൻ കണ്ണീരോടെ നിങ്ങൾ യാചിക്കുമായിരുന്നു-അതിനു വിലയായി നിങ്ങളുടെ കണ്ണോ കൈയോ നഷ്ടമാവുമെങ്കിൽപ്പോലും. താഴ്മ ഒന്നുകൊണ്ടുമാത്രം പരിശുദ്ധാത്മാവിന്റെ വാസസ്ഥലമാകാൻ എപ്രകാരം നിങ്ങൾക്കു സാധിക്കുമെന്നു നിങ്ങൾക്കു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ ഈലോകത്തിലെ ഏറ്റവും ചെറിയ മഹത്വമെങ്കിലും നേടുന്നതിനെക്കാൾ ചവിട്ടുമെത്തയാകാൻ നിങ്ങൾ അതിയായി ആഗ്രഹിച്ചേനേ.



നിഗളവും സ്വയം പുകഴ്ത്തലും നരകത്തിലേക്കുള്ള പ്രവേശന കവാടങ്ങളാണ്. അതുകൊണ്ടുതന്നെ യഥാർത്ഥമായ താഴ്മയുടെ പുനഃസ്ഥാപനത്തിലൂടെ മാത്രമേ നമ്മുടെ മോചനം സാധ്യമാകൂ എന്നത് പരമമായ സത്യമാണ്. യേശു സ്വയം തന്നെത്തന്നെ താഴ്ത്തി, സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്ക് വന്നു. അത് ആ താഴ്മയിൽ നമ്മെ പങ്കുകാരാക്കി നമ്മെ രക്ഷിക്കാനായിരുന്നു. താഴ്മയുടെ മണ്ണിൽ മാത്രമേ ക്രിസ്തുവിന്റെ ഗുണങ്ങൾക്കു വളരാനാകൂ.

നമ്മുടെ ജീവിതത്തിലെ ഓരോ പരാജയത്തിന്റെയും കാരണം താഴ്മയില്ലായ്മയാണ്. താഴ്മ മറ്റു ധർമ്മങ്ങളെപ്പോലെയോ കൃപകളെപ്പോലെയോ വെറുമൊരു ഗുണമോ കൃപയോ അല്ല. അത് എല്ലാ കൃപകളുടെയും ഗുണങ്ങളുടെയും വേര് തന്നെയാണ്.

ക്രിസ്തുവിന്റെ ഗുണങ്ങളെ പൂർണ്ണഹൃദയത്തോടെ പിന്തുടരാൻ ആഗ്രഹിക്കുന്ന ക്രിസ്ത്യാനികളുടെ ജീവിതത്തിൽ എടുത്തുപറയേണ്ടതും അവർ മെച്ചപ്പെടുത്തേണ്ടതും അറിയപ്പെടേണ്ടതുമെല്ലാം, താഴ്മ എന്ന സ്വഭാവത്തിലാണ്. ഇത് തന്നെത്താൻ ഉണ്ടാകുന്ന ഒരു കാര്യമല്ല. വളരെ പ്രാർഥനയോടെ കണ്ടെത്തേണ്ട ഒന്നാണ്. ദൈവത്തിലും ക്രിസ്തുവിലുമുള്ള ദൃഢമായതും സ്ഥിരമായതുമായ, കാത്തിരിപ്പിനു മാത്രമേ, എത്രത്തോളം താഴ്മയുടെ കുറവ് നമുക്കുണ്ടെന്നു കാണിച്ചു തരാനാകുകയുള്ളൂ.

യേശുവിന്റെ താഴ്മ എത്രത്തോളം നമ്മിൽ കുറവുണ്ട് എന്ന് കാണുന്നത് ഒരു പക്ഷേ നമ്മുടെ ഏറ്റവും വലിയ ആവശ്യമായിരിക്കാം. ഒരിക്കൽ അതു മനസിലാക്കിയാൽ അതു ലഭിക്കാൻ എത്രത്തോളം നാം നിസ്സഹായരും, ബലഹീനരും ആണെന്നു കാണാൻ തയാറാവുകയും വേണം. യേശുവിന്റെ താഴ്മയോടുള്ള ആരാധനയും നമ്മുടെ തന്നെ നിഗളത്തോടുള്ള വിരക്തിയുംകൊണ്ട് നിങ്ങളുടെ ആത്മാവ് നിറയുന്നതുവരെ യേശുവിന്റെ ജീവിതം പഠിക്കുക.

സുവിശേഷത്തിൽനിന്നും യേശുവിന്റെ അപ്പസ്തോലന്മാരുടെ മനോഭാവത്തിൽനിന്നും നാം മനസിലാക്കുന്ന ഒരു വസ്തുതയുണ്ട്- ഒരുവന് മതപരമായ കാര്യങ്ങളിൽ ആത്മാർത്ഥതയും തീക്ഷ്ണതയുമുള്ളവനാകാനും അതേസമയം താഴ്മ ഒട്ടും ഇല്ലാത്തവനായിരിക്കാനും സാധിക്കും! എത്ര സങ്കടകരം. യേശുവിനുവേണ്ടി സകലതും ഉപേക്ഷിച്ച ശിഷ്യന്മാർ അവനോടുകൂടി മരിക്കാൻപോലും തയാറായിരുന്നു. എങ്കിലും അവരിലുണ്ടായിരുന്ന നിഗളം എന്ന തിന്മയെക്കുറിച്ച് പലപ്പോഴും അവർ ബോധവാന്മാരായിരുന്നില്ല. അതുകൊണ്ടുതന്നെ നമുക്കും ഇതു തന്നെ സംഭവിക്കാം.

സ്നേഹമില്ലായ്മ, മറ്റുള്ളവരുടെ വികാരങ്ങൾക്കും ദൗർബല്യങ്ങൾക്കുമെതിരെയുള്ള നിർവികാരത, എല്ലാ കടുത്ത വാക്കുകളും അറുത്തുമുറിച്ച വിധികളും (സാധാരണ സത്യസന്ധതയുടെയും ഒന്നും മറച്ചുപിടിക്കാതെയുമുള്ള വ്യക്തിത്വത്തിന്റെ മറവിൽ വരുന്നവ), കോപത്തിന്റെയും അസ്വസ്ഥതകളുടെയും അസ്വാരസ്യങ്ങളുടെയും എല്ലാ പ്രകടനങ്ങളും, കയ്പിന്റെയും ഒറ്റപ്പെടലിന്റെയും എല്ലാ വികാരങ്ങളും ശ്രദ്ധിക്കുക. ഇവയെല്ലാം വേരുറച്ചിരിക്കുന്നത് നിഗളത്തിലല്ലാതെ മറ്റൊന്നിലുമല്ല- എപ്പോഴും ഒരുവന്റെ വ്യക്തിപരമായ നേട്ടങ്ങളും അഭിമാനവും മാത്രം അന്വേഷിക്കുന്ന നിഗളത്തിൽനിന്ന്.

യേശുവിന്റെ ഭൂമിയിലെ ജീവിതത്തിൽ അവിടുന്ന് ഒന്നുമല്ലാതായി തീരാനാണ്

ഏറ്റവും കൂടുതൽ ആഗ്രഹിച്ചത്. അതിലൂടെ ദൈവം എല്ലാമാകാനായി യേശു തന്റെ എല്ലാ കഴിവുകളും ആഗ്രഹങ്ങളും പിതാവ് തന്നിൽ വേല ചെയ്യാൻ പിതാവിനു വിട്ടുകൊടുത്തു. ഇതായിരുന്നു യേശു കണ്ടെത്തിയ പൂർണ്ണസമാധാനവും സന്തോഷവും നിറഞ്ഞ ജീവിതം. പിതാവിന് എല്ലാം വിട്ടുകൊടുക്കുന്നതിലൂടെ യേശുവിന് ഒന്നും നഷ്ടമായില്ല. ദൈവം തന്നെ അംഗീകരിക്കുകയും തനിക്കായി എല്ലാം ചെയ്തുകൊടുക്കുകയും ഉണ്ടായി. യേശു തന്നെത്താൻ ദൈവസന്നിധിയിൽ താഴ്ത്തിയതുകൊണ്ട് മനുഷ്യരുടെ മുന്നിലും എല്ലാവരുടെയും ദാസനായി തന്നെത്തന്നെ താഴ്ത്താൻ അവിടുത്തേക്ക് പ്രയാസമുണ്ടായില്ല.

തന്നിൽ നന്മയായി യാതൊന്നുമില്ലെന്ന് മനസിലാക്കി ദൈവത്തിന്റെയും മനുഷ്യരുടെയും മുന്നിൽ യാതൊന്നുമില്ലാത്തതായി തീരുക. ദൈവത്തെ എല്ലാമായി അംഗീകരിക്കുക – സ്വയം ത്യജിക്കുക എന്നതുകൊണ്ട് ഇതാണ് അർത്ഥമാക്കുന്നത്. ഇവിടെയാണ് യഥാർത്ഥ താഴ്മയുടെ വേരും സ്വഭാവവും ഉറച്ചിരിക്കുന്നത്. ഇതു മനസിലാക്കാനോ അന്വേഷിക്കാനോ തയാറാകാത്തതുകൊണ്ടാണ് നമ്മുടെ താഴ്മ ഒട്ടും ആഴമില്ലാത്തതായി തീരുന്നത്. യേശുവിന് താഴ്മ താൽക്കാലികമായ ഒരു മാനോഭാവമോ പ്രകടനമോ ആയിരുന്നില്ല. മറിച്ച് ജീവിതത്തിലെ സ്ഥിരമായ ഒരു ആത്മാവായിരുന്നു. അതുകൊണ്ടുതന്നെ തന്റെ പിതാവിന്റെ മുമ്പിൽ ആയിരുന്നതുപോലെ എല്ലാ സമയവും മനുഷ്യരുടെ മുന്നിലും താഴ്മയായിരിക്കുവാൻ അവിടുത്തേക്ക് എളുപ്പമായി. ദൈവം സ്നേഹിച്ചിരുന്ന മനുഷ്യരെ സ്നേഹിക്കാനും അവരെ സേവിക്കാനും അങ്ങനെ ദൈവത്തിന്റെ ദാസനായിത്തീരാനും തനിക്കു തീക്ഷ്ണമായ ആഗ്രഹം തോന്നി. സ്വന്തം മഹത്വത്തെക്കുറിച്ച് ചിന്തിക്കാനോ സ്വന്തശക്തിയാൽ സ്വയം നീതീകരിക്കപ്പെടാനോ ഒരു നിമിഷത്തേക്കുപോലും അവിടുന്ന് ശ്രമിച്ചില്ല.

സുവിശേഷത്തിൽനിന്നും യേശുവിന്റെ അപ്പസ്തോലന്മാരുടെ മനോഭാവത്തിൽനിന്നും നാം മനസിലാക്കുന്ന ഒരു വസ്തുതയുണ്ട്- ഒരുവന് മതപരമായ കാര്യങ്ങളിൽ ആത്മാർത്ഥതയും തീക്ഷ്ണതയുമുള്ളവനാകാനും അതേസമയം താഴ്മ ഒട്ടും ഇല്ലാത്തവനായിരിക്കാനും സാധിക്കും! എത്ര സങ്കടകരം. യേശുവിനുവേണ്ടി സകലതും ഉപേക്ഷിച്ച ശിഷ്യന്മാർ അവനോടുകൂടി മരിക്കാൻപോലും തയാറായിരുന്നു. എങ്കിലും അവരിലുണ്ടായിരുന്ന നിഗളം എന്ന തിന്മയെക്കുറിച്ച് പലപ്പോഴും അവർ ബോധവാന്മാരായിരുന്നില്ല. അതുകൊണ്ടുതന്നെ നമുക്കും ഇതുതന്നെ സംഭവിക്കാം.

ഇവിടെ ശ്രദ്ധേയമായ മറ്റൊരുകാര്യം യേശുവിന്റെ മൂന്നുവർഷത്തെ പ്രബോധനങ്ങൾക്കുപോലും ശിഷ്യന്മാരിലുള്ള നിഗളത്തെ പുറത്താക്കാൻ കഴിഞ്ഞില്ല എന്നതാണ്. അതുപോലെ താഴ്മയെക്കുറിച്ച് എത്ര പഠിച്ചാലും വായിച്ചാലും അത് നമ്മെ താഴ്മയുള്ളവരാക്കണമെന്നില്ല.

നമ്മുടെ നിഗളം നമുക്ക് ലഭിച്ചിരിക്കുന്നത് ആദാമിൽനിന്നാണ്. നമ്മുടെ താഴ്മ നാം സ്വീകരിക്കേണ്ടത് ക്രിസ്തുവിൽനിന്നും. നിഗളം എത്ര ഭയാനകമായാണോ ഒരു കാലത്ത് നമ്മുടെ ജീവിതത്തെ ഭരിച്ചിരുന്നത് അതുപോലെ താഴ്മയും നമ്മുടെ ജീവിതത്തിന്റെ സ്വാഭാവിക പ്രകൃതം ആകണം. എത്ര എളുപ്പം നമ്മുടെ സ്വന്തസിദ്ധിയിൽ നമുക്ക് നിഗളിയാകാൻ സാധിക്കുമോ അതുപോലെ തന്നെ താഴ്മയ്ക്കും എളുപ്പത്തിൽ നമ്മിൽ നിറയാൻ സാധിക്കും. കാരണം വാഗ്ദാനം അനുസരിച്ച് പാപം പെരുകുന്നിടത്ത് കൃപയും ഏറ്റവും വർദ്ധിക്കുന്നു (റോമൻ 5-20). ക്രിസ്തു നമ്മുടെ ഹൃദയത്തിൽ കർത്തൃത്വം നടത്തുമ്പോൾ അവിടുത്തേക്ക് തന്റേതന്നെ പ്രകൃതമായ യഥാർത്ഥമായ താഴ്മ നമ്മിൽ ഉളവാക്കാൻ കഴിയും.



ദൈവത്തോടുള്ള നമ്മുടെ സ്നേഹം അളക്കുന്നത് സഹവിശ്വാസികളോടുള്ള നമ്മുടെ സ്നേഹം കൊണ്ടാണ്. യോഹന്നാൻ നമ്മെ ഓർപ്പിക്കുന്നു താൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നതല്ല (1 യോഹ. 4-20). താഴ്മയും അതുപോലെതന്നെയാണ്.

നാം ദൈവത്തിനു മുമ്പിൽ നമ്മെത്തന്നെ താഴ്ത്തിക്കഴിഞ്ഞു എന്ന് ചിന്തിക്കുക വളരെ എളുപ്പമുള്ള കാര്യമാണ്. എന്നാൽ മനുഷ്യരുടെ മുമ്പിൽ എത്രമാത്രം നാം അത് ചെയ്യുന്നു എന്നതു മാത്രമായിരിക്കും അതിന്റെ തെളിവ്. യഥാർത്ഥ താഴ്മയെന്നത് പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തിനു മുമ്പിൽ പ്രകടമാക്കുന്നതല്ല. പിന്നെയോ ദൈനംദിന ജീവിതത്തിൽ നമ്മുടെ സഹജീവികളോടു നാം പ്രകടമാക്കുന്നതാണത്. നമ്മുടെ തന്നെ ഏറ്റവും അരക്ഷിതമായിട്ടുള്ള സാഹചര്യങ്ങളിലായിരിക്കും നമ്മിലെ യഥാർത്ഥ മനുഷ്യൻ പുറത്തുവരുന്നത്. ആ സാഹചര്യത്തിലായിരിക്കും സത്യസന്ധനായ ഒരുവൻ യഥാർത്ഥത്തിൽ താൻ എന്താണെന്ന് കണ്ടെത്തുന്നത്.

ദൈവത്തിന്റെ പ്രകാശത്തിൽ നാം നമ്മെത്തന്നെ ഒന്നുമല്ലാതായിക്കണ്ട് സ്വയത്തെ പറിച്ചെറിഞ്ഞ് ദൈവത്തെ എല്ലാമായി സ്വീകരിക്കുമ്പോഴാണ് യഥാർത്ഥ താഴ്മ വെളിവാകുന്നത്. അങ്ങനെയുള്ള ഒരാൾ പിന്നീട് ഒരിക്കലും അയാളെ മറ്റൊരാളുമായി താരതമ്യം ചെയ്യുകയില്ല. താൻ ഒന്നുമല്ലാത്തവനായും യാതൊന്നും ആഗ്രഹിക്കാത്തവനായും ദൈവത്തിന്റെ ദാസനാകകൊണ്ട് എല്ലാ മനുഷ്യരുടെയും ദാസനായും മാത്രമേ അയാൾ തന്റെ സഹജീവികളെ സമീപിക്കുകയുള്ളൂ. വിനയശീലനായ മനുഷ്യൻ ഒരിക്കലും അസൂയപ്പെടുകയില്ല. തന്നെക്കാൾ മറ്റുള്ളവർ പരിഗണിക്കപ്പെടുമ്പോൾ ദൈവത്തെ സ്തുതിക്കാൻ അവനു സാധിക്കുന്നു. മറ്റുള്ളവർ പുകഴ്ത്തപ്പെടുന്നതും താൻ അവഗണിക്കപ്പെടുന്നതും സഹിക്കാൻ അവന് കഴിയും. അങ്ങനെയുള്ള ഒരുവന്റെ താഴ്മ വാക്കുകളിലോ വിലകുറയ്ക്കുന്ന ചിന്തകളിലോ ആയിരിക്കില്ല. അവൻ സഹാനുഭൂതിയാൽ ചുറ്റപ്പെട്ട താഴ്മയുടെ ഹൃദയത്തിലും കരുണയിലും സഹനത്തിലും ആയിരിക്കും.

> നമുക്ക് നമ്മോടുതന്നെ ആത്മാർത്ഥമായി ചോദിക്കാം- ഈ ലോകത്തിന് യേശുവിന്റെ താഴ്മയെ നമ്മിൽ കണ്ടെത്താൻ കഴിയുന്നുണ്ടോ? ഈ താഴ്മ ഇല്ലാത്തതുകൊണ്ട് സഭ ഞെരുക്കത്തിലൂടെയാണ് കടന്നുപോകുന്നത്. എന്തുകൊണ്ടാണ് നമ്മിൽനിന്നു വ്യത്യസ്തരും സമാന സ്വഭാവമില്ലാത്തവരുമായി സഭയിൽ ഉള്ളവരോട് അടുത്തിടപെഴകാനും അവരെ സ്നേഹിക്കാനും സമാധാനത്തിന്റെ ബന്ധത്തിൽ ഒരേ ആത്മാവിന്റെ ഭാഗമായിത്തീരാനും നമുക്ക് പ്രയാസമായി വരുന്നത്? മറ്റുള്ളവരാൽ നാം ഭാരപ്പെടുന്നത് എന്തുകൊണ്ടാണ്?

ക്രിസ്തീയ ജീവിതത്തിലെ ആഴത്തിലുള്ള അനുഭവങ്ങൾ അന്വേഷിക്കുന്ന വിശ്വാസി മനുഷിക ഗുണങ്ങൾ എന്നു കരുതപ്പെടുന്ന ധൈര്യം, സന്തോഷം, ലോകത്തോടുള്ള വെറുപ്പ്, തീക്ഷ്ണത, സ്വയത്യാഗം എന്നിവ ലക്ഷ്യംവെയ്ക്കാനും അതിൽ സന്തോഷിക്കാനും ഇടയുണ്ട്. ഇതൊരു അപകടമാണ്. പുരാതനകാലത്തെ തത്ത്വജ്ഞാനികൾ ഈ ഗുണങ്ങളെ മഹത്വവൽക്കരിച്ച

> യേശുവിനായി സന്തോഷത്തോടെ തന്നെത്തന്നെ നൽകി എന്ന് അവകാശപ്പെടുന്നവർക്ക് സ്വന്തം സഹോദരങ്ങളുടെ കാര്യത്തിൽ അങ്ങനെയാവാൻ പറ്റാത്തത് എന്തുകൊണ്ടാണ്? അതു യേശുവിന്റെ താഴ്മയ്ക്കുവേണ്ടി വിലകൊടുക്കാത്തതുകൊണ്ടും അതു മനസ്സിലാക്കാത്തതുകൊണ്ടുമല്ലേ? ഈ കണ്ടെത്തൽ ഒരു പുത്തൻ ഉണർവ് ദൈവത്തെ അന്വേഷിക്കാൻ നമ്മിൽ ഉണ്ടാക്കട്ടെ.

വരാണ്. എന്നാൽ നാം ചിന്തിക്കേണ്ടത് ഇതിനേക്കാളും ശ്രേഷ്ഠവും യേശു കൊണ്ടുവന്നതുമായ കൃപകളായ ആത്മാവിലുള്ള ദാരിദ്ര്യം, താഴ്മ, അടക്കം, സ്വയത്യാഗം എന്നിവകളെക്കുറിച്ചാണ്.

നമുക്ക് നമ്മോടുതന്നെ ആത്മാർത്ഥമായി ചോദിക്കാം- ഈ ലോകത്തിന് യേശുവിന്റെ താഴ്മയെ നമ്മിൽ കണ്ടെത്താൻ കഴിയുന്നുണ്ടോ? ഈ താഴ്മ ഇല്ലാത്തതുകൊണ്ട് സഭ ഞെരുക്കത്തിലൂടെയാണ് കടന്നുപോകുന്നത്. എന്തുകൊണ്ടാണ് നമ്മിൽനിന്നു വ്യത്യസ്തരും സമാന സ്വഭാവമില്ലാത്തവരുമായി സഭയിൽ ഉള്ളവരോട് അടുത്തിടപെഴകാനും അവരെ സ്നേഹിക്കാനും സമാധാനത്തിന്റെ ബന്ധത്തിൽ ഒരേ ആത്മാവിന്റെ ഭാഗമായിത്തീരാനും നമുക്ക് പ്രയാസമായി വരുന്നത്? മറ്റുള്ളവരാൽ നാം ഭാരപ്പെടുന്നത് എന്തുകൊണ്ടാണ്? നമ്മെ ഒന്നുമല്ലാതെ എണ്ണുന്ന താഴ്മ, അവസാനം എണ്ണപ്പെടുന്നതിൽ സന്തോഷിക്കുന്ന യേശുവിനെപ്പോലെ എല്ലാവരെയും സേവിക്കാനും അനുഗ്രഹിക്കാനും ആഗ്രഹിക്കുന്ന താഴ്മ നമ്മിൽ ഇല്ലാത്തതുകൊണ്ടല്ലേ? മറ്റുള്ളവർ നന്ദിയില്ലാത്തവരും അർഹത ഇല്ലാത്തവരുമായാലും അവരെ സഹിക്കുവാൻ നമുക്ക് സാധിക്കാത്തത് എന്തുകൊണ്ടാണ്?

യേശുവിനായി സന്തോഷത്തോടെ തന്നെത്തന്നെ നൽകി എന്ന് അവകാശപ്പെടുന്നവർക്ക് സ്വന്തം സഹോദരങ്ങളുടെ കാര്യത്തിൽ അങ്ങനെയാവാൻ പറ്റാത്തത് എന്തുകൊണ്ടാണ്? അതു യേശുവിന്റെ താഴ്മയ്ക്കുവേണ്ടി വിലകൊടുക്കാത്തതുകൊണ്ടും അതു മനസ്സിലാക്കാത്തതുകൊണ്ടുമല്ലേ? ഈ കണ്ടെത്തൽ ഒരു പുത്തൻ ഉണർവ് ദൈവത്തെ അന്വേഷിക്കാൻ നമ്മിൽ ഉണ്ടാക്കട്ടെ. അതുകൊണ്ട്, നമ്മെ അസഹ്യപ്പെടുത്താൻ ശ്രമിക്കുന്ന ഓരോ സഹോദരനെയും യേശു നമ്മെ പങ്കാളികളാക്കാൻ ആഗ്രഹിക്കുന്ന താഴ്മയിലേക്ക് നമ്മെ നയിക്കുന്ന കൃപയുടെ വഴികളായും നമ്മുടെ ശുദ്ധീകരണത്തിനുള്ള ഉപകരണങ്ങളായും കാണാം.

നാം അവകാശപ്പെടുന്ന യഥാർത്ഥമായ വിശുദ്ധി പരിശോധിക്കപ്പെടുന്നത് തികഞ്ഞുവരുന്ന താഴ്മ നമ്മിൽ എത്രത്തോളം എന്നതിന്റെ അടിസ്ഥാനത്തിലാണ്. ദൈവത്തിന്റെ വിശുദ്ധി നമ്മിൽ വസിക്കേണ്ടതിനും പ്രകാശിക്കേണ്ടതിനും താഴ്മ ആവശ്യമാണ്.

കപടവിശുദ്ധി തിരിച്ചറിയാനുള്ള പ്രധാന അടയാളം താഴ്മയില്ലയ്മ ആണ്.

വിശുദ്ധിയെ തിരയുന്ന ഓരോരുത്തരും തങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളണം. കാരണം മനപൂർവ്വമല്ലെങ്കിൽ പോലും ആത്മാവിൽ തുടങ്ങിയ കാര്യങ്ങൾ ജഡത്തിൽ പൂർത്തീകരിക്കപ്പെടാൻ സാധ്യതയുണ്ട്. ഒരിക്കലും പ്രതീക്ഷിക്കാത്തമേഖലകളിലായിരിക്കും നിഗളം നുഴഞ്ഞുകയറുന്നത്. നമ്മിലെ പരീശന് പ്രവേശിക്കാനാവാത്ത ഒരിടവുമില്ല. ദേവാലയത്തിൽ പോലും നിഗളത്തിനു തലപൊക്കാനാവും.

പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ നമുക്കു പരിചിതമാണല്ലോ. പരീശൻ



നിന്നുകൊണ്ട് തന്നോടുതന്നെ ദൈവമേ പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ മറ്റു മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനേപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു. നേടുന്നതിലെല്ലാം ദശാംശം കൊടുത്തുവരുന്നു എന്നിങ്ങനെ പ്രാർത്ഥിച്ചു. ചുങ്കക്കാരനോ ദൂരത്തുനിന്നു കൊണ്ട് സ്വർഗ്ഗത്തിലേക്ക് നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു. ദൈവമേ പാപിയായ എന്നോടു കരുണയുണ്ടാകണേ എന്നു പറഞ്ഞു. അവൻ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി. മറ്റവൻ അങ്ങനെയല്ല. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും എന്നു ഞാൻ നിങ്ങളോടു പറയുന്നു. (ലൂക്കോസ് 18 : 9 -14)

ദൈവത്തെ സ്തുതിക്കുമ്പോൾ പോലും നാം നമ്മെത്തന്നെ ഉയർത്താൻ സാധ്യതയുണ്ട്. പഴയകാലത്തിലെ പരീശൻ ചുങ്കക്കാരന്റെ വേഷമണിഞ്ഞ് നിഗളത്തോടെ തന്റെ ആഴമേറിയ പാപങ്ങൾ ഏറ്റുപറയുന്നു ! നമുക്ക് ചുറ്റുമുള്ള നമ്മെ താഴ്ത്തിക്കെട്ടുന്ന പരീശന്മാരെക്കാൾ നമ്മെ പ്രശംസിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നവരിലെ പരീശന്മാരിൽ നിന്നാണു നാം അപകടം നേരിടുന്നത്. ദൈവത്തിന്റെ കൃപനിറഞ്ഞ പ്രവൃത്തികൾക്ക് നന്ദിപറയുന്നതിലും പുകഴ്ത്തുന്നതിലും കൂടി ഒരു പക്ഷേ തന്നെത്താൻ അഭിനന്ദിക്കുകയാകാം ഈ പരീശൻ ചെയ്യുന്നത്. നിഗളത്തിനു പുകഴ്ത്തലിന്റെയും നുറുക്കത്തിന്റെയും വേഷം അണിയാനും സാധിക്കും!

വിശുദ്ധി അവകാശപ്പെടുന്ന എത്രയോ ആളുകൾ അവരുടെ അക്ഷമയും മുൻശുണ്ഠിയും സ്വയം നീതികരിക്കുന്ന പ്രസ്താവനകളും അറുത്തുമുറിച്ച വിധികളും കരുണയില്ലാത്ത വാക്കുകളും കൊണ്ട് അവരുടെ വിശുദ്ധിക്ക് യേശുവിന്റെ സൗമ്യതയുമായി ഒരു ബന്ധവുമില്ലന്ന് തെളിയിക്കുന്നവരാണ്.നമുക്കെല്ലാം തന്നെ വളരെ തകർന്നിരിക്കുന്ന അവസ്ഥകൾ ഉണ്ടായിട്ടുണ്ടാകാം. പക്ഷേ അതിൽ നിന്ന് എല്ലാം വ്യത്യസ്തമായി യേശുവിന്റെ മനസ്സിനും മനോഭാവത്തിനും ഉണ്ടായിരുന്ന സ്ഥിരമായ താഴ്മ ധരിച്ച അവസ്ഥ എത്രയോ മെച്ചമുള്ളതാണ്!

വിശുദ്ധിയുള്ള യേശുവാണ് താഴ്മയുള്ളവൻ. ഏറ്റവും വിശുദ്ധിയുള്ളവർ ഏറ്റവും താഴ്മയുള്ളവരും ആയിരിക്കും. സ്വന്തം കണ്ണിൽ ദൈവത്തിനു മുമ്പിൽ ഒന്നുമല്ലാതാകുമ്പോൾ നമ്മുടെ സഹജീവികളുടെ മുന്നിലും താഴ്മയുള്ളവരാകാതിരിക്കാൻ നമുക്കു സാധിക്കുകയില്ല. അപ്പോൾ ദൈവസാന്നിധ്യം, ചില പ്രത്യേക കാലങ്ങളിലും സമയങ്ങളിലും ഉള്ള ഒന്നാകാതെ നാം സ്ഥിരമായി വസിക്കേണ്ടതിന് നമ്മെ സ്ഥിരമായി സംരക്ഷിക്കുന്ന ഒന്നായി തീരും. നമ്മുടെ സഹജീവികളോടുള്ള നമ്മുടെ മനോഭാവവും ചിന്തകളും വാക്കുകളും ദൈവത്തോടുതന്നെയുള്ള നമ്മുടെ താഴ്മയുടെ പ്രതിഫലനമാണ് എന്നു ദൈവം നമ്മെ പഠിപ്പിക്കട്ടെ; അങ്ങനെ അവന്റെ മുമ്പാകെയുള്ള നമ്മുടെ താഴ്മയാണ് നമ്മുടെ സഹജീവികളുടെ മുമ്പിലും സ്ഥിരമായി താഴ്മയിൽ നിൽക്കാനുള്ള നമ്മുടെ ഒരേയൊരു ശക്തിയെന്നും അവിടുന്ന് നമ്മെ പഠിപ്പിക്കട്ടെ.

സ്വന്തം വിശുദ്ധിയിൽ അഹംഭാവമുള്ളവരാകുന്നതിനേക്കാൾ അപകടമുള്ള മറ്റൊരു നിഗളമില്ല. ഞാൻ നിന്നെക്കാൾ വിശുദ്ധിയുള്ളവനാണ് എന്ന് എപ്പോഴെങ്കിലും പറയുകയോ ചിന്തിക്കുകയോ ചെയ്യുന്നതല്ലത്. തീർച്ചയായും അങ്ങനെയുള്ള ചിന്ത അകറ്റിനിർത്തേണ്ടതാണ്. പക്ഷേ, സ്വന്തം നേട്ടത്തിൽ പ്രസാദിക്കുന്ന മറ്റുള്ളവരെക്കാളും എത്രത്തോളം താൻ മുമ്പനാണ് എന്ന് അന്വേഷിക്കുന്ന ആത്മാവിന്റെ മറഞ്ഞുകിടക്കുന്ന ഒരു

സ്വന്തം വിശുദ്ധിയെക്കുറിച്ച് നിഗളമുള്ള ക്രിസ്ത്യാനി സ്വന്തം വാക്കുകളേക്കാൾ അതിന്റെ ധ്വനിയിലും മറ്റുള്ളവരോടു സംസാരിക്കുന്ന രീതിയിലുമായിരിക്കും തന്നെത്തന്നെ വെളിപ്പെടുത്തുന്നത്. സ്വയത്തിന്റെ ഈ ശക്തിയെ ആത്മീയ വിവേചനശക്തിയുള്ള ഒരാൾക്ക് എളുപ്പം തിരിച്ചറിയാൻ സാധിക്കും. സ്വയം സ്വർഗ്ഗീയ ജീവിതം അവകാശപ്പെടുന്നവർ പലരും സ്വർഗ്ഗീയഫലങ്ങൾ വഹിക്കുന്നില്ലെന്നുള്ളത് ഈ ലോകം പോലും സൂക്ഷ്മമായി നിരീക്ഷിച്ച് തെളിവായി ചൂണ്ടിക്കാണിക്കുന്നു.

ശീലം നാം അറിയാതെ വളരുന്നതാണത്. അങ്ങനെയൊരു ആത്മാവ് തിരിച്ചറിയപ്പെടുന്നത് സ്വയപ്രസ്താവനകളിലോ ആത്മപ്രശംസകളിലോ അല്ല മറിച്ച് ദൈവത്തെ ദർശിച്ച ഒരുവന്റെ അടയാളമായ സ്വയം ഇല്ലാതാകൽ എന്ന ഗുണത്തിന്റെ കുറവിലൂടെയാണ്.

ഇയ്യോബ് ദൈവത്തോടു പറഞ്ഞു: ഞാൻ നിങ്ങളെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു. (42: 5-6)

യെശയ്യാവ് പറഞ്ഞു: എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ മധ്യേ വസിക്കുന്നു; എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ (യെശയ്യാവ് 6:5)

പത്രോസ് കർത്താവിനോട്: കർത്താവേ ഞാൻ പാപിയായ മനുഷ്യനായതുകൊണ്ട് എന്നെ വിട്ടുപോകണമേ എന്നു പറഞ്ഞു (ലൂക്കൊസ് 5 :8 )

പൗലൊസ് ഏറ്റുപറഞ്ഞു: എന്നിൽ എന്നാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു. നന്മ ചെയ്‌വാനുള്ള താത്പര്യം എനിക്കുണ്ട് ; പ്രവൃത്തിക്കുന്നതോ ഇല്ല . (റോമർ 7 : 18)

യോഹന്നാൻ പറഞ്ഞത്: അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു (വെളിപാട് 1 :17)


സ്വന്തം വിശുദ്ധിയെക്കുറിച്ച് നിഗളമുള്ള ക്രിസ്ത്യാനി സ്വന്തം വാക്കുകളേക്കാൾ അതിന്റെ ധ്വനിയിലും മറ്റുള്ളവരോടു സംസാരിക്കുന്ന രീതിയിലുമായിരിക്കും തന്നെത്തന്നെ വെളിപ്പെടുത്തുന്നത്. സ്വയത്തിന്റെ ഈ ശക്തിയെ ആത്മീയ വിവേചനശക്തിയുള്ള ഒരാൾക്ക് എളുപ്പം തിരിച്ചറിയാൻ സാധിക്കും. സ്വയം സ്വർഗ്ഗീയ ജീവിതം അവകാശപ്പെടുന്നവർ പലരും സ്വർഗ്ഗീയഫലങ്ങൾ വഹിക്കുന്നില്ലെന്നുള്ളത് ഈ ലോകം പോലും സൂക്ഷ്മമായി നിരീക്ഷിച്ച് തെളിവായി ചൂണ്ടിക്കാണിക്കുന്നു.

അല്ലയോ സഹോദരരേ, ശ്രദ്ധാലുക്കളായിരുന്നാലും: വിശുദ്ധിയിലേക്ക് എന്ന് നിനച്ചു നാം ചെയ്യുന്ന ഓരോ മുന്നേറ്റത്തിലും ഒപ്പം താഴ്മ വർദ്ധിക്കുന്നതും ഒരു ലക്ഷ്യമാക്കാൻ നാം ശ്രമിക്കുന്നില്ലെങ്കിൽ അവസാനദിവസം നാം പുതിയ ഉപദേശങ്ങളിലും മനോഹരമായ ചിന്തകളിലും ഉദാത്തമായ പ്രവൃത്തികളിലും മാത്രം സന്തോഷിക്കുന്നവരായിരുന്നുവെന്നും അതേസമയം ദൈവസാന്നിധ്യത്തിന്റെ ഉറപ്പായ അടയാളമായ സ്വയത്തിന്റെ ഇല്ലാതാകൽ നമ്മിൽ കുറവായിരുന്നുവെന്നും ഞെട്ടലോടെ തിരിച്ച

*(ശേഷം പേജ് 36 ൽ)*







## വിശുദ്ധ ജീവിതം -14

(കഴിഞ്ഞ ലക്കം തുടർച്ച..)

# വിശ്വാസം: കൃപയും വരവും

**സാമുവൽ ലോഗൻ ബ്രെങ്കിൾ**

**വായനഭാഗം:**
**എബ്രായർ 6 : 12, 11 : 6, 10 : 36, 37**

**വിശ്വാസം** കൃപയായും വരമായും ലഭിക്കുന്നതാണ്. കൃപയാലുള്ള വിശ്വാസം എല്ലാവർക്കും നൽകപ്പെട്ടിരിക്കുന്നു. അത് ഒരുവനെ ദൈവത്തിങ്കലേക്കു നയിക്കുന്നു. എന്നാൽ വരമായ വിശ്വാസം പരിശുദ്ധാത്മാവ് നൽകുന്നതാണ്. കൃപയാലുള്ള വിശ്വാസത്താൽ ദൈവം മറുപടി നൽകുമെന്നു പ്രതീക്ഷിക്കുന്നു. വരമായ വിശ്വാസം മറുപടി ലഭിച്ചിരിക്കുന്നു എന്നു വിശ്വസിപ്പാൻ ശക്തി നൽകുന്നു. അതിനാൽ വിശ്വാസത്തിന്റെ ഉറപ്പ് എന്നും അതിനെക്കുറിച്ച് പറയുന്നു. ദൈവത്തിൽനിന്നു ലഭിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പ്രാർത്ഥിച്ചതിന്റെശേഷം അതു ലഭിച്ചിരിക്കുന്നുവെന്നു വിശ്വസിക്കുകയും എന്നാൽ അതു ലഭിക്കാതെ പോകുകയും ചെയ്തിട്ടുള്ളതിനാൽ അനേകരുടെയും വിശ്വാസം ഇളകിപോയിട്ടുണ്ട്. അതിനെക്കുറിച്ച് വിശ്വസിക്കുന്നതിനുള്ള വിശ്വാസം വരമായി ലഭിക്കുന്നതിനു മുൻപ് പ്രാപിച്ചിരിക്കുന്നു എന്നു സ്വന്തം ഹൃദയത്തിൽ നിർണയിക്കുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. ഒരാൾ ഒരുകാര്യത്തിൽ വിശ്വസിച്ച് ഉറച്ചുകൊള്ളുന്നതിനുള്ള വിശ്വാസം ദൈവത്തിൽനിന്നു വരമായി ലഭിക്കുന്നതുവരെ പ്രാർത്ഥനയിൽ കാത്തിരിക്കേണ്ടതാണ്. രക്ഷയ്ക്കുള്ള വിശ്വാസത്തെക്കുറിച്ച് ഇതു ശരിയാണ്. ആ വിശ്വാസം ഹൃദയത്തിൽ ഉളവാകുന്നതിനു മുൻപ് വിശ്വസിക്കുന്നതിന് മനുഷ്യരെ നിർബന്ധിക്കുക ശരിയല്ല. അപ്രകാരം മാനുഷിക പ്രേരണയിൽ ഒരുവൻ വിശ്വസിച്ചാൽ പ്രയാസങ്ങളും പ്രതികൂലങ്ങളും വരുമ്പോൾ അവൻ ഇടറിപ്പോവുകയും തനിക്കു ലഭിച്ചു എന്നു നേരത്തെ വിശ്വസിച്ച രക്ഷയെക്കുറിച്ച് സംശയിക്കുവാൻ ഇടയാകുകയും ചെയ്യും.

എന്നാൽ ഒരുവൻ തന്റെ പാപത്തെക്കുറിച്ച് യഥാർത്ഥമായി അനുതപിച്ച് ഏറ്റുപറയുകയും പാപമോചനത്തിനും രക്ഷയ്ക്കുമായി യേശുക്രിസ്തുവിലേക്ക് അടുത്തുവരുകയും ചെയ്താൽ തന്റെ അടുക്കൽ വരുന്ന ഒരുത്തരെയും തള്ളിക്കളയാത്ത യേശുവിൽ വിശ്വസിച്ച് ആശ്രയിച്ചുകൊള്ളുവാൻ നാം അവനെ സഹായിക്കേണ്ടതാണ്. രക്ഷയ്ക്ക് ആധാരമായ വിശ്വാസം അവനു നൽകുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് തന്റെ പ്രവൃത്തി അവനിൽ നിവർത്തിയാകേണ്ടതിന് നാം അനുവദിച്ചുകൊടുക്കണം. ആത്മാവിനാൽ നടത്തപ്പെടുന്ന ഒരു വേലക്കാരനു മാത്രമേ ആത്മാക്കളെ രക്ഷയിലേക്കു നടത്തുവാൻ ഉപയോഗിക്കേണ്ട വാക്കുകൾ തക്കസമയത്ത് പറയുവാൻ കഴിയുകയുള്ളൂ. അതിനാൽ ദൈവത്തിന്റെ ദാനമായ വിശ്വാസം ഉള്ളത്തിൽ ലഭിക്കുന്നതുവരെ നാം ക്ഷമയോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതു വൈകിയാലും അതിനായി കാത്തിരിക്കുക; അതു വരും; നിശ്ചയം; താമസിക്കുകയുമില്ല (ഹബക്കൂക് 2 : 3).

നമ്മുടെ പ്രാർഥനയുടെ മറുപടി താമസിക്കുന്നതുകൊണ്ട് ദൈവം നമ്മുടെ അപേക്ഷ തള്ളിക്കളഞ്ഞു എന്നർത്ഥമില്ല. മടുത്തുപോകാതെ നാം മുട്ടിക്കൊണ്ടിരിക്കുമെങ്കിൽ മറുപടി ലഭിക്കും. നിശ്ചയം.

(തുടരും)

# നിങ്ങളാണോ ദൈവത്തിന്റെ ഭാര്യ?

**ശീതകാലത്തെ** തണുത്തു മരവിച്ച ഒരു പ്രഭാതം. കാലിൽ ഷൂസില്ലാത്ത ഒരു കൊച്ചുകുട്ടി കുളിർന്നു വിറച്ച് ഒരു ചെരിപ്പു കടയുടെ മുമ്പിൽ അകത്തേക്കു നോക്കി നിൽക്കുകയാണ്. നീ എന്തു ചെയ്യുകയാ? ഒരു വനിത ചോദിച്ചു. എനിക്ക് ഒരു ജോഡി ഷൂസു തരാൻ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുകയാ ... നിഷ്കളങ്കമായ മറുപടി.

ആ സ്ത്രീ അവനെ കൈയ്ക്കു പിടിച്ച് കടയ്ക്കുള്ളിലേക്ക് ആനയിച്ചു. ആ കുട്ടിയുടെ പാകത്തിനുള്ള അരഡസൻ സോക്സ് ആദ്യം ഓർഡർ ചെയ്തു. പിന്നെ അവനെ കടയുടെ പിന്നിലേക്കു കൊണ്ടുപോയി അവന്റെ കാലുകൾ കഴുകി. വെള്ളം ഒപ്പിയ ശേഷം വീണ്ടും അവനെ കടയിലേക്കു കൊണ്ടുവന്ന് ഒരു ജോഡി സോക്സുകൾ ഇടുവിച്ചു. പിന്നെ ഒരു ജോഡി ഷൂസും വാങ്ങി അണിയിച്ചു. ബാക്കി സോക്സുകൾ കൈയിൽ കൊടുത്തശേഷം ഇപ്പോൾ എങ്ങനെയുണ്ട് സുഖം തോന്നുന്നോ? എന്നവന്റെ തലയിൽ തടവി ചോദിച്ചു.

ആ വനിത പണം കൊടുത്തു പോകാനായി തിരിഞ്ഞപ്പോൾ അമ്പരന്നുപോയ കുട്ടി അവരുടെ കൈയ്ക്കു പിടിച്ചു നിർത്തി മുഖത്തുനോക്കി നിറകണ്ണുകളോടെ ചോദിച്ചു: നിങ്ങളാണോ ദൈവത്തിന്റെ ഭാര്യ? .

ദൈവത്തോടു ചോദിച്ച കാര്യത്തിന് വേഗത്തിൽ ഒരു സ്ത്രീയിലൂടെ ഉത്തരം ലഭിച്ചപ്പോൾ അവർ ദൈവത്തിന്റെ ഭാര്യയാണെന്നാണ് നിഷ്കളങ്കനായ കുട്ടി ധരിച്ചത്. ദൈവത്തിനു വരാൻ അസൗകര്യം ഉള്ളതുകൊണ്ട് ഭാര്യയെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ അയച്ചുവെന്നും അവൻ ചിന്തിച്ചുപോയി.

നമുക്ക് മറ്റുള്ളവർക്കായി ഒരു ഹൃദയം ഉണ്ടെങ്കിൽ അവരുടെ ചില പ്രാർത്ഥനകൾക്കെങ്കിലും നമ്മിലൂടെ മറുപടി നൽകാൻ ദൈവം നമ്മെ അനുവദിക്കും. എന്നാൽ, കേവലം ഒരു സഹായം നൽകുന്ന മനോഭാവത്തിലല്ല മറിച്ച് ദൈവത്തോടുള്ള സ്നേഹത്തിലായിരിക്കണം നാം പ്രവർത്തിക്കേണ്ടതെന്നു പൗലൊസ് ശ്ലീഹാ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏൽപ്പിച്ചാലും സ്നേഹമില്ലെങ്കിൽ ഒരു പ്രയോജനവുമില്ല. എന്നാണദ്ദേഹം പറയുന്നത്. (1 കൊരിന്ത്യർ 13 : 3). ദൈവം വിലമതിക്കുന്ന പ്രവർത്തനങ്ങളെ സ്നേഹ പ്രയത്നങ്ങൾ എന്നാണദ്ദേഹം പേരിട്ടുവിളിക്കുന്നത് (1 തെസ്സലൊനി. 1 : 3).

എന്നാൽ ഇന്നു നടക്കുന്ന മിക്ക ക്രിസ്തീയ ശുശ്രൂഷകളും പ്രവർത്തനങ്ങളും സ്നേഹത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണോ? പല പ്രവർത്തനങ്ങളും നമ്മുടെ സ്വയംതൃപ്തിക്കു വേണ്ടിയുള്ള വയല്ലേ?





ഈ കഥ കേൾക്കൂ: ഒരു ഞായറാഴ്ച. പകലത്തെ ഒട്ടേറെ പ്രവർത്തനങ്ങൾക്കു ശേഷം ആ സഭാ ശുശ്രൂഷകൻ സന്ധ്യയ്ക്കു തന്റെ ചാരുകസേരയിൽ വന്നിരുന്നതേയുള്ളൂ. ക്ഷീണം മൂലം അദ്ദേഹത്തിന്റെ കണ്ണുകൾ അറിയാതെ അടഞ്ഞുപോയി. ഉറക്കത്തിലേക്കു വഴുതി വീണ അദ്ദേഹം ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ ഒരു ദൈവദൂതൻ അടുത്തു വന്നു. ആ മാലാഖ ചോദിച്ചു: ആടെ, നീ ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടല്ലോ. ഇതെല്ലാം ദൈവത്തോടുള്ള സ്നേഹത്തിൽനിന്നാണോ ചെയ്യുന്നത്? നിനക്ക് യേശുവിനോട് എത്രമാത്രം സ്നേഹമുണ്ട്?

ശുശ്രൂഷകൻ: എന്താ സംശയം? നൂറു ശതമാനം .

മാലാഖ: ഞാൻ ഒന്നു പരിശോധിച്ച് നോക്കട്ടെ?

ശുശ്രൂഷകൻ: സമ്മതം .

അദ്ദേഹം തന്റെ ഹൃദയമെടുത്തു മാലാഖയെ ഏൽപ്പിച്ചു. മാലാഖ ഹൃദയത്തിന്റെ ഒരു കഷണം അടർത്തിയെടുത്തു തന്റെ ക്രൂസിബിളിലിട്ടു ചൂടാക്കി ചില പരീക്ഷണങ്ങൾ നടത്തിയശേഷം പരിശോധനാറിപ്പോർട്ട് തയാറാക്കി ശുശ്രൂഷകനെ ഏൽപ്പിച്ചു. പിന്നെ അപ്രത്യക്ഷനായി. ശുശ്രൂഷകൻ ആ റിപ്പോർട്ട് ഇങ്ങനെ വായിച്ചു:

**പ്രവർത്തനത്തിനു പിന്നിലെ പ്രേരണ:**

യാത്ര ചെയ്യുന്നതിലും ആളുകളെ പരിചയപ്പെടുന്നതിലും പുതിയ സ്ഥലം കാണുന്നതിലുമുള്ള സന്തോഷം- 30 %

പ്രസംഗിക്കാൻ അവസരം ലഭിക്കുന്നതിലുള്ള തൃപ്തി - 30 %

ആളുകളുടെ ബഹുമാനം ലഭിക്കുന്നതിലുള്ള സന്തോഷം - 15 %

ആളുകൾ ഉപദേശം ചോദിക്കുന്നതിലുള്ള താൽപര്യം - 10 %

ജനത്തെ ഭരിക്കുന്നതിലും അവരുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിനുമുള്ള ആഗ്രഹം- 10 %

യേശുവിനോടുള്ള സ്നേഹം- 5 %

ഇതു കഥയായിരിക്കാം. പക്ഷേ, ഇതിൽ ഒട്ടേറെ കാര്യങ്ങളില്ലേ? ഈ പരിശോധനാ റിപ്പോർട്ടിലൂടെ കടന്നുപോയ ശേഷം തിരക്കിട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നമ്മിൽ എത്രപേർക്ക് നെഞ്ചിൽ കൈവച്ചു പറയാൻ കഴിയും- ഇതിൽ വാസ്തവമില്ലെന്ന്? നമ്മുടെ ശുശ്രൂഷകളെല്ലാം സ്നേഹത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണോ?

സ്വയത്തിന്റെ കലർപ്പില്ലാത്ത, ദൈവത്തോടുള്ള സ്നേഹത്തിൽ മാത്രം അധിഷ്ഠിതമായ സ്നേഹ പ്രയത്ന ങ്ങളായി നമ്മുടെ പ്രവർത്തനങ്ങൾ മാറിയിരുന്നെങ്കിൽ!

ഈ പരിശോധനാ റിപ്പോർട്ടിലൂടെ കടന്നുപോയശേഷം തിരക്കിട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നമ്മിൽ എത്ര പേർക്ക് നെഞ്ചിൽ കൈവച്ചു പറയാൻ കഴിയും-ഇതിൽ വാസ്തവമില്ലെന്ന്? നമ്മുടെ ശുശ്രൂഷകളെല്ലാം സ്നേഹത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണോ? സ്വയത്തിന്റെ കലർപ്പില്ലാത്ത, ദൈവത്തോടുള്ള സ്നേഹത്തിൽ മാത്രം അധിഷ്ഠിതമായ സ്നേഹപ്രയത്നങ്ങളായി നമ്മുടെ പ്രവർത്തനങ്ങൾ മാറിയിരുന്നെങ്കിൽ!

❖

# കൃപ : യഥാർത്ഥവും വ്യാജവും

**നമ്മു**ടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ ദൈവം നമ്മോടു ക്ഷമിക്കുന്നുവെന്നതാണ് കൃപയുടെ ആന്തരാർത്ഥം . (1 യോഹ 1:9, 2:1-2) യേശുക്രിസ്തുവെന്ന ഏകൻ മുഖാന്തരം നമുക്ക് ജീവനിൽ വാഴുവാൻ സാധിക്കുന്നതും കൃപ മുഖാന്തരമത്രേ. (റോമർ 5 :17) യേശുക്രിസ്തുവിൽ, ദൈവത്തിൽനിന്ന് ഏകജാതനായവന്റെ തേജസ്സ് - കൃപയും സത്യവും നിറഞ്ഞ തേജസ്സുതന്നെ-വസിച്ചിരുന്നു . ഇതു കർത്താവിൽ എന്തു ഫലമുളവാക്കി? അവിടുത്തേക്കു സകലവും സാധ്യമായിരുന്നു എന്നതായിരുന്നു അതിന്റെ ഫലം. അവിടുത്തെ നിറവിൽനിന്നു നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു. ന്യായപ്രമാണം മോശ മുഖാന്തരം വന്നുവെങ്കിൽ കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരമത്രേ വന്നത്. (യോഹ 1:14-17)

ക്രിസ്തുവിന്റെ നിറവിൽനിന്ന് നമുക്ക് കൃപ ലഭിച്ചതുകൊണ്ട് ഒന്നാമത് നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു. രണ്ടാമത് യേശുവിലൂടെ ലഭിച്ച സത്യം അനുസരിക്കുവാൻ നമുക്കു ശക്തി ലഭിക്കുകയും ചെയ്യുന്നു. ഈ ശക്തിയിലൂടെ ദൈവത്തിന്റെ പ്രസാദകരമായ ഹിതം മുഴുവനായും അനുസരിക്കുവാൻ റോമിലെ ക്രിസ്ത്യാനികളെ പൗലൊസ് പ്രബോധിപ്പിക്കുന്നു. ഈ പ്രബോധനം അനേകം അധ്യായങ്ങളിൽ നാം കാണുന്നു. അതിലൊരു ഭാഗമാണ് റോമർ 12. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ ദൈവഹിതപ്രകാരം ലഭിക്കുന്ന കൃപയിലൂടെ നമുക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ അതിരറ്റവ തന്നെ.

എന്നാൽ, ഈ കൃപയെ വ്യാജമാക്കി മാറ്റുന്നവർ അതിൽനിന്നും സത്യത്തെ വേർതിരിച്ചു മാറ്റിക്കളയുന്നു. അനുസരണമെന്നത് ന്യായപ്രമാണത്തിൽ മാത്രം ഉള്ള ഒന്നാണെന്ന് അവർ ചിന്തിക്കുന്നു. യൂദായുടെ ലേഖനത്തിൽ ഇവരെപ്പറ്റി പറഞ്ഞിട്ടുള്ളതുപോലെ ഇക്കൂട്ടർ പാപത്തിൽ ജീവിക്കുന്നു (യൂദാ 4). നിങ്ങൾ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളുടെ മേൽ കർത്തൃത്വം നടത്തുകയില്ല എന്നു പൗലൊസ് പറയുന്ന ഭാഗം ഏറ്റവും പ്രാധാന്യമർഹിക്കുന്ന സത്യമാണ് (റോമർ 6 : 14). ദൈവം തന്നെ ഒരു അപ്പസ്തോലനായി വിളിച്ചതിനെപ്പറ്റി പൗലൊസ് പ്രസ്താവിക്കുമ്പോൾ അദ്ദേഹം ഇപ്രകാരം എഴുതുന്നു: അവനാലല്ലോ ഞങ്ങൾ അവന്റെ നാമത്തിനായി സകല ജാതികളുടെയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിന്ന് കൃപയും അപ്പോസ്തലത്വവും പ്രാപിച്ചത് (റോമർ 1:6).

അനുസരണം കൂടാതെ പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ലഭിക്കുകയില്ലെന്ന് ഈ ലേഖനത്തിൽ നാം തുടർന്നുവായിക്കുന്നു(റോമർ 6:17-18 : 22). തങ്ങൾ പഠിച്ച ഉപദേശത്തിനെതിരായി ഇടർച്ചകളും ദ്വന്ദ്വപക്ഷങ്ങളും ഉണ്ടാക്കുന്നവരെപ്പറ്റി പൗലൊസ് തുടർന്ന് എഴുതുന്നുണ്ട്. അവർ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെയല്ല, തങ്ങളുടെ വയറിനെയത്രേ സ്നേഹിക്കുന്നത്. നിങ്ങളുടെ അനുസരണം പരക്കെ എല്ലാവർക്കും പ്രസിദ്ധമായിരിക്കുന്നു. അതുകൊണ്ടു ഞങ്ങൾ നിങ്ങൾ നിമിത്തം സന്തോഷിക്കുന്നു (റോമർ 16 : 17-19). റോമിലെ സഭ കൃപമേൽ കൃപ ലഭിച്ച് ഈ പൂർണ്ണതയിലൂടെ എന്തു വലിയ നേട്ടം കരസ്ഥമാക്കിയെന്ന് ഇവിടെ നാം കാണുന്നു. ഇങ്ങനെ നാം വായിക്കുന്നു. ആകയാൽ പ്രശംസ എവിടെ? അതു പൊയ്പോയി. ഏതുമാർഗത്തിൽ? കർമ്മമാർഗത്തിലോ? അല്ല, വിശ്വാസ മാർഗത്താലത്രേ . ഇവിടെ നമുക്ക് ഇപ്രകാരം ഒരു ചോദ്യം ചോദിക്കാം. കൃപ എന്നതിന് എന്നെ സംബന്ധിച്ചിടത്തോളം എന്താണ് അർത്ഥം? എന്റെ ജീവിതത്തിൽ അതിന്റെ അർത്ഥം ഇതാണ്: സുവിശേഷം മുഖാന്തരം എനിക്ക് എന്തുതന്നെ പ്രവർത്തിപ്പാൻ കഴിവുലഭിച്ചാലും അതിൽ ഞാൻ പ്രശംസിക്കുന്നില്ല. എന്നെ സാത്താന്റെ കെണിയിൽനിന്നു വിടുവിക്കുന്ന ഒരു സംരക്ഷക ശക്തിയാണത് (1 തിമോഥി 3 : 6-7, 2 തിമോഥി 2 : 26). സാത്താന്റെ കെണി ഒന്നാമത് ഒരുവൻ തന്നത്താൻ ഉയർത്തുന്നതാണ്. തീക്ഷ്ണതയുള്ള ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അവനു എപ്പോഴും സ്വയം ഉയർത്തുവാനുള്ള ആപൽസാധ്യതയുണ്ട്. ദൈവം അവന്റെ വേലയെ അനുഗ്രഹിക്കുന്നപക്ഷം അതു വിശേഷിച്ചും ശരിയാണ്. ഈ കാര്യത്തിൽ നാം പ്രത്യേകം കരുതലുള്ളവരായിരിക്കണം. ദൈവം നമ്മെ എത്ര കൂടുതൽ അനുഗ്രഹിക്കുന്നുവോ അത്രയും കൂടുതൽ നാം വിനയപ്പെടുകയാണ് വേണ്ടത്.

പൗലൊസിന്റെ ജീവിതത്തിൽ ഇതിനൊരു സവിശേഷ ദൃഷ്ടാന്തം നാം കാണുന്നു. എന്നാൽ ഞാനല്ല, എന്നോടു കൂടിയുള്ള ദൈവകൃപയത്രേ എന്നു അദ്ദേഹം പറയുന്നു. ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല. (1 കോരി. 15 : 10) തനിക്കു ലഭിച്ച വെളിപാടുകളുടെ ആധിക്യം നിമിത്തം താൻ നിഗളിച്ചു പോകാതിരിക്കേണ്ടതിന് ദൈവം

തീക്ഷ്ണതയുള്ള ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അവനു എപ്പോഴും സ്വയം ഉയർത്തുവാനുള്ള ആപൽസാധ്യതയുണ്ട്. ദൈവം അവന്റെ വേലയെ അനുഗ്രഹിക്കുന്ന പക്ഷം അതു വിശേഷിച്ചും ശരിയാണ്. ഈ കാര്യത്തിൽ നാം പ്രത്യേകം കരുതലുള്ളവരായിരിക്കണം. ദൈവം നമ്മെ എത്ര കൂടുതൽ അനുഗ്രഹിക്കുന്നുവോ അത്രയും കൂടുതൽ നാം വിനയപ്പെടുകയാണ് വേണ്ടത്. പൗലൊസിന്റെ ജീവിതത്തിൽ ഇതിനൊരു സവിശേഷ ദൃഷ്ടാന്തം നാം കാണുന്നു. എന്നാൽ ഞാനല്ല, എന്നോടു കൂടിയുള്ള ദൈവകൃപയത്രേ എന്നു അദ്ദേഹം പറയുന്നു.

തനിക്ക് ജഡത്തിൽ ഒരു ശൂലം നൽകിയതായി 2 കോരി. 12ൽ അദ്ദേഹം പ്രസ്താവിക്കുന്നു. അതു നീങ്ങിപ്പോകുവാൻ അദ്ദേഹം മൂന്നുവട്ടം അപേക്ഷിച്ചു. എന്നാൽ എന്റെ കൃപ നിനക്കുമതി എന്നതായിരുന്നു ദൈവം നൽകിയ മറുപടി. ഈ ശൂലം കൂടാതെ തന്നെ താഴ്മയുള്ളവനായിരിപ്പാൻ കഴിയുമെന്ന് പൗലൊസ് വിശ്വസിച്ചിരുന്നു. എന്നിട്ടും അദ്ദേഹത്തിന് അതു ആവശ്യമാണെന്നു ദൈവം കണ്ടു. നമ്മെ വിശേഷരീതിയിൽ ദൈവം അനുഗ്രഹിക്കുമ്പോൾ ഇപ്രകാരമാണ് സംഭവിക്കുന്നത്. നാം വിനയത്തിൽ ഉറച്ചുനിൽക്കുവാനായി പീഡനങ്ങളും ശിക്ഷകളും ദൈവം നമുക്കു നൽകും. നമുക്ക് ഇപ്പോഴുള്ള വിനയം കാത്തുകൊണ്ടാൽ മാത്രം പോരാ. വിനയത്തിൽ നാം വളരുകയും വേണം. അപ്പോൾ നമ്മുടെ

നിങ്ങൾ താഴ്മയിൽ എത്ര മാത്രം വളരുന്നുവോ അത്രയ്ക്കു നിങ്ങളുടെ ശുശ്രൂഷയുടെ അഭിഷേകവും വർധിക്കും. അഭിഷേകം നിങ്ങളുടെ തീക്ഷ്ണതയെ കെടുത്തുകയില്ല. നേരെമറിച്ച് അതു ദൈവികമാർഗത്തിൽ കൂടുതൽ വളരുവാൻ ഇടയാക്കും. തന്മൂലം നിങ്ങൾ സംസാരിക്കുന്നത് കേൾക്കുന്നവർക്ക് നിങ്ങളിൽ കൂടുതൽ വിശ്വാസം ഉളവാകുകയും നിങ്ങളുടെ വാക്കുകൾ അധികം ഫലം പുറപ്പെടുവിക്കുകയും ചെയ്യും. ഇതു ദൈവികമായ നിങ്ങളുടെ വളർച്ചയുടെ ഒരു ഭാഗമാണ്. പൂർണ്ണഹൃദയത്തോടെ ജീവിക്കുന്ന എല്ലാ ആളുകൾക്കും കൃപയിൽ വളരുവാൻ സമയമാവശ്യമാണ്.

മാനുഷികമായ ബലത്തിൽനിന്നു നാം വിടുവിക്കപ്പെടുകയും നാം ദൈവത്തിന് അധികം ഫലം കായ്ക്കുകയും ചെയ്യും.

ദൈവ സ്വഭാവത്തിനായി തീക്ഷ്ണതയോടെ ജാഗരിക്കുന്ന ചില വ്യക്തികൾ സംസാരിക്കുന്നത് ചിലപ്പോൾ നമുക്ക് കേൾക്കുവാൻ കഴിയും. അവരെ കേൾക്കുന്നത് നല്ലതാണ്. ദൈവ സ്വഭാവത്തിനായുള്ള ഈ തീക്ഷ്ണത വളരെ പ്രത്യാശ നൽകുന്നു. എന്നാൽ മാനുഷിക ശക്തിയിൽനിന്നുള്ള വാക്കുകളും നാം കേൾക്കാറുണ്ട്. അപ്രകാരം പറയപ്പെടുന്ന വാക്കുകൾക്കാകട്ടെ മുൻപ് അവർ താഴ്മയിൽ വളർന്ന കാലത്തുണ്ടായിരുന്ന അഭിഷേകം ഉണ്ടായിരിക്കില്ല. നിങ്ങൾ താഴ്മയിൽ എത്രമാത്രം വളരുന്നുവോ അത്രയ്ക്കു നിങ്ങളുടെ ശുശ്രൂഷയുടെ അഭിഷേകവും വർധിക്കും. അഭിഷേകം നിങ്ങളുടെ തീക്ഷ്ണതയെ കെടുത്തുകയില്ല. നേരെമറിച്ച് അതു ദൈവികമാർഗത്തിൽ കൂടുതൽ വളരുവാൻ ഇടയാക്കും. തന്മൂലം നിങ്ങൾ സംസാരിക്കുന്നത് കേൾക്കുന്നവർക്ക് നിങ്ങളിൽ കൂടുതൽ വിശ്വാസം ഉളവാകുകയും നിങ്ങളുടെ വാക്കുകൾ അധികം ഫലം പുറപ്പെടുവിക്കുകയും ചെയ്യും. ഇതു ദൈവികമായ നിങ്ങളുടെ വളർച്ചയുടെ ഒരു ഭാഗമാണ്. പൂർണ്ണഹൃദയത്തോടെ ജീവിക്കുന്ന എല്ലാ ആളുകൾക്കും കൃപയിൽ വളരുവാൻ സമയമാവശ്യമാണ്. കൃപയേയും സത്യത്തേയും സ്നേഹിക്കുന്നവർ അപ്രകാരമുള്ള സഹോദരന്മാരെപ്പറ്റി സന്തോഷിക്കുന്നു.

1 കൊരിന്ത്യർ 3 : 4-11 വാക്യങ്ങളിൽ കൊരിന്ത്യക്രിസ്ത്യാനികൾ തങ്ങളിൽ വലിയവൻ ആരെന്നതിനെപ്പറ്റി തർക്കിച്ചിരുന്നതായി നാം വായിക്കുന്നു. ഇപ്രകാരം തങ്ങൾ ജഡികന്മാരും ക്രിസ്തുവിൽ ശിശുക്കളുമാണെന്ന് അവർ തെളിയിച്ചു. ഞാൻ നട്ടു; അപ്പൊല്ലോസ് നനച്ചു. ദൈവമത്രേ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല. നടുന്നവനും നനയ്ക്കുന്നവനും ഒരുപോലെ. ഓരോരുത്തന് തന്താന്റെ അധ്വാനത്തിന് ഒത്തവണ്ണം കൂലി കിട്ടും എന്നു പൗലൊസ് എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക.

ഒത്തുചേർന്ന് പ്രവർത്തിക്കുന്ന നമ്മുടെ ജീവിതത്തിന്മേൽ കൃപ വ്യാപരിക്കുന്നതിന്റെ ഫലം എന്തായിരിക്കും? അതു നമ്മെ ഭിന്നതയിൽനിന്നു സംരക്ഷിക്കും. സാത്താന്റെ കെണിയിൽ അകപ്പെടാതെ വിടുവിക്കുകയും ചെയ്യും. താഴ്മയുള്ളവരുടെ പക്കൽ ജ്ഞാനമുണ്ട് . സദൃശ 11 : 2. സങ്കീ. 119 : 71, 75. എന്റെ വിനയത്തിന്റെ ഏറ്റക്കുറച്ചിലനുസരിച്ചത്രേ ഞാൻ നടുന്നതിനെ ദൈവം വളരുമാറാക്കുന്നത്.

❖





# ദൈവരാജ്യത്തിൽ ഒരേയൊരു ശബ്ദം മാത്രം

**വാച്ച്മാൻ നീ**

**രാജ്യം** എന്ന വാക്കിന് എന്താണർത്ഥം? തീർച്ചയായും അതൊരു രാജാവിന്റെ അധികാരമണ്ഡലമാണ്. അദ്ദേഹത്തിന്റെ അധികാരത്തിനും ഭരണത്തിനും കീഴിലുള്ള ഒരു മണ്ഡലംതന്നെ. അതിനാൽ യേശു തന്റെ രാജ്യത്തിലേക്ക് വന്നപ്പോൾ അവിടുന്നു തന്റെ അധികാരമണ്ഡലത്തിലേക്ക് പ്രവേശിച്ചു. എവിടെ അവിടുത്തെ ആധിപത്യം അംഗീകരിക്കപ്പെടാതിരിക്കുന്നുവോ അവിടെ അവിടുത്തെ രാജ്യം സ്ഥാപിതമായിട്ടില്ല. ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടണമെങ്കിൽ മനുഷ്യർ ദൈവത്തിന്റെ അനിഷേധ്യമായ ആധിപത്യത്തിൻ കീഴിൽ അമർന്നിരിക്കണം. മനുഷ്യൻ യേശുക്രിസ്തുവിന്റെ സമ്പൂർണ്ണമായ ഭരണത്തിനും അധികാരത്തിനും സർവ്വാധിപത്യത്തിനും കീഴടങ്ങണം.

അതിനാൽ സുവിശേഷത്തിൽ യേശുക്രിസ്തു പത്രോസിന് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നൽകുന്നതായി പ്രഖ്യാപിച്ച വൃത്താന്തത്തിനുശേഷം പിന്നെ അടുത്തതായി സംഭവിച്ചതെന്തെന്ന് അറിയുന്നത് പ്രയോജനകരമായിരിക്കും. (മത്തായി 16 : 19) ഏതാനും ദിവസം കഴിഞ്ഞ് യേശുക്രിസ്തു അവരുടെ മുൻപിൽ രൂപാന്തരപ്പെട്ടു. (മത്തായി 17 : 1-8) രാജാവിന്റെ വ്യക്തിത്വത്തിലൂടെ കർത്താവ് രാജ്യത്തെ അവരുടെ മുമ്പിൽ പ്രദർശിപ്പിച്ചുവെന്നുപറയാം. ഉടൻതന്നെ പത്രോസ് ഇപ്രകാരം പറഞ്ഞു: കർത്താവേ, ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം. ഒന്നു നിനക്കും ഒന്നു മോശയ്ക്കും ഒന്നു ഏലിയാവിനും മോശ ന്യായപ്രമാണത്തിന്റെ പ്രതിനിധി; ഏലിയാവ് പ്രവാചകൻമാരുടെ പ്രതിപുരുഷൻ. യേശുവിനോടൊപ്പം ഈ രണ്ടുകൂട്ടർക്കും ഇടംനൽകുവാൻ പത്രോസ് ആഗ്രഹിച്ചു.

എന്നാൽ, ദൈവരാജ്യത്തിൽ ഇപ്രകാരം ചെയ്യുവാൻ സാധ്യമല്ല. അവിടെ ഒന്നിലധികം അധികാര കേന്ദ്രങ്ങൾ ഉണ്ടാകാൻ പാടില്ല. ബഹുവിധ ശബ്ദങ്ങൾ അവിടെ കേൾക്കപ്പെടാനും പാടില്ല. അതിനാൽ പിതാവായ ദൈവം പത്രോസിനെ തടഞ്ഞുകൊണ്ട് അവർ ശ്രദ്ധിക്കേണ്ട ഏകവ്യക്തിയെ അവർക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു: ഇവൻ എന്റെ പ്രിയപുത്രൻ; ഇവനു ചെവികൊടുപ്പിൻ . മറ്റൊരു തരത്തിൽ പറഞ്ഞാൽ ദൈവരാജ്യത്തിൽ എല്ലാ കാര്യങ്ങളെപ്പറ്റിയും സംസാരിക്കേണ്ടത് യേശുക്രിസ്തുമാത്രം. അവിടുത്തെ വാക്കുകൾ മാത്രമാണ് നാം കേൾക്കേണ്ടത്.

ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻവരെ ആയിരുന്നു. അന്നുമുതൽ ദൈവരാജ്യത്തെ

ഒരു പാസ്റ്ററിലൂടെയോ മറ്റൊരു വ്യക്തിയിലൂടെയോ ദൈവത്തെപ്പറ്റി കേട്ടറിവു മാത്രമുള്ള ഒരവസ്ഥ ദയനീയമാണ്. ദൈവവുമായി നേരിട്ടു ബന്ധപ്പെടുവാൻ ആളുകൾക്ക് കഴിയുന്നില്ല. അവരുടെ അറിവ് ബാഹ്യമാണ്. ആന്തരികമല്ല. എന്നാൽ, ദൈവത്തെപ്പറ്റി വ്യക്തിപരവും ആന്തരികവുമായ ഒരു വെളിപാടിൽ കുറഞ്ഞതൊന്നും ക്രിസ്തുമാർഗ്ഗമല്ല. പുതിയ ഉടമ്പടിയിലെ വ്യവസ്ഥയനുസരിച്ച്- ഇനി അവരിലാരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും കർത്താവിനെ അറിയുക എന്നു ഉപദേശിക്കുകയില്ല.

സുവിശേഷിച്ചുവരുന്നു. എല്ലാവരും ബലാല്ക്കാരേണേ അതിൽകടപ്പാൻ നോക്കുന്നു. (ലൂക്കോസ് 16 : 16) ഇപ്പോഴും ന്യായപ്രമാണം നിലനിൽക്കുന്നുവെങ്കിൽ ദൈവരാജ്യം വന്നിട്ടില്ലതന്നെ. ഇപ്പോഴും (പഴയനിയമാർത്ഥത്തിലുള്ള) പ്രവാചകന്മാർ നിലനിൽക്കുന്നുവെങ്കിൽ ദൈവരാജ്യം സമാഗതമായിട്ടില്ല. ന്യായപ്രമാണവും പ്രവാചകന്മാരും യേശുക്രിസ്തുവിന് വഴിമാറിക്കൊടുത്തേ മതിയാകൂ. അവയ്ക്ക് ദൈവരാജ്യത്തോടൊപ്പം തുല്യസ്ഥാനം അവകാശപ്പെടുവാൻ സാധ്യമല്ല.

യഹൂദന്മാരുടെ വ്യവഹാരമനുസരിച്ച് ന്യാപ്രമാണവും പ്രവാചകന്മാരും പഴയനിയമത്തിലെ മുഴുവൻ തിരുവചനത്തെയും കുറിക്കുന്നു. ഇവയെ സ്ഥാനഭ്രഷ്ടമാക്കണമെന്ന് ഒരുനിമിഷം പോലും കർത്താവ് ചിന്തിച്ചിട്ടില്ല എന്നകാര്യം നാം ഒന്നാമതായി മനസിലാക്കണം. (മത്തായി 5 : 17, 18; ലൂക്കോസ് 24 : 27, 32, 44) മറുരൂപമലയിൽ പ്രഖ്യാപിക്കപ്പെട്ട പ്രമാണമെന്തെന്നു ഗ്രഹിക്കണമെങ്കിൽ നാം കുറേക്കൂടി ആഴത്തിലേക്കു കടന്നു വിചിന്തനം ചെയ്യേണ്ടതത്രെ.

ദൈവഹിതം വെളിപ്പെടുത്തുന്ന ലിഖിത വചനമാണ് ന്യായപ്രമാണം. ആഹിതം തന്നെ വ്യക്തമാക്കുന്ന ജീവിക്കുന്ന വ്യക്തികളാണ് പ്രവാചകന്മാർ. ഈ രണ്ടിൽ ഏതെങ്കിലും ഒരു മാർഗ്ഗത്തിൽകൂടിയാണ് പഴയനിയമകാലത്ത് സാധാരണക്കാരായ യിസ്രയേൽക്കാർക്ക് ദൈവം തന്റെ ഹിതം വെളിപ്പെടുത്തിക്കൊണ്ടിരുന്നത്. കാരണം, അന്നു ദൈവം മനുഷ്യന്റെ ഹൃദയത്തിലല്ല, അടുത്തുകൂടാത്ത അതിവിശുദ്ധ സ്ഥലത്താണ് വസിച്ചിരുന്നത്. ഉദാഹരണമായി- ഒരുമനുഷ്യന് കുഷ്ഠരോഗം എങ്ങനെ കൈകാര്യം ചെയ്യണമെന്നു ഗ്രഹിക്കണമെങ്കിൽ, അഥവാ ഒരു പ്രത്യേക മൃഗത്തിന്റെ മാംസം ഉപയോഗിക്കുന്നതിനെപ്പറ്റി അറിയണമെങ്കിൽ അയാൾ ന്യായപ്രമാണഗ്രന്ഥം പരിശോധിക്കേണ്ടിയിരിക്കുന്നു. സൂക്ഷ്മ പരിശോധനയിലൂടെ അയാൾക്കു അതിൽനിന്ന് ഉത്തരം ലഭിക്കുമായിരുന്നു. ദൈവവുമായി ബന്ധപ്പെടാതെതന്നെ പ്രവൃത്തിയിലാക്കുവാൻ സാധിക്കുമായിരുന്നു. എന്നാൽ അയാൾക്ക് ഒരു പ്രത്യേക സ്ഥലത്തേക്ക് ഒരു യാത്ര പോകേണ്ടിയിരുന്നു എന്നു വിചാരിക്കുക. അയാൾ പുസ്തകം ആദിയോടന്തം പരിശോധിച്ചാലും അങ്ങനെയൊരു സ്ഥലത്തിന്റെപേര് അതിൽ കാണുകയില്ല. അപ്പോൾ അയാൾ എന്തുചെയ്യും? അയാൾ ഒരു പ്രവാചകന്റെ അടുക്കൽചെന്ന് - ഞാൻ ഈ യാത്ര ചെയ്യണോ വേണ്ടയോ എന്നു ദയവായി കണ്ടുപിടിച്ചാലും എന്നു അപേക്ഷിക്കും. പ്രവാചകൻ ദൈവത്തിൽനിന്ന് അതു കണ്ടെത്തി അയാളെ അറിയിക്കും. ഇവിടെയും ആ മനുഷ്യന് ദൈവത്തിൽനിന്നു ലഭിക്കുന്ന ഉത്തരം പരോക്ഷമായ വഴിയിലൂടെയാണ് ലഭിക്കുന്നത്. അയാൾ നേരിട്ട് ദൈവത്തെ സമീപിച്ചില്ല. ന്യായപ്രമാണത്തിലൂടെയായാലും പ്രവാചകന്മാരിലൂടെ



യായാലും ദൈവത്തെക്കുറിച്ചുള്ള അറിവ് പരോക്ഷമാർഗത്തിലൂടെയാണ് ലഭിച്ചത്. ദൈവത്തിൽനിന്നു നേരിട്ടുള്ള ഒരു വെളിപ്പാട് ഇവിടെയെങ്ങും ലഭിക്കുന്നില്ല.

എന്നാൽ ഇതു ക്രിസ്തുമാർഗ്ഗമല്ല. ദൈവത്തിന്റെ ആത്മാവ് മുഖാന്തിരം അവിടുത്തേക്കുറിച്ച് നേരിട്ടുള്ള വ്യക്തിപരമായ ഒരറിവാണ് ക്രിസ്തുമാർഗം. ഒരു പുസ്തകത്തിലൂടെയോ ഒരു മനുഷ്യനിലൂടെയോ ലഭിക്കുന്ന അറിവല്ല അത്. ഇന്നു പല ക്രിസ്ത്യാനികൾക്കും ക്രിസ്തുവിനെപ്പറ്റി ഒരു പുസ്തകജ്ഞാനം മാത്രമേയുള്ളൂ. ദൈവത്തിന്റെ പുസ്തകത്തിലൂടെ തന്നെയാണ് അവർ അവിടുത്തെ അറിയുന്നത്. എന്നാൽ ദൈവവുമായി ജീവകരമായ ഒരുബന്ധം അവർക്കില്ല. ഒരു പാസ്റ്ററിലൂടെയോ മറ്റൊരു വ്യക്തിയിലൂടെയോ ദൈവത്തെപ്പറ്റി കേട്ടറിവു മാത്രമുള്ള ഒരവസ്ഥ ഇതിനേക്കാൾ ദയനീയമാണ്. ദൈവവുമായി നേരിട്ടു ബന്ധപ്പെടുവാൻ ആളുകൾക്ക് കഴിയുന്നില്ല. അവരുടെ അറിവ് ബാഹ്യമാണ്. ആന്തരികമല്ല. എന്നാൽ, ദൈവത്തെപ്പറ്റി വ്യക്തിപരവും ആന്തരികവുമായ ഒരു വെളിപാടിൽ കുറഞ്ഞതൊന്നും ക്രിസ്തുമാർഗ്ഗമല്ല. പുതിയ ഉടമ്പടിയിലെ വ്യവസ്ഥയനുസരിച്ച്- ഇനി അവരിലാരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും കർത്താവിനെ അറിയുക എന്നു ഉപദേശിക്കുകയില്ല; അവർ അബാലവൃദ്ധം എല്ലാവരും (ആന്തരികമായിതന്നെ) എന്നെ അറിയും എന്നാണ് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളത്. (എബ്രാ. 8 : 11) ക്രിസ്തുമാർഗ്ഗത്തിന്റെ അടിസ്ഥാനം ബുദ്ധിപരമായ അറിവല്ല, വെളിപാടാണ്- ബർയോനാ ശിമോനെ, നീ ഭാഗ്യവാൻ; ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ ഇതു നിനക്ക് വെളിപ്പെടുത്തിയത് എന്നു കർത്താവ് പറഞ്ഞത് ഈ അർത്ഥത്തിലാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നിന്റെ അറിവ് പരോക്ഷമല്ല പ്രത്യക്ഷമാണ് എന്നർത്ഥം.

പ്രായോഗികമായി പറഞ്ഞാൽ ഇന്നും നമുക്ക് എഴുതപ്പെട്ട ദൈവവചനവും ജീവിക്കുന്ന മനുഷ്യവ്യക്തികളായ സന്ദേശവാഹകരുണ്ട്. നമ്മുടെ ക്രിസ്തീയ ജീവിതത്തെ സഹായിക്കുവാൻ ദൈവം നൽകിയിട്ടുള്ള വിവിധ ഘടകങ്ങളിൽ ഏറ്റവും പ്രധാനമായ രണ്ടു ഘടകങ്ങളാണിവ. ദൈവവചനം എപ്പോഴും ശരിയായിട്ടുള്ളതാണ്. ദൈവികമനുഷ്യർ നൽകുന്ന ഉപദേശങ്ങളും പലപ്പോഴും അപ്രകാരം തന്നെ. ദൈവത്തിന്റെ പ്രവാചകന്മാരെ നാം തുച്ഛീകരിക്കരുത്.

പ്രായോഗികമായി പറഞ്ഞാൽ ഇന്നും നമുക്ക് എഴുതപ്പെട്ട ദൈവവചനവും ജീവിക്കുന്ന മനുഷ്യവ്യക്തികളായ സന്ദേശവാഹകരുണ്ട്. നമ്മുടെ ക്രിസ്തീയ ജീവിതത്തെ സഹായിക്കുവാൻ ദൈവം നൽകിയിട്ടുള്ള വിവിധ ഘടകങ്ങളിൽ ഏറ്റവും പ്രധാനമായ രണ്ടു ഘടകങ്ങളാണിവ. ദൈവവചനം എപ്പോഴും ശരിയായിട്ടുള്ളതാണ്. ദൈവികമനുഷ്യർ നൽകുന്ന ഉപദേശങ്ങളും പലപ്പോഴും അപ്രകാരം തന്നെ.

ദൈവത്തിന്റെ പ്രവാചകന്മാരെ നാം തുച്ഛീകരിക്കരുത്. യഥാർത്ഥ പ്രവചനശബ്ദവും പക്വതയുമുള്ള ആത്മീയോപദേശവും വീണ്ടും വീണ്ടും നമ്മെ ഉണർത്തി വെല്ലുവിളിക്കേണ്ടത് ആവശ്യമത്രേ. എന്നാൽ വിശുദ്ധരായ ദൈവപുരുഷന്മാരിലൂടെ ലഭിക്കുന്ന വെളിപ്പാട് കുറ്റമറ്റതായിരുന്നാൽ തന്നെയും നാം അതിനോട്

*(ശേഷം പേജ് 35 ൽ)*



*ബൈബിളിലൂടെ........*

## ഒന്ന്-തിമൊഥെയോസ്

**സാക് പുന്നൻ**

# സഭയും അതിന്റെ ഇടയന്മാരും

**പൗലൊസ്** തന്റെ ജീവിതത്തിന്റെ അവസാന സമയത്ത് എഴുതിയ കത്തുകളാണ് തിമൊഥെയോസിനും തീത്തോസിനും ഉള്ള കത്തുകൾ. അതിൽ രണ്ടു തിമൊഥെയോസ് ആണ് അവസാനം എഴുതിയത്. മൂന്നു കത്തുകളും സഭയെ സേവിക്കുന്ന ദൈവദാസന്മാരെ സംബന്ധിച്ചുള്ളതാണ്.

തിമൊഥെയോസിനുള്ള ഒന്നാം ലേഖനത്തിന്റെ വിഷയം സഭയും അതിന്റെ മൂപ്പന്മാരും എന്നതാണ്. സഭയിലെ മൂപ്പന്മാരുടേയും നേതാക്കന്മാരുടേയും മനോഭാവം, അവരുടെ ജീവിതരീതി, അവർ സഭാകാര്യങ്ങളിൽ എങ്ങനെ പെരുമാറണം എന്നീ കാര്യങ്ങളാണ് ഇതിലുള്ളത്. പൗലൊസിന്റെ അവസാന മൂന്നു ലേഖനങ്ങളുടേയും വിഷയം ഇതുതന്നെയായിരുന്നു എന്നതാണ് ശ്രദ്ധേയം. തന്റെ ഈ ഭൂമിയിലെ ജീവിതകാലം അവസാനിക്കുവാൻ പോകുന്നു എന്നു മനസിലാക്കിയ പൗലൊസ്, അടുത്ത തലമുറയിലെ സഭയുടെ നേതാക്കന്മാരിൽ താൻ ഉയർത്തിപ്പിടിച്ച അതേ പ്രമാണങ്ങളും മൂല്യങ്ങളും ദൈവ വേലക്കാർ എന്ന നിലയിൽ ഉണ്ടാകണം എന്ന് അതിയായി ആഗ്രഹിച്ചു. ആദ്യ ലേഖനങ്ങളിൽ അദ്ദേഹം ക്രിസ്തീയ ജീവിതത്തെ ക്കുറിച്ചാണ് എഴുതിയത്. എന്നാൽ ഈ അവസാന മൂന്നു ലേഖനങ്ങളിൽ അടുത്ത തലമുറയിലെ നേതാക്കന്മാരോടു താൻ കാണിച്ച നിലവാരം നിലനിർത്തണമെന്നു പറയുകയും പ്രവചനാത്മാവിൽ അവർക്ക് അന്ത്യകാലത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകി അവരെ അതു നേരിടുന്നതിനു ഒരുക്കുകയുമാണ് ചെയ്യുന്നത്.



*ഇന്ന് എല്ലാവരുടേയും പക്കൽ വേദപുസ്തകം ഉള്ളപ്പോൾ തന്റെ സഭയിൽ ആരെങ്കിലും വ്യത്യസ്ത ഉപദേശങ്ങളുമായി എഴുന്നേറ്റ് സംസാരിക്കുന്നത് തടയുവാൻ തക്കവണ്ണം ജാഗ്രതയുള്ളവനായിരിക്കണം സഭയെ നയിക്കുന്നയാൾ.*



പൗലൊസ് ഇവിടെ തന്റെ ഹൃദയഭാരം തിമൊഥെയോസിനോട് പങ്കുവയ്ക്കുന്നു. അതിനാൽ തന്നെ ഒരു ദൈവദാസൻ ഹൃദയത്തിൽ സൂക്ഷിക്കേണ്ട വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് നാം ഇവിടെ കാണുന്നത്. ഒന്നാമതായി പൗലൊസ് അപ്പസ്തോലൻ പറയുന്നത് സഭയിൽ വ്യത്യസ്തമായ ഉപദേശങ്ങൾ പഠിപ്പിക്കുവാൻ ആരേയും അനുവദിക്കരുത് (1 : 4) എന്നാണ്. നിങ്ങൾ ദൈവസഭയുടെ നേതൃത്വത്തിൽ ഉള്ള ഒരാളാണെങ്കിൽ ആ സഭയിൽ പഠിപ്പിക്കുന്ന കാര്യങ്ങൾ എന്താണെന്നു പരിശോധിക്കുവാനുള്ള ഉത്തരവാദിത്വം നിങ്ങൾക്കുണ്ട്. നിങ്ങൾ വളരെ ജാഗ്രതയുള്ളവരായിരിക്കണം. ആദിമ സഭയിൽ വിശ്വാസികൾക്കു തങ്ങളുടെ ഉള്ളിലുള്ള കാര്യം എഴുന്നേറ്റുനിന്നു പങ്കുവയ്ക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അവരിൽ ചിലർക്കു ക്രിസ്തീയ ജീവിതത്തെക്കുറിച്ച് വിചിത്രമായ ചില ധാരണകളാണ് ഉണ്ടായിരുന്നത്. അന്ന് ആരുടെ കൈയിലും വേദപുസ്തകം ഉണ്ടായിരുന്നില്ല എന്നതാണ് അതിനു കാരണം. എന്നാൽ ഇന്ന് എല്ലാവരുടേയും പക്കൽ വേദപുസ്തകം ഉള്ളപ്പോൾ തന്നെ പല സഭകളിലും വ്യത്യസ്തമായ ഉപദേശങ്ങളാണ് പഠിപ്പിക്കുന്നത്. തന്റെ സഭയിൽ ആരെങ്കിലും വ്യത്യസ്ത ഉപദേശങ്ങളുമായി എഴുന്നേറ്റ് സംസാരിക്കുന്നത് തടയുവാൻ തക്കവണ്ണം ജാഗ്രതയുള്ളവനായിരിക്കണം സഭയെ നയിക്കുന്നയാൾ.

> തിമൊഥെയോസിനുള്ള രണ്ടു കത്തുകളിലും പൗലൊസ് ആവർത്തിച്ചു പറയുന്നു- തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളേയും വംശാവലികളേയും ശ്രദ്ധിക്കരുത് . കെട്ടുകഥകൾ എന്നാൽ ദൈവവചനത്തിൽ പറയാത്ത കാര്യങ്ങളാണ്. കായീന്റെ ഭാര്യ ആരാണെന്നതുപോലെയുള്ള കാര്യങ്ങളാണത്. അത്തരം കാര്യങ്ങൾക്ക് ഉത്തരം നൽകേണ്ടതില്ല. കാരണം അവ ഒരു തരത്തിലും നമ്മെ സഹായിക്കുന്നതല്ല.

തിമൊഥെയോസിനുള്ള രണ്ടു കത്തുകളിലും പൗലൊസ് ആവർത്തിച്ചു പറയുന്നു- തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളേയും വംശാവലികളേയും ശ്രദ്ധിക്കരുത് . കെട്ടുകഥകൾ എന്നാൽ ദൈവവചനത്തിൽ പറയാത്ത കാര്യങ്ങളാണ്. കായീന്റെ ഭാര്യ ആരാണെന്നതു പോലെയുള്ള കാര്യങ്ങളാണത്. അത്തരം കാര്യങ്ങൾക്ക് ഉത്തരം നൽകേണ്ടതില്ല. കാരണം അവ ഒരു തരത്തിലും നമ്മെ സഹായിക്കുന്നതല്ല. അത്തരം പല ചോദ്യങ്ങളും മറ്റുള്ളവരുടെ കാര്യങ്ങൾ അറിയാൻ അമിത താൽപര്യമുള്ള ഒരുവന് ചോദിക്കാൻ കഴിയും. അത്തരം കെട്ടുകഥകളിൽ മുഴുകി പോകരുത്.

പൗലൊസ് പിന്നീട് തന്റെ ഉപദേശങ്ങളുടെ ഉദ്ദേശ്യമെന്താണെന്ന് തിമൊഥെയോസിനെ ഓർമ്മിപ്പിക്കുന്നു. അത് ശുദ്ധഹൃദയം, നല്ല മനഃസാക്ഷി,

ശുദ്ധഹൃദയം എന്നാൽ ദൈവത്തെ പൂർണ്ണമായി സ്നേഹിക്കുന്ന ഒരു ഹൃദയമെന്നാണ്. മറ്റാർക്കുമോ മറ്റെന്തിനെങ്കിലുമോ യാതൊരു സ്ഥാനവും ഇല്ലാത്ത ഒരു ഹൃദയമാണത്. നിങ്ങളുടെ സഭയിലെ വിശ്വാസികൾ കേവലം സഭായോഗങ്ങൾക്കു വരുന്നവർ മാത്രമായിരിക്കുകയും അവർക്കു ദൈവത്തോടും തമ്മിൽ തമ്മിലും ഉള്ള സ്നേഹം വർദ്ധിച്ചു വരാതിരിക്കുകയും ചെയ്താൽ നിങ്ങളുടെ ശുശ്രൂഷ ഒരു പരാജയമാണ്. അത്തരം വിശ്വാസികൾ ദൈവം എന്ത് ആഗ്രഹിക്കുന്നുവോ അതിലേക്ക് എത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു.

ആത്മാർത്ഥ വിശ്വാസം എന്നിവയിൽ നിന്നുണ്ടാകുന്ന സ്നേഹത്താൽ മറ്റുള്ളവരെ സ്നേഹിക്കണമെന്നതാണ് (1 : 5). ശുദ്ധഹൃദയം എന്നാൽ ദൈവത്തെ പൂർണ്ണമായി സ്നേഹിക്കുന്ന ഒരു ഹൃദയമെന്നാണ്. മറ്റാർക്കുമോ മറ്റെന്തിനെങ്കിലുമോ യാതൊരു സ്ഥാനവും ഇല്ലാത്ത ഒരു ഹൃദയമാണത്. നിങ്ങളുടെ സഭയിലെ വിശ്വാസികൾ കേവലം സഭാ യോഗങ്ങൾക്കു വരുന്നവർ മാത്രമായിരിക്കുകയും അവർക്കു ദൈവത്തോടും തമ്മിൽ തമ്മിലും ഉള്ള സ്നേഹം വർദ്ധിച്ചു വരാതിരിക്കുകയും ചെയ്താൽ നിങ്ങളുടെ ശുശ്രൂഷ ഒരു പരാജയമാണ്. അത്തരം വിശ്വാസികൾ ദൈവം എന്ത് ആഗ്രഹിക്കുന്നുവോ അതിലേക്ക് എത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു.

ഈ സ്നേഹം നല്ല മനഃസാക്ഷിയിൽ നിന്നും ആത്മാർത്ഥ വിശ്വാസത്തിൽ നിന്നുമാണ് വരേണ്ടത്. അവസാന നാളുകളിൽ ശുദ്ധ മനഃസാക്ഷിയുടെ പ്രാധാന്യത്തെക്കുറിച്ച് ആവർത്തിച്ചു പറഞ്ഞിരുന്നു. മഹാപുരോഹിതന്റെ മുമ്പാകെ ന്യായ വിസ്താരത്തിനു നിന്നപ്പോൾ തന്റെ നല്ല മനഃസാക്ഷിയെക്കുറിച്ചു പൗലൊസ് പരാമർശിക്കുന്നുണ്ട് (പ്രവൃ. 23: 1). അതുപോലെ ഫെലിക്സിന്റെ മുമ്പിൽ നിന്നപ്പോഴും (പ്രവൃത്തി. 24 : 16). ഇപ്പോൾ അദ്ദേഹം തിമൊഥെയോസിനോടും അതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നു. നല്ല മനഃസാക്ഷി സൂക്ഷിക്കാതിരുന്നതിനാൽ പല ക്രിസ്തീയ വേലക്കാരുടേയും ജീവിതം തകർന്നത് പൗലൊസ് കണ്ടിട്ടുണ്ട് (1:19). പൗലൊസ് ഇവിടെ പറയുന്ന ആത്മാർത്ഥ വിശ്വാസം എന്നത് കേവലം പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു, അതിനാൽ സ്വർഗ്ഗത്തിലേയ്ക്കു എടുക്കപ്പെടും എന്ന ഒരു വിശ്വാസം മാത്രമല്ല. ദിനംതോറുമുള്ള പ്രലോഭനങ്ങളേയും പരീക്ഷകളേയും നേരിടുവാൻ ദൈവത്തിൽ ആശ്രയിക്കുന്നതുകൂടിയാണത്.

ഒരു പ്രാദേശിക സഭ പണിയുവാനുള്ള വിളി നിങ്ങൾക്കുണ്ടെങ്കിൽ മനസ്സിൽ സൂക്ഷിക്കേണ്ട നല്ല ഒരു വചനമാണിത് (1 : 5). ശുദ്ധഹൃദയത്തോടെയും നല്ല മനഃസാക്ഷിയോടെയും ആത്മാർത്ഥ വിശ്വാസത്തോടെയും ദൈവത്തെ സ്നേഹിക്കുന്നതിലേയ്ക്ക് ആളുകളെ നയിക്കുവാൻ നിങ്ങൾക്കു കഴിയുന്നുണ്ടെങ്കിൽ നിങ്ങളൊരു നല്ല മൂപ്പനാണ്.

1:6 ൽ പൗലൊസ് തിമൊഥെയോസിനു മുന്നറിയിപ്പ് നൽകുന്നു: ചിലർ ഈ അടിസ്ഥാന സത്യങ്ങളിൽ നിന്നു തെറ്റി പോയിരിക്കുന്നു. ഇത് വ്യഥാ വാദങ്ങളിലേയ്ക്കും തർക്കങ്ങളിലേയ്ക്കും നയിക്കുന്നു. ചിലർക്കു ഉപദേഷ്ഠാക്കന്മാരാകണം. എന്നാൽ അവർക്കു തങ്ങൾ പറയുന്നതിനെക്കുറിച്ചു പോലും അറിയുകയില്ല. അവർക്കുറപ്പുണ്ട് എന്നു പറയുന്ന കാര്യങ്ങൾ പോലും അവർക്കു മനസിലാകുന്നില്ല. ക്രിസ്തീയ ഗോളത്തിലെ പല പ്രസംഗകരേയും ഞാൻ കേട്ടിട്ടുണ്ട്. അവരിൽ പലരും അവരുടെ അനുഭവ



ത്തിൽനിന്നല്ല പറയുന്നതെന്നു ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. അവർ വായിച്ച പുസ്തകത്തിൽ നിന്നോ, ബൈബിൾ കോളജിൽ പഠിച്ച കാര്യമോ ആരിൽനിന്നെങ്കിലും കേട്ടതോ ഇവയൊക്കെയാണ് അവർ പ്രസംഗിക്കുന്നത്. ദൈവവചനത്തെ അവരുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാകുവാൻ അവർ അനുവദിച്ചിട്ടില്ല. ദൈവത്തെ പൂർണ ഹൃദയത്തോടെ സ്നേഹിക്കുന്ന ഒരിടത്തേയ്ക്ക് അവർ വന്നിട്ടില്ല. പിന്നെയെങ്ങനെയാണ് അവർക്കു മറ്റുള്ളവരെ അത്തരമൊരു ജീവിതത്തിലേക്കു നയിക്കുവാൻ കഴിയുക?

ഒരു ദൈവദാസനിൽനിന്നു നിങ്ങൾ കേൾക്കുന്ന ദൈവവചനം രണ്ടാമതായി ലഭിക്കുന്നതാണ്. നിങ്ങൾ അത് ഏറ്റെടുത്തു ദൈവമുമ്പാകെ ചെന്ന് ഇങ്ങനെ പറയണം: കർത്താവേ, ഈ വചനങ്ങൾ എനിക്കു അങ്ങയിൽനിന്നും നേരിട്ട് ഉള്ളതാക്കി അത് എന്റെ ജീവിതത്തിൽ യാഥാർത്ഥ്യമാക്കി തീർക്കണമേ. നിങ്ങൾ കേൾക്കുന്ന ദൈവിക സത്യങ്ങൾ ജീവിക്കുന്ന അനുഭവമായി മാറുമ്പോൾ അത് നിങ്ങളുടെ സന്ദേശമായി സംസാരിക്കുവാൻ കഴിയും. അത് അപ്പോൾ രണ്ടാമത്തെ നല്ലതായി തീരും. എന്നിൽ നിന്നു കേട്ട എല്ലാ സന്ദേശങ്ങളും ഇപ്രകാരം ദൈവത്തിൽ നിന്നു നിങ്ങൾക്കു നേരിട്ടുള്ള സന്ദേശമായി മാറ്റുവാൻ കഴിയും. പലരും എന്നോട് ചോദിച്ചിട്ടുണ്ട് സഹോദരൻ സാക്, താങ്കളുടെ സന്ദേശങ്ങൾ ഞങ്ങൾ പ്രസംഗിച്ചു കൊള്ളട്ടെ? ഞാൻ മറുപടിപറയും: തീർച്ചയായും ചെയ്യാം. എന്നാൽ ഒരു വ്യവസ്ഥയുണ്ട്. ആദ്യം നിങ്ങൾ അതിൽ ജീവിക്കണം. ആ സന്ദേശങ്ങൾ അനുസരിച്ച് ജീവിക്കാതെ പ്രസംഗിക്കാൻ ശ്രമിച്ചാൽ അതു നിങ്ങളെ നശിപ്പിക്കും. സംസാരിക്കുന്നതെന്താണെന്ന് അറിയാത്ത ഒരു ഉപദേഷ്ടാവായി നിങ്ങൾ മാറിപ്പോകും.

ദൈവം തന്റെ പരമാധികാരത്തിൽ ആളുകളെ തന്റെ ശുശ്രൂഷയ്ക്കായി വിളിക്കുമ്പോൾ ഒരു ശുശ്രൂഷ ഒരുവനെ ഏല്പിക്കുന്നതിനു മുൻപ് അവിടുന്ന് അയാളെ പരിശോധിച്ച് അറിയുന്നു. പൗലൊസ് പത്തുവർഷക്കാലം ഈ പരിശോധനയിലൂടെ കടന്നുപോയി. പൗലൊസ് തന്റെ ദൈനംദിന ജീവിതത്തിൽ ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ വിശ്വസ്തനാണോ എന്നു ദൈവം ശ്രദ്ധിച്ചുകൊണ്ടിരുന്നു. അങ്ങനെ ദൈവം പത്തുവർഷക്കാലം അദ്ദേഹത്തെ പരീക്ഷിച്ച് വിശ്വസ്തനാണെന്നു കണ്ടശേഷം പറഞ്ഞു: ഇപ്പോൾ ഞാൻ അവനെ എന്റെ വേലയ്ക്കായി അയയ്ക്കും .

പൗലൊസ് ന്യായപ്രമാണത്തെക്കുറിച്ച് പറയുന്നു: ന്യായോചിതമായി പ്രയോഗിക്കുന്നുവെങ്കിൽ ന്യായ പ്രമാണം നല്ലതു തന്നെയെന്നു നമുക്കറിയാം. എന്നാൽ ന്യായപ്രമാണം നീതിമാന്മാർക്കു വേണ്ടിയുള്ളതല്ല (1 : 8,9). ഒരു നീതിമാനും ന്യായപ്രമാണം ആവശ്യമില്ല. ചിന്താമണ്ഡലത്തിൽ പോലും വ്യഭിചാരം കടന്നു വരാത്ത ഒരുവനു വ്യഭിചാരം ചെയ്യരുത് എന്ന ന്യായപ്രമാണത്തിന്റെ ആവശ്യമെന്താണ്? ഒരാളോടു ദേഷ്യമില്ലാതെയിരിക്കുമ്പോൾ കൊല ചെയ്യരുത് എന്നൊരു ന്യായപ്രമാണം നിങ്ങൾക്ക് ആവശ്യമുണ്ടോ? ഒരു നീതിമാനു പത്തു കല്പനയുടെ ആവശ്യമില്ല. കാരണം അയാളുടെ നിലവാരം ന്യായപ്രമാണത്തിനു മുകളിലാണ്. അധർമ്മികൾ, അനുസരണംകെട്ടവർ, അഭക്തരായ പാപികൾ എന്നിവരെയും പത്ഥ്യോപദേശ വിരുദ്ധമായ മറ്റെല്ലാ കാര്യങ്ങളെയും ഉദ്ദേശിച്ചത്രേ ന്യായപ്രമാണം (1 : 9–11). നാം

ചെറിയ ചെറിയ കാര്യങ്ങളിൽ നിങ്ങൾ വിശ്വസ്തനാണോ എന്നു ദൈവം പരീക്ഷിച്ചറിയും. ദൈവ വചനം പഠിക്കുന്നതിൽ, പണം കൈകാര്യം ചെയ്യുന്നതിൽ, സമയം ചെലവഴിക്കുന്നതിൽ, വിശുദ്ധിയിൽ, സത്യസന്ധതയിൽ, അധികാരങ്ങൾക്കു കീഴടങ്ങി താഴ്മയിൽ നിൽക്കുന്നതിൽ അങ്ങനെ ചെറിയ ചെറിയ കാര്യങ്ങളിൽ നിങ്ങൾ വിശ്വസ്തനാണെങ്കിൽ ദൈവം ഒരുപക്ഷേ പത്ത് വർഷങ്ങൾക്കു ശേഷമാണെങ്കിൽ പോലും ഫലപ്രദമായ ഒരു ശുശ്രൂഷയിലേയ്ക്കു നിങ്ങളെ നയിക്കും.

ആത്മാവിനെ അനുസരിച്ച് നടക്കുമ്പോൾ ന്യായപ്രമാണത്തിൽനിന്ന് എങ്ങനെ സ്വതന്ത്രരാകുന്നു എന്നതു ഗലാത്യ ലേഖനത്തിൽ നമുക്കു കാണാം.

**ദൈവം ഒരുവനെ ശുശ്രൂഷയ്ക്കായി എങ്ങനെ ഒരുക്കുന്നു?**

തന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ പൗലൊസ് ഊന്നൽ കൊടുത്ത മറ്റു ചില കാര്യങ്ങൾ ഉണ്ടായിരുന്നു: എന്റെ മാതൃക നോക്കുക - അദ്ദേഹം പറയുന്നു: നോക്കൂ ഞാൻ എങ്ങനെയാണ് ജീവിച്ചത് -ഇതാണ് തിമൊഥെയോസിനോട് അദ്ദേഹം ആവർത്തിച്ചു പറയുന്നത്.

എനിക്കു ശക്തി നൽകി എന്നെ വിശ്വസ്തനായി പരിഗണിച്ച് തന്റെ ശുശ്രൂഷയ്ക്കു നിയോഗിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ഞാൻ സ്തുതിക്കുന്നു (1 : 12). ദൈവം തന്റെ പരമാധികാരത്തിൽ ആളുകളെ തന്റെ ശുശ്രൂഷയ്ക്കായി വിളിക്കുമ്പോൾ ഒരു ശുശ്രൂഷ ഒരുവനെ ഏല്പിക്കുന്നതിനു മുൻപ് അവിടുന്ന് അയാളെ പരിശോധിച്ച് അറിയുന്നു. പൗലൊസ് പത്തുവർഷക്കാലം ഈ പരിശോധനയിലൂടെ കടന്നുപോയി (പ്രവൃത്തി ഒൻപതാം അദ്ധ്യായത്തിൽ അദ്ദേഹത്തിന്റെ മാനസാന്തരം മുതൽ 13 -ാം അദ്ധ്യായത്തിൽ അദ്ദേഹത്തെ ദൈവ ശുശ്രൂഷയ്ക്കായി അയയ്ക്കുന്നതുവരെ). ആ പത്ത് വർഷക്കാലം പൗലൊസിൽ എന്താണ് സംഭവിച്ചുകൊണ്ടിരുന്നത്? പൗലൊസ് തന്റെ ദൈനംദിന ജീവിതത്തിൽ ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ വിശ്വസ്തനാണോ എന്നു ദൈവം ശ്രദ്ധിച്ചുകൊണ്ടിരുന്നു. അങ്ങനെ ദൈവം പത്തുവർഷക്കാലം അദ്ദേഹത്തെ പരീക്ഷിച്ച് വിശ്വസ്തനാണെന്നു കണ്ടശേഷം പറഞ്ഞു: ഇപ്പോൾ ഞാൻ അവനെ എന്റെ വേലയ്ക്കായി അയയ്ക്കും.

ദൈവം നിങ്ങളെ വിളിക്കുന്നുവെങ്കിൽ ആദ്യം നിങ്ങളെ പരീക്ഷിച്ച് അറിയും. പുതിയ നിയമ സഭകൾ പണിയുക എന്ന എനിക്കുവേണ്ടിയുള്ള ശുശ്രൂഷ തുറന്നു തരുന്നതിനു മുൻപ് ദൈവം എന്നെ പതിനാറു വർഷം പരിശോധിച്ചതായി എനിക്കറിയാം (അത് ഒമ്പതുവർഷം ഞാൻ പൂർണ്ണസമയ ക്രിസ്തീയ വേലയിൽ ആയതിനു ശേഷമാണ്). ക്രിസ്തീയ വേലയിലേയ്ക്കു കടന്നാൽ ഉടൻ തന്നെ അഭിഷേകം ചെയ്യപ്പെട്ട ഒരു ശുശ്രൂഷ നിങ്ങൾക്കുണ്ടാകുമെന്നു കരുതരുത്. ചെറിയ ചെറിയ കാര്യങ്ങളിൽ നിങ്ങൾ വിശ്വസ്തനാണോ എന്നു ദൈവം പരീക്ഷിച്ചറിയും. ദൈവ വചനം പഠിക്കുന്നതിൽ, പണം കൈകാര്യം ചെയ്യുന്നതിൽ, സമയം ചെലവഴിക്കുന്നതിൽ, വിശുദ്ധിയിൽ, സത്യസന്ധതയിൽ, അധികാരങ്ങൾക്കു കീഴടങ്ങി താഴ്മയിൽ നിൽക്കുന്നതിൽ അങ്ങനെ ചെറിയ ചെറിയ കാര്യങ്ങളിൽ നിങ്ങൾ വിശ്വസ്തനാണെങ്കിൽ ദൈവം ഒരുപക്ഷേ പത്ത് വർഷങ്ങൾക്കു ശേഷമാണെങ്കിൽ പോലും ഫലപ്രദമായ ഒരു ശുശ്രൂഷയിലേയ്ക്കു നിങ്ങളെ നയിക്കും.

ദൈവം തന്നെ നിങ്ങളെ ഒരു ശുശ്രൂഷയിൽ ആക്കിയാൽ, നിങ്ങളുടെ സ്വന്ത



ആലോചനയിൽ മുപ്പത് വർഷം ചെയ്യുന്നതിനേക്കാൾ അധികം കാര്യങ്ങൾ ഒരു വർഷം കൊണ്ട് ചെയ്യുവാൻ കഴിയും.

അവിടുന്നു (ക്രിസ്തു) എന്നെ ശുശ്രൂഷയ്ക്കു നിയോഗിച്ചു (1 : 12)- പൗലൊസിനെ അഭിഷേകം ചെയ്ത് നിയോഗിച്ചത് ഒരു മനുഷ്യനുമല്ല. മുമ്പ് ഞാൻ ദൈവദൂഷകനും പീഡകനും ആയിരുന്നു (1:13). ഒരിക്കൽ ദുഷ്ടരായിരുന്ന മാനസാന്തരപ്പെട്ട പാപികളേയും ദൈവം തന്റെ ശുശ്രൂഷയിൽ ആക്കും. ഭൂതകാലത്ത് വളരെ ദുഷിച്ച ഒരു ജീവിതം ജീവിച്ചവർക്കും വലിയ ഉത്സാഹം നൽകുന്നതാണിത്. രണ്ടാം നൂറ്റാണ്ടിലെ ആ ലേഖനത്തിൽ അത് എഴുതിയ ആൾ ഇങ്ങനെ പറയുന്നു: യേശുക്രിസ്തു ഈ ഭൂമിയിലേക്കു വന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ മാനസാന്തരപ്പെടുത്തുവനാണ് എന്നു വെളിപ്പെടുത്തുന്നതിനുവേണ്ടി താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ ഏറ്റവും വലിയ പാപികളായിരുന്ന ചിലരെ തന്റെ അപ്പോസ്തലന്മാരാക്കി. ആ കൂട്ടത്തിൽ ഒരുവനായിരുന്നു പൗലൊസ്. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു. ആ പാപികളിൽ ഞാൻ ഒന്നാമൻ (1:15). അതിനാൽ ദൈവഭയമുള്ള ഭവനത്തിൽ ജനിച്ച് നല്ല ജീവിതം ജീവിച്ചവരെ മാത്രമേ ദൈവം തിരഞ്ഞെടുക്കുകയുള്ളു എന്നില്ല. അങ്ങനെയുള്ളവരെ തിരഞ്ഞെടുക്കുന്നതോടൊപ്പം പാപത്തിന്റെ ആഴത്തിൽ കിടന്ന ചിലരേയും അവിടുന്നു തിരഞ്ഞെടുക്കും. മാനസാന്തരപ്പെടുന്നതിനു മുൻപുള്ള ജീവിതത്തിലെ പാപം അപ്പോസ്തലനാകുന്നതിന് ഒരുവനെ അയോഗ്യനാക്കുന്നില്ല എന്നു തെളിയിക്കുന്നതിന് അവിടുന്നു വ്യഭിചാരികൾ, മോഷ്ടാക്കൾ, മദ്യപന്മാർ തടങ്ങിയ ചിലരെ തന്റെ അപ്പോസ്തലന്മാരാക്കിയിരുന്നു. പാപികളിൽ പ്രധാനി ആയിരുന്ന പൗലൊസ് പ്രധാന അപ്പോസ്തലനായി തീർന്നു. പാപങ്ങളെക്കുറിച്ച് അനുതപിച്ച് മാനസാന്തരപ്പെട്ട് ദൈവത്തിൽ ആശ്രയി

മാനസാന്തരപ്പെടുന്നതിനു മുൻപുള്ള ജീവിതത്തിലെ പാപം അപ്പോസ്തലനാകുന്നതിന് ഒരുവനെ അയോഗ്യനാക്കുന്നില്ല എന്നു തെളിയിക്കുന്നതിന് അവിടുന്നു വ്യഭിചാരികൾ, മോഷ്ടാക്കൾ, മദ്യപന്മാർ തടങ്ങിയ ചിലരെ തന്റെ അപ്പോസ്തലന്മാരാക്കിയിരുന്നു. പാപങ്ങളെക്കുറിച്ച് അനുതപിച്ച് മാനസാന്തരപ്പെട്ട് ദൈവത്തിൽ ആശ്രയിച്ചാൽ നിങ്ങളിൽ ആരിലൂടെയും ദൈവത്തിനു വൻകാര്യങ്ങൾ ചെയ്യുവാൻ കഴിയും.

ച്ചാൽ നിങ്ങളിൽ ആരിലൂടെയും ദൈവത്തിനു വൻകാര്യങ്ങൾ ചെയ്യുവാൻ കഴിയും.

അപ്പോസ്തലനായ പൗലൊസിനു തന്റെ തന്നെ പാപത്തെക്കുറിച്ചുള്ള തിരിച്ചറിവ് ക്രമേണ വർദ്ധിച്ചു വരുന്നത് ശ്രദ്ധിക്കുക. പലരും കരുതുന്നത് അവർ ദൈവത്തോട് കൂടുതൽ അടുക്കുമ്പോൾ അവരുടെ ജീവിതത്തിലെ പാപത്തെക്കുറിച്ചുള്ള തിരിച്ചറിവ് കുറഞ്ഞുവരും എന്നാണ്. എന്നാൽ അതു സത്യമല്ല. ദൈവഭക്തരായ എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ് അവർ ദൈവത്തോടു കൂടുതൽ അടുക്കും തോറും പാപത്തെക്കുറിച്ചുള്ള തിരിച്ചറിവ് അവരുടെ ജീവിതത്തിൽ വർദ്ധിച്ചു വരുന്നു എന്നുള്ളത്. കാരണം ദൈവം അത്ര മാത്രം വിശുദ്ധനാണ്. യെശയ്യാവ് ദൈവത്തിന്റെ വിശുദ്ധികണ്ട് ഇങ്ങനെ പറഞ്ഞു: കർത്താവേ ഞാൻ പാപിയായ മനുഷ്യൻ . ഇയ്യോബും, പത്രോസും യോഹന്നാനും അതുതന്നെ പറഞ്ഞു.

അയഞ്ഞ സമീപനമുള്ള ഒരു ബൈബിൾ കോളജിൽ പോയി അവിടെ പഠിച്ച കാര്യങ്ങൾ കേട്ട് തന്റെ വിശ്വാസമാകെ ഇല്ലാതായി പോയ വീണ്ടും ജനിച്ച ഒരു ക്രിസ്ത്യാനിയെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട് . എങ്ങനെയാണ് അവന്റെ വിശ്വാസം നഷ്ടപ്പെട്ടത്? ഒന്നാമത് അവൻ അവിടെ പോകുവാൻ പാടില്ലായിരുന്നു. രണ്ടാമതായി അവനൊരു നല്ല മനസ്സാക്ഷി സൂക്ഷിച്ചിരുന്നുവെങ്കിൽ അവന്റെ വിശ്വാസം നഷ്ടപ്പെടുകയില്ലായിരുന്നു.

പൗലൊസും അങ്ങനെ പറഞ്ഞു . 1 കൊരിന്ത്യർ 15:9ൽ തിമൊഥെയോസിനുള്ള ഒന്നാം ലേഖനം എഴുതുന്നതിനും ഏതാണ്ട് പത്തു വർഷം മുൻപ് പൗലൊസ് പറഞ്ഞു: ഞാൻ അപ്പോസ്തലന്മാരിൽ ഏറ്റവും ചെറിയവൻ . അഞ്ചുവർഷങ്ങൾക്കു ശേഷം എഫേസ്യ ലേഖനം 3:8ൽ അദ്ദേഹം പറഞ്ഞു: ഞാൻ എല്ലാ വിശ്വാസികളിലും ഏറ്റവും ചെറിയവൻ . വീണ്ടും അഞ്ചു വർഷങ്ങൾക്കു ശേഷം തിമൊഥെയോസിനുള്ള ഒന്നാം ലേഖനം എഴുതുമ്പോൾ അദ്ദേഹം പറയുന്നു: ആ പാപികളിൽ ഞാൻ ഒന്നാമൻ (1:15).

അപ്പോൾ നാം നമ്മുടെ ആത്മീയ വളർച്ചയെ എങ്ങനെയാണ് വിലയിരുത്തുന്നത്? നമ്മുടെ ഒന്നുമില്ലായ്മയും പാപസ്വഭാവവും കൂടുതൽ കൂടുതൽ തിരിച്ചറിയുക വഴിയാണതു നടക്കുന്നത്. ഇപ്രകാരമാണ് നിങ്ങൾ വളരുന്നതെങ്കിൽ അതു ശരിയായ വളർച്ചയാണ് . നിങ്ങൾ ദൈവത്തോട് കൂടുതൽ അടുത്തുകൊണ്ടിരിക്കുകയാണ്.

1 : 18, 19 പൗലൊസ് തിമൊഥെയോസിനോട് ആവശ്യപ്പെടുന്നത് വിശ്വാസവും നല്ല മനസ്സാക്ഷിയും ഉള്ളവനായി അവയ്ക്കൊത്തവണ്ണം നീ നന്നായി പോരാടുക. ചിലർ നല്ല മനസ്സാക്ഷി ഉപേക്ഷിച്ച് അവരുടെ വിശാസ കപ്പൽ തകർക്കുന്നു. നല്ല മനസ്സാക്ഷി സൂക്ഷിക്കാതെ തങ്ങളുടെ ജീവിത കപ്പൽ തകർത്തു കളഞ്ഞ ചിലരുണ്ട്. അവർക്കു വിശ്വാസം നഷ്ടപ്പെട്ടു. ചില അവസരത്തിൽ വിശ്വാസികളുടെ തന്നെ വിശ്വാസം നഷ്ടപ്പെട്ടതായി നിങ്ങൾ വായിക്കുന്നു. അയഞ്ഞ സമീപനമുള്ള ഒരു ബൈബിൾ കോളജിൽ പോയി അവിടെ പഠിച്ച കാര്യങ്ങൾ കേട്ട് തന്റെ വിശ്വാസമാകെ ഇല്ലാതായി പോയ വീണ്ടും ജനിച്ച ഒരു ക്രിസ്ത്യാനിയെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട് . എങ്ങനെയാണ് അവന്റെ വിശ്വാസം നഷ്ടപ്പെട്ടത്? ഒന്നാമത് അവൻ അവിടെ പോകുവാൻ പാടില്ലായിരുന്നു. രണ്ടാമതായി അവനൊരു നല്ല മനസ്സാക്ഷി സൂക്ഷിച്ചിരുന്നുവെങ്കിൽ അവന്റെ വിശ്വാസം നഷ്ടപ്പെടുകയില്ലായിരുന്നു. തങ്ങൾക്കു ലഭിച്ച ബോദ്ധ്യങ്ങൾക്കനുസരിച്ച് നിലപാടുകൾ എടുക്കാൻ കഴിയാത്തതു കൊണ്ടാണ് പലരുടേയും വിശ്വാസം നഷ്ടപ്പെട്ടു പോകുന്നത്. വിശ്വാസം നഷ്ടപ്പെട്ട് നരകത്തിലേക്കു പോകുവാൻ അർഹതയള്ളവരാണവർ. കാരണം ശരിയെന്നു തങ്ങൾക്കു ബോദ്ധ്യമുള്ള വസ്തുതകൾക്കായി ഒരു നിലപാടെടുക്കുവാൻ കഴിയാത്ത ഭീരുക്കൾക്കു വേണ്ടി നിർമ്മിച്ചിരിക്കുന്ന സ്ഥലമാണ് നരകം.

പൗലൊസ് ഉദാഹരണമായി പറയുന്നത് ഹുമനയോസിന്റെയും അലെക്സന്തറുടേയും പേരുകളാണ്. ആരുടേയും പേരുകൾ നമ്മൾ പരസ്യമായി പരാമർശിക്കരുതെന്നാണ് ചിലർ പറയുന്നത്. എന്നാൽ മറ്റുള്ളവരെ വഴിതെറ്റിക്കുന്ന ചിലരുടെ പേരുകൾ പറയാൻ പൗലൊസ് ഭയപ്പെട്ടില്ല. അവരെക്കുറിച്ച് അദ്ദേഹത്തിനു മറ്റുള്ളവർക്കു മുന്നറിയിപ്പ്



നൽകേണ്ടതുണ്ടായിരുന്നു. ഹുമനസോസും അലെക്സന്തരും ദൈവദൂഷണം പറയാതിരിക്കാൻ പഠിക്കേണ്ടതിനു പൗലൊസ് അവരെ സാത്താന് ഏല്പിച്ചു കൊടുത്തു.

**പ്രാർത്ഥിക്കേണ്ടത് എന്ത്?**

2:1 ൽ പൗലൊസ് പറയുന്നു : എല്ലാ മനുഷ്യർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും സ്തോത്രം ചെയ്യുവാനും ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. എല്ലാറ്റിനും വേണ്ടി എല്ലാ സമയത്തും നന്ദി കരേറ്റണമെന്ന പ്രബോധനം നാം നേരത്തെ അറിഞ്ഞു കഴിഞ്ഞു. എന്നാൽ ഇവിടെ അതിലും മുന്നോട്ട് പോയി നാം എല്ലാ മനുഷ്യർക്കും വേണ്ടി നന്ദി പറയണം എന്നാണ് പറയുന്നത്. എന്താണിതിന്റെ അർത്ഥം? കർത്താവേ, എല്ലാവരോടും ഞാൻ നന്ദിയുള്ളവനാണ്. എനിക്കു നന്മ ചെയ്യുന്നവരോടും എനിക്കു ദോഷം ചെയ്യുന്നവരോടും ഒരുപോലെ നന്ദിയുള്ളവനാണ് ഞാൻ. അവിടുന്നു എല്ലാവരേയും എന്റെ നന്മയ്ക്കായി ഒരുക്കിയിരിക്കുന്നു. റോമർ 8 : 28 വിശ്വസിച്ചാൽ മാത്രമേ നിങ്ങൾക്ക് അതിനു കഴിയുകയുള്ളു . അധികാരത്തിലുള്ള ഭരണാധികാരികൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നു പൗലൊസ് ഇവിടെ പറയുന്നു. പൗലൊസ് ഈ ലേഖനമെഴുതുന്ന കാലഘട്ടത്തിൽ റോമ സാമ്രാജ്യം ഭരിച്ചിരുന്നത് ക്രിസ്ത്യാനികളെ വളരെ പീഡിപ്പിക്കുകയും പൗലൊസിന്റെ ശിരച്ഛേദം നടത്തുകയും ചെയ്ത വളരെ ദുഷ്ടനായ നീറൊ ചക്രവർത്തിയായിരുന്നു. എങ്കിലും പരിശുദ്ധാത്മാവ് പറയുന്നത് അങ്ങനെയുള്ളവർക്കു വേണ്ടിയും പ്രാർത്ഥിക്കണം എന്നാണ്. അതുകൊണ്ട് അധികാരത്തിലിരിക്കുന്ന നീതിമാന്മാർക്കുവേണ്ടി മാത്രമല്ല തീർത്തും അഭക്തരായവർക്കു വേണ്ടിയും പ്രാർത്ഥിക്കണം.

നാം എന്താണ് അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത്? ദൈവഹിതം ഭൂമിയിൽ നിവർത്തിയാകുന്നതിനു തടസ്സമാകും വിധം പ്രവർത്തിക്കാതിരിക്കേണ്ടതിന് അന്ധകാരത്തിന്റെ ശക്തികളെ ദൈവം ബന്ധിക്കണം എന്നാണ് നാം പ്രാർത്ഥിക്കേണ്ടത്. ഇന്ത്യയ്ക്കു വേണ്ടി നാം എന്താണ് പ്രാർത്ഥിക്കേണ്ടത്? നമ്മുടെ ഭരണാധികാരികൾ വിശ്വാസികൾ ആകുമെന്നു പ്രതീക്ഷിക്കേണ്ട. അവർ അവിശ്വാസികളായിരുന്നുകൊള്ളട്ടെ. പൗലൊസിന്റെ കാലഘട്ടത്തിലും ഒരു ഭരണാധികാരിയും വിശ്വാസിയായിരുന്നില്ല. സർവ്വശക്തനും പരമാധികാരിയും ആയ നമ്മുടെ സ്വർഗ്ഗീയ പിതാവിനോടു നമ്മുടെ രാജ്യത്തിന്റെ ഭരണസംവിധാനത്തെ നിയന്ത്രിക്കണമെന്നാണ് നാം പ്രാർത്ഥിക്കുന്നത്. നല്ല ഒരു സർക്കാർ അധികാരത്തിൽ വരണമെന്നു എല്ലാ തിരഞ്ഞെടുപ്പു വേളകളിലും ഞങ്ങൾ സഭയായി പ്രാർത്ഥിക്കാറുണ്ട്. സർക്കാരിന്റെ തീരുമാനങ്ങളെ ദൈവം നിയന്ത്രിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കാറുണ്ട്. ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് അത്ഭുതകര

*(ശേഷം പേജ് 40 ൽ)*

അധികാരത്തിലുള്ള ഭരണാധികാരികൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നു പൗലൊസ് ഇവിടെ പറയുന്നു. പൗലൊസ് ഈ ലേഖനമെഴുതുന്ന കാലഘട്ടത്തിൽ റോമ സാമ്രാജ്യം ഭരിച്ചിരുന്നത് ക്രിസ്ത്യാനികളെ വളരെ പീഡിപ്പിക്കുകയും പൗലൊസിന്റെ ശിരച്ഛേദം നടത്തുകയും ചെയ്ത വളരെ ദുഷ്ടനായ നീറൊ ചക്രവർത്തിയായിരുന്നു. എങ്കിലും പരിശുദ്ധാത്മാവ് പറയുന്നത് അങ്ങനെയുള്ളവർക്കു വേണ്ടിയും പ്രാർത്ഥിക്കണം എന്നാണ്.

ജോൺ ന്യൂട്ടന്റെ അനുഭവങ്ങളിലൂടെ... 2

# മഹാകൃപയുടെ പാട്ടുകാരൻ

### നാവികസേനയിലെ അനുഭവ ങ്ങൾ



അക്കാലത്ത് രാജകീയ നാവികസേ നയിലെ കപ്പലുകളിലെ ജീവിതം അത്യന്തം ദുഷ്ക്കരമായിരുന്നു. അതിനാൽ ആരുതന്നെ നാവികസേനയിൽ സേവനത്തിന് തയ്യാറാവു കയില്ല. ഇതുമൂലം സർക്കാർ നിർബ്ബന്ധിത സേവനത്തിന് യുവാക്കളെ നിയോഗിക്കും. യാദൃച്ഛികമായി ഈ സമയത്ത് ജോണിനും ഇത്തരത്തിലുള്ള സേവനത്തിനായുള്ള നറുക്കുവീണു. അങ്ങനെ 'എച്ച്എം എസ് ഹാർവിച്ച്' എന്ന യുദ്ധക്കപ്പലിൽ അവനെ ത്തിച്ചേർന്നു. ക്യാപ്റ്റൻ ന്യൂട്ടനെ ഈ വാർത്ത ഏറെ വിഷമിപ്പിച്ചു. നാവിക ക്കപ്പലിലെ ജീവിതത്തെക്കുറിച്ച് അദ്ദേ ഹത്തിന് നല്ല അറിവുണ്ടായിരുന്നു. എന്നാൽ തന്റെ മകന്റെ സ്വഭാവത്തിന് മാറ്റം ഉണ്ടാകുവാൻ നാവികസേനയിലെ കർക്കശമായ അച്ചടക്കത്തിനു കഴിയു മെന്ന് ചിന്തിച്ച്, അവനെ തടയുവാൻ അദ്ദേഹം ശ്രമിച്ചില്ല.

1744 ഡിസംബറിൽ, ഏതാനും ആഴ്ചകൾക്കുള്ളിൽ ഹാർവ്വിച്ച് ഇന്ത്യയിലേക്ക് യാത്ര തിരിക്കുമെ ന്നുള്ള വാർത്ത ജോണിന്റെ കാതു കളിലെത്തി. ഏതാണ്ട് അഞ്ച് വർഷ ങ്ങളെടുക്കുന്ന ഒരു നീണ്ട യാത്ര! ഈ സമയത്ത് മേരിയെക്കുറിച്ചുള്ള ചിന്തകൾ അവനിലുണ്ടായി. ഇടവേള യിൽ ചാഡമിൽ പോയി മേരിയെ കണ്ടു. എന്നാൽ ഇത്തവണയും പ്രതീക്ഷിച്ചതുപോലെ ഒരു വിവാഹാഭ്യർത്ഥന നടത്തുവാൻ ജോണിന് സാധിച്ചില്ല. തന്നെയുമല്ല, ജോൺ ഇടയ്ക്കിടക്ക് വീട്ടിൽ വരുന്നത് അത്ര നല്ലതല്ല എന്ന് മേരിയുടെ പിതാവ് അവനോടു പറയുകയും ചെയ്തു. എന്നാൽ മേരിയെ വിട്ടുപിരിയുന്നതിനേക്കുറിച്ച് ജോണിന് ചിന്തിക്കുവാൻ കഴിയില്ലായിരുന്നു. അതിനാൽ നാവികകപ്പലിൽ നിന്നും രക്ഷപ്പെടുവാൻ അവൻ തീരുമാനിച്ചു. എന്നാൽ പുറത്തു ചാടാൻ ശ്രമിച്ച ജോണിനെ സേനയിലെ അധികാരികൾ പിടികൂടി. കപ്പലിന്റെ അടിത്തട്ടിൽ അവനെ തടവിലാക്കി. രണ്ടു ദിവസങ്ങൾക്കുശേഷം, കപ്പലിൽ ആകെയുള്ള 350 ജീവനക്കാരുടെയും മുമ്പിൽ വെച്ച് അവനുള്ള ശിക്ഷയും നടപ്പിലാക്കി. ജോണിന്റെ മുതുകിൽ ചാട്ടവാറുകൊണ്ട് എട്ടു ഡസൻ അടികൾ! ഇതുമൂലം ഉണ്ടായ മാനഹാനിയും വേദനയും ജോണിന്റെ സ്വഭാവത്തെ വല്ലാതെ മാറ്റിമറിച്ചു. കപ്പലിന്റെ ക്യാപ്റ്റനോടും മറ്റ് നാവികരോടും അവന് ഭയങ്കര ദേഷ്യമായി. ക്യാപ്റ്റനെ കൊലപ്പെടുത്തിയതിനുശേഷം കടലിൽ ചാടി ആത്മഹത്യ ചെയ്യുവാൻ പോലും അവൻ ചിന്തിച്ചു. എന്നാൽഅവയിൽ നിന്നെല്ലാം ആശ്ചര്യകരമായ ദൈവകൃപ അവനെ



അകറ്റി എന്നു നമുക്കു കരുതാം.

പതിനാല് ദിവസങ്ങൾക്കുശേഷം, ആഫ്രിക്കയിലെ ഗിനിയിലേക്ക് പോകുന്ന ഒരു ചരക്കുകപ്പലിനെ അവർ കണ്ടുമുട്ടി. പരിചയസമ്പന്നരായ ചില നാവികരെ അതിൽ നിന്നു സ്വീകരി ക്കുവാൻ ഹാർവിച്ചിന്റെ കപ്പിത്താൻ തീരുമാനിച്ചു. ഈ വിവരമറിഞ്ഞ ജോൺ കപ്പിത്താനോട് തന്നെക്കൂടി ആ ചരക്കുകപ്പലിലേക്ക് മാറ്റണമെന്ന് അപേക്ഷിച്ചു. എന്തോ ദയ തോന്നി അദ്ദേഹം അതു സമ്മതിച്ചു. അങ്ങനെ നാവികകപ്പലിൽ നിന്നു ചരക്കുകപ്പലിലേക്ക് ജോണിന് മാറ്റം ലഭിച്ചു. അത് അവന് വലിയൊരു ആശ്വാസമായിരുന്നു. അപമാനവും സങ്കടവും സഹിക്കേണ്ടെന്ന് മാത്രമല്ല, ഒരു വർഷത്തിനുശേഷം തിരിച്ച് നാട്ടിലെത്താനും കഴിയും. അതൊക്കെക്കൊണ്ടാവാം, ഈ ചരക്കുകപ്പൽ ആഫ്രിക്കയിലും വെസ്റ്റ് ഇൻഡീസിലും അടിമവ്യാപാരത്തിൽ ഏർപ്പെടുന്നതാണെന്നുള്ള വിവരം അവനെ ആശങ്കപ്പെടുത്തിയതേയില്ല. എന്തായാലും ഹാർവിച്ചിലെ ദുസ്സഹമാ യ സാഹചര്യങ്ങളെക്കാൾ ഗിനിക്കപ്പലിലെ ജീവിതം തന്റെ രീതികൾക്കു ചേരുന്നതാണെന്ന് അവൻ കണ്ടെത്തി.

### ആഫ്രിക്കയും അടിമവ്യാപാരവും

'അദ്ധ്വാനമാപത്തേറെ ഞാൻ
കടന്നു വന്നിതാ
ഇത്ര നാൾ താങ്ങിയ കൃപ
എത്തിക്കുമെൻ വീട്ടിൽ'

ഈ സമയത്ത് ആത്മീയമായി ജോൺ ന്യൂട്ടന്റെ ജീവിതം ഏറ്റവും അധ:പതിച്ച അവസ്ഥയിൽ എത്തിയിരുന്നു. 'ഞാൻ സ്വയമായി വലിയ അളവിൽ പാപം ചെയ്തിരുന്നു എന്നു മാത്രമല്ല, ഓരോ തവണയും മറ്റുള്ളവരെ എപ്രകാരം പാപത്തിലേക്ക് വലിച്ചിടണം എന്നതിനേക്കുറിച്ചും ചിന്തിച്ചുകൊണ്ടിരുന്നു' എന്നാണ് ന്യൂട്ടൺ ഈ കാലഘട്ടത്തെക്കുറിച്ച് പിന്നീട് പറഞ്ഞിട്ടുള്ളത്.

ഗിനിക്കപ്പലിൽ 'ആമോസ് ക്ലോ' എന്നൊരു പടിഞ്ഞാറൻ ആഫ്രിക്കക്കാരൻ അടിമവ്യാപാരിയെ ജോൺ ന്യൂട്ടൻ പരിചയപ്പെട്ടു. ക്ലോയുടെ കൂടെ കൂടിയാൽ എളുപ്പം കുറെ പണമുണ്ടാക്കുവാൻ കഴിയുമെന്ന് ന്യൂട്ടന് മനസ്സിലായി. അതിനെപ്പറ്റി അയാളോട് സംസാരിച്ചു. ന്യൂട്ടന്റെ നിർബ്ബന്ധത്തിന് ക്ലോ വഴങ്ങി. അങ്ങനെ ന്യൂട്ടൻ ഗിനിയെന്ന ആഫ്രിക്കൻ രാജ്യത്തിന്റെ തീരത്തു നിന്നും അല്പമകലെയുള്ള ഒരു ചെറുദ്വീപിൽ എത്തിച്ചേർന്നു. ന്യൂട്ടനെയും ക്ലോയെയും കൂടാതെ കറുത്തവർഗ്ഗക്കാരിയായ അയാളുടെ യജമാനത്തിയും കുറെ അടിമകളുമായിരുന്നു ആ ദ്വീപിലെ നിവാസികൾ. വ്യാപാരവശ്യത്തിനായി ക്ലോ പലപ്പോഴും ദ്വീപിൽ നിന്ന് വിട്ടുനിന്നിരുന്നു. യജമാനത്തിക്ക് ന്യൂട്ടനെ ഭയങ്കര വെറുപ്പായിരുന്നു. അടിമകളിൽ ഒരുവനെപ്പോലെ മാത്രമാണ് അവൾ ന്യൂട്ടനെ കണ്ടത്. അവൾ അവനെ അവിടെ പട്ടിണിക്കിട്ട് കൊല്ലുവാൻ തീരുമാനിച്ചു. ആ സമയത്ത് കഠിനമായ ജ്വരവും അവനെ ബാധിച്ചു. ന്യൂട്ടന്റെ യാതനയിൽ മനംനൊന്ത് അടിമകളിൽ ചിലർ തങ്ങൾക്കു ലഭിച്ചിരുന്ന തുച്ഛമായ ഭക്ഷണത്തിന്റെ ഒരു ഭാഗം അവനു നൽകുമായിരുന്നു. അല്ലെങ്കിൽ ഒരു പക്ഷേ അവൻ അവിടെക്കിടന്ന് മരിക്കുമയിരുന്നു! ഒരു വർഷത്തോളം തോട്ടത്തിൽ അടിമകൾ ക്കൊപ്പം അവൻ പണിയെടുത്തു. 'അന്നാട്ടുകാരായ ആളുകളുമായി ഞാൻ അക്കാലത്ത് വളരെയധികം അടുത്തു. നന്മയ്ക്കായി ദൈവം എന്നെ സൂക്ഷിച്ചില്ലെങ്കിൽ അവരിൽ ഒരുവനായി ജീവിച്ച് അവിടെത്തന്നെ ഞാൻ മരിക്കുമായിരുന്നു' എന്ന് ന്യൂട്ടൻ പിൽക്കാലത്ത് പറയുകയുണ്ടായി.

1747 ഫെബ്രുവരിയിൽ ദ്വീപിനടുത്തുകൂടി കടന്നുപോയ ഒരു കപ്പലിലെ

ജീവനക്കാർ അവനെ അന്വേഷിച്ച് അവിടെയെത്തി. ന്യൂട്ടന്റെ പിതാവിന്റെ ആവശ്യപ്രകാരം അവർ പോകുന്നിടങ്ങളിലൊക്കെ അവനെക്കുറിച്ച് അന്വേഷിക്കുമായിരുന്നു. എന്നാൽ അവരോടൊപ്പം പോകുവാൻ ന്യൂട്ടൻ വിസമ്മതിച്ചു. "നിന്റെ ബന്ധുക്കളിലാരോ അടുത്തിടെ മരിച്ചുപോയി. അവർ നിനക്കായി ഒരു വലിയ തുക ദാനം ചെയ്തിരിക്കുന്നു", എന്നൊരു കള്ളം അവനെപ്പറഞ്ഞു വിശ്വസി പ്പിച്ചാണ് ഒടുവിൽ ന്യൂട്ടനെ അവർ ആ ദ്വീപിൽ നിന്നു കൊണ്ടു പോയത്.

'ദി ഗ്രേഹൗണ്ട്' എന്ന ആ ചരക്കു കപ്പലിൽ ന്യൂട്ടന് പ്രത്യേകിച്ച് ഒരു ജോലിയും ഉണ്ടായിരുന്നില്ല. പല പ്പോഴും അവൻ അതിലെ ജീവനക്കാരോടൊപ്പം മദ്യപിച്ച് ഉന്മാദങ്ങളിൽ ഏർപ്പെട്ടിരുന്നു. ഒരിക്കൽ യാദൃശ്ചികമായി തോമസ് കെംപസിന്റെ 'ക്രിസ്ത്വാനുകരണം' (Imitation of Christ) എന്ന പുസ്തകം അവന്റെ കയ്യിൽ വന്നുപെട്ടു. അതിലെ ചില ഭാഗങ്ങൾ ന്യൂട്ടൻ വായിച്ചുനോക്കി. അത് അവന്റെ ഹൃദയത്തെ പിടിച്ചുകുലുക്കിയെങ്കിലും, ദേഷ്യത്തോടെആ പുസ്തകം അവൻ വലിച്ചെറിയുകയാണ് ചെയ്തത്.

**മാനസാന്തരത്തിന്റെ കൊടുങ്കാറ്റ്**

തൊട്ടടുത്ത ദിവസം, അതായത് 1748 മാർച്ച് 10 അർദ്ധരാത്രിയിൽ, ഗ്രേഹൗണ്ടിലെ ജീവനക്കാർ പരിഭ്രാന്തരായി ഞെട്ടിയുണർന്നു. ഒരു വലിയ കൊടുങ്കാറ്റിൽ കപ്പൽ ആടിയുലഞ്ഞു. കൂറ്റൻ തിരകൾ കപ്പലിലേക്ക് ശക്തമാ യി ആഞ്ഞടിച്ചു. കപ്പലിന്റെ അടിത്തട്ടിൽ വെള്ളം നിറഞ്ഞു. കുറെപേർ പമ്പുകൾ ഉപയോഗിച്ച് വെള്ളം പുറത്തേക്കൊഴുക്കുവാൻ ശ്രമിച്ചു. മറ്റു ചിലർ ബക്കറ്റുകളും പാത്രങ്ങളും ഉപയോഗിച്ച് വെള്ളം കോരിക്ക ളയുന്നു. ന്യൂട്ടനും പരിഭ്രാന്തനായി അവരോടൊപ്പം കൂടി. ഇതിനിടെ മുകൾത്തട്ടിലുണ്ടായിരുന്ന ചിലരെ തിരകൾ എടുത്തുകൊണ്ടു പോയി. എല്ലാവരും മരണത്തെ മുഖാമുഖം കണ്ടു. ന്യൂട്ടനടക്കം നാവികരിൽ മിക്കവർക്കും നീന്തൽ അറയില്ലായി രുന്നു. രാത്രി മുഴുവൻ താണ്ഡവമാടിയ കൊടുങ്കാറ്റ് പ്രഭാതത്തിൽ ഒന്നു ശമിച്ചു. വെള്ളം പമ്പു ചെയ്യുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന ന്യൂട്ടൻ ഇടയ്ക്ക് ക്യാപ്റ്റനെ കാണുവാൻ മുകൾത്തട്ടിലേക്ക് പോയി. മടങ്ങി വരുന്ന വഴിയിൽ ന്യൂട്ടൻ തന്നോടു തന്നെ ഇപ്രകാരം പറഞ്ഞു: 'ഇതുകൊണ്ട് കഴിയുന്നില്ലെങ്കിൽ, ദൈവത്തിന് ഞങ്ങളോട് കരുണയുണ്ടാകണം'. വർഷങ്ങൾക്കു ശേഷം ദൈവത്തിന്റെ കരുണയ്ക്കായി ന്യൂട്ടൻ ആഗ്രഹിച്ച ഒരു നിമിഷം ആയിരുന്നു അത്. യാദൃച്ഛികമായി തന്റെ നാവിൽ നിന്നും പുറത്തു വന്ന ഈ വാക്കുകൾ സത്യത്തിൽ അവന്റെ ഹൃദയത്തിലാണ് ആഞ്ഞ് പതിച്ചത്. തുടർന്നുള്ള ദിവസങ്ങളിൽ പുറത്ത് ആഞ്ഞടിച്ചതിലും ശക്തിയുള്ള ഒരു കൊടുങ്കാറ്റ് ന്യൂട്ടന്റെയുള്ളിൽ ആഞ്ഞടിച്ചു. തന്റെ ചെറുപ്പത്തിൽ താൻ അഭ്യസിച്ച ദൈവവചനങ്ങളിൽ ചിലത് ഓർമ്മ യിൽ അലയടിക്കുവാൻ തുടങ്ങി. തനിക്ക് ദൈവത്തെ ആവശ്യമാണെന്ന തിരിച്ചറിവ് അവനുണ്ടായി. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഉത്തര അയർല ണ്ടിനോട് അവർ അടുത്തു. എന്നാൽ ആ സമയത്ത് വീണ്ടും ശക്തമായ കാറ്റ് അടിച്ചു. ഒരു മാസത്തോളം അവർ വീണ്ടും കടലിൽ അലഞ്ഞു. കപ്പലിൽ ഉണ്ടായിരുന്ന ഭക്ഷണമെല്ലാം തീർന്നതിനാൽ ഇപ്പോൾ അവർ ചരക്കുകളുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഭക്ഷ്യയോഗ്യമായ വസ്തുക്കളാണ് ഭക്ഷിച്ചു കൊണ്ടിരുന്നത്. എന്നാൽ അതും ഏറെക്കുറെ തീരുവാൻ തുടങ്ങി. തങ്ങൾക്ക് സംഭവിച്ച ഈ ദോഷങ്ങൾക്കെല്ലാം കാരണം ദൈവനിഷേധിയായ ന്യൂട്ടനെ കപ്പലിൽ കയറ്റിയതാണെന്ന് കപ്പൽ ജീവവന



ക്കാരിൽ പലരും ചിന്തിച്ചു. ന്യൂട്ടനെ കടലിൽ എറിഞ്ഞുകള യുവാൻ പോലും അവർ തീരുമാനിച്ചിരുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം കപ്പിത്താൻ അവരെ തടഞ്ഞതിനാൽ കൂടുതൽ ആപത്തുകളൊന്നും ന്യൂട്ടന് സംഭവിച്ചില്ല. ഒരു മാസത്തോളം കടലിൽ അലഞ്ഞുതിരിഞ്ഞ കപ്പൽ ഒടുവിൽ ഉത്തര അയർലണ്ടിന്റെ തീരത്ത് നങ്കൂരമിട്ടു. ക്യാപ്റ്റനും ജീവനക്കാരും ന്യൂട്ടനും കരയ്ക്കെത്തി. എന്നാൽ ആർക്കും തിരിച്ചറിയാൻ കഴിയാതെപോയ ഒരു കാര്യം ന്യൂട്ടനിൽ ഉണ്ടായ മാറ്റമായിരുന്നു. ദൈവദൂഷകനായ തന്നോട് ദൈവം ഇത്രമാത്രം കരുണ കാണിക്കുവാൻ കാരണമെന്തായിരിക്കുമെന്നുള്ള ചിന്ത അവനെ ഭരിച്ചുകൊണ്ടിരുന്നു. ഉത്തര അയർലണ്ടിലെ താമസത്തി നൊടുവിൽ താനൊരു 'ഗൗരവക്കാ രനായ വിദ്വാൻ' ആയി മാറിയിരു ന്നുവെന്ന് ന്യൂട്ടൻ പിന്നീട് പറയുകയുണ്ടായി.

മേരി കാർട്ട്ലെറ്റിനെക്കുറിച്ചുള്ള ചിന്തകൾ ഇക്കാലത്ത് വീണ്ടും ന്യൂട്ടന്റെയുള്ളിൽ സജീവമായി. മേരിയോടുള്ള തന്റെ ഇഷ്ടത്തെ ക്കുറിച്ച് പിതാവായ ക്യാപ്റ്റൻ ന്യൂട്ടന് ജോൺ ഒരു കത്തെഴുതി. മേരിയുടെ സുഖവിവരങ്ങൾ അന്വേഷിച്ച് അവളുടെ അമ്മായിക്കും അവനൊരു കത്തെഴുതി. ജോൺ തിരിച്ചെത്തിയെന്നുള്ള വിവരം ക്യാപ്റ്റൻ ന്യൂട്ടനിൽ വലിയ സന്തോഷം ഉളവാക്കി. കാർട്ട്ലെറ്റ് ഭവനത്തിൽ പോയി അദ്ദേഹം മകന്റെ ഇഷ്ടത്തെക്കുറിച്ച് അവരോട് സംസാരിച്ചു. മേരിയുടെ വിവരങ്ങൾ അമ്മായി ജോണിനെ എഴുതി അറിയിച്ചു. പിന്നെ ഒട്ടും താമസിച്ചില്ല. അവൻ ലണ്ടനിലേക്ക് യാത്ര തിരിച്ചു. അവിടെയെത്തിയതിനുശേഷം ചാഡമിലേക്ക് പോയി മേരിയെ കണ്ടു. കാര്യങ്ങളെല്ലാം അറിയിച്ചു. ജോണിനെ വിവാഹം കഴിക്കുവാൻ താൻ തയ്യാറാണെന്നുള്ള വിവരം അവളും അവനെ അറിയിച്ചു.

തന്റെ സാമ്പത്തികസ്ഥിതിക്ക് ഒരു മാറ്റം വേണമെന്നുള്ള ചിന്ത ജോണിനെ വീണ്ടും അടിമവ്യാപാരത്തിലേക്ക് തന്നെ കൊണ്ടുചെന്നു. അധികനാൾ കഴിയുന്നതിനുമുമ്പ് അവൻ വീണ്ടും ഗിനിയിൽ എത്തിച്ചേർന്നു. പഴയശീ ലങ്ങൾ പലതും അവനിലേക്ക് മടങ്ങിവ ന്നു. എന്നാൽ കഠിനമായ ജ്വരം ബാധിച്ച് അവൻ കിടപ്പിലായി. അവിടെ ഏകനായി കിടന്നപ്പോൾ കാൽവരിയുടെ ദർശനം വളരെ വ്യക്തമായി ന്യൂട്ടന് ഉണ്ടായി. ക്രൂശിൽ രക്ഷകൻ അനുഭവിച്ച പീഡനങ്ങളെക്കുറിച്ചും അവിടുത്തെ ബലിമരണത്തെക്കുറിച്ചും അവൻ ചിന്തിക്കുവാൻ തുടങ്ങി. തന്റെ പാപങ്ങൾ – ജോൺ ന്യൂട്ടന്റെ പാപങ്ങൾ – മൂലമാണ് ക്രിസ്തുവിന് ക്രൂശിൽ മരിക്കേണ്ടി വന്നതെന്ന തിരിച്ചറിവ് അവനിൽ ഉണ്ടായി. കൊടുങ്കാറ്റിന്റെ സമയം മുതൽ ദൈവം നീതിയുള്ള ന്യായാധിപനാണെന്ന ചിന്തയാണ് അവനിൽ നിറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ സ്വന്തപുത്രനെ തന്റെ പാപങ്ങൾക്കായി നൽകിയ പിതാവിന്റെ സ്നേഹത്തെ അവൻ തിരിച്ചറിഞ്ഞു. ദൈവത്തിന്റെ കോപത്തിൽ നിന്നും ഒഴിഞ്ഞുമാറുവാനുള്ള ശ്രമങ്ങളാണ് മുൻകാലങ്ങളിൽ നടത്തിയിരുന്നതെങ്കിൽ ഇപ്പോൾ, താൻ ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടിരിക്കുന്നു എന്ന ഉറപ്പ് ജോൺ ന്യൂട്ടന് ലഭിച്ചു. താൻ ക്രിസ്തുവിന്റെ വകയാണെന്നുള്ള കാര്യം ജോൺ ന്യൂട്ടൻ തിരിച്ചറിഞ്ഞു. മന:സാക്ഷിയിൽ നിന്ന് വലിയ ഒരു ഭാരം ഇറങ്ങിപ്പോയി. ദൈവികമായ സമാധാനം ഹൃദയത്തി ൽ നിറയപ്പെട്ടു. പാപത്തിന്റെ കർത്തൃത്വത്തിൽ നിന്നുള്ള വിടുതൽ ജോണിന് ലഭിച്ചു. മടക്കയാത്രയിൽ ദൈവം തനിക്കായി ചെയ്ത വൻകാര്യങ്ങളെക്കുറിച്ച് അവൻ ധ്യാനിച്ചു കൊണ്ടിരുന്നു.

ഇംഗ്ലണ്ടിലേക്ക് മടങ്ങിവന്നപ്പോൾ വീണ്ടും മേരിയെ കാണുവാൻ പോയി.

വിവാഹത്തിനായി താൻ ഒരുക്കമാണെന്ന് അവൾ അവനെ അറിയിച്ചു. രണ്ടാഴ്ചകൾക്കുശേഷം 1750 ഫെബ്രുവരിയിൽ അവരുടെ വിവാഹം നടന്നു. തുടർന്നുള്ള 40 വർഷങ്ങൾ ന്യൂട്ടന് തുണയായി അവളുണ്ടായിരുന്നു. വിവാഹത്തിനു ശേഷം ഭൗതിക സാഹചര്യങ്ങൾ ഒന്നിനൊന്ന് മോശമായിക്കൊണ്ടിരുന്നു. എങ്കിലും ന്യൂട്ടന്റെയുള്ളിൽ വിശ്വാസത്തിന്റെ അഗ്നി ജ്വലിച്ചുകൊണ്ടിരുന്നു. തന്റെ പരിചയക്കാർക്കെല്ലാം അയാൾ തന്റെ വിശ്വാസത്തെ വെളിപ്പെടുത്തി കത്തുകൾ അയച്ചു. 'കത്തെഴുത്ത് ശുശ്രൂഷ'യിൽ ന്യൂട്ടൻ പിന്നീട് വളരെ ശോഭിക്കുവാനിടയായി. ന്യൂട്ടന്റെ പ്രസംഗങ്ങളേക്കാൾ വളരെ പ്രസിദ്ധമായിരുന്നു അദ്ദേഹത്തിന്റെ കത്തുകൾ.

കുടുംബത്തെ സംരക്ഷിക്കുവാൻ ഒരു തൊഴിൽ ആവശ്യമായിരുന്നു. അതിനാൽ ന്യൂട്ടൻ വീണ്ടും അടിമവ്യാപാരത്തിലേക്ക് തിരിഞ്ഞു. അതിൽ വലിയ തെറ്റൊന്നും അയാളോ സമൂഹമോ കണ്ടിരുന്നില്ല. എന്നാൽ കുറെക്കൂടി മനുഷ്യത്വമുള്ള ഒരു തൊഴിൽ ലഭിക്കുവാൻ ആ നാളുകളിൽ ന്യൂട്ടൻ പ്രാർത്ഥിച്ചിരുന്നു. വിവാഹശേഷം ഏതാണ്ട് മൂന്നുതവണ ദീർഘദൂരം കപ്പൽ യാത്രകൾ ന്യൂട്ടൻ നടത്തിയിട്ടുണ്ട്. ഇതിൽ അവസാനത്തെ യാത്രയിൽ വെസ്റ്റ് ഇൻഡീസിലെ സെന്റ് ക്രിസ്റ്റഫർ ദ്വീപിൽവച്ച് ക്യാപ്റ്റൻ ക്ലൂണി എന്നൊരു കപ്പിത്താനെ ജോൺ കണ്ടുമുട്ടി. ക്രിസ്തീയ ഉപദേശങ്ങളെക്കുറിച്ച് വളരെ നല്ല പരിജ്ഞാനമുള്ള ഒരുവനായിരുന്നു അദ്ദേഹം. ജോണിന്റെ ബഹുവിധമായ സംശയങ്ങൾക്ക് അദ്ദേഹം മറുപടി കൊടുത്തു. ക്രിസ്തീയ ഉപദേശങ്ങളുടെ അന്ത:സത്തയെ ജോൺ തിരിച്ചറിഞ്ഞത് അവിടെവച്ചാണ്.

1754-ൽ ലിവർ പൂളിൽ നിന്ന് വീണ്ടുമൊരു യാത്രയ്ക്കുള്ള പരിശ്രമങ്ങൾ ജോൺ ആരംഭിച്ചിരുന്നു. എന്നാൽഇത്തവണ ജോണിന് ഒരു കടുത്ത അപസ്മാരബാധയുണ്ടായി. കപ്പൽ യാത്ര ഉപേക്ഷിക്കുവാൻ അദ്ദേഹത്തോട് ഡോക്ടർമാർ നിർദ്ദേശിച്ചു. അങ്ങനെ ജോൺ ന്യൂട്ടന്റെ സമുദ്രയാത്രകൾക്ക് പരിസമാപ്തിയായി. 1755-ൽ ലിവർപൂളിൽ കസ്റ്റംസിന്റെ ഭാഗമായുള്ള തീരനിരീക്ഷണവിഭാഗത്തിൽ ന്യൂട്ടനു് ജോലി ലഭിച്ചു. ഈ കാലയളവിൽ രണ്ടുതവണ അദ്ദേഹം കർത്താവിൽ പ്രസിദ്ധനായ ജോർജ്ജ് വൈറ്റ്ഫീൽഡിനെ കാണുവാൻ ഇടയായി. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ന്യൂട്ടനെ ആഴത്തിൽ സ്പർശിച്ചു. ദൈവവചനത്തിനൊപ്പം ഗ്രീക്ക്, എബ്രായ ഭാഷകൾ പഠിക്കുവാനും ജോൺ അക്കാലത്ത് ശ്രമിച്ചു. എന്നാൽ ജനങ്ങളെ ശുശ്രൂഷിക്കുക എന്നതാണ് തന്റെ ജീവിതലക്ഷ്യമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. വൈറ്റ്ഫീൽ ഡിന്റെയും വെസ്ലിയുടെയും പ്രസംഗങ്ങൾ ഇംഗ്ലണ്ടിനെ ഇളക്കിമറിച്ചു കൊണ്ടിരുന്ന സമയമായിരുന്നു അത്. സുവിശേഷവേലയോടുള്ള അഭിവാഞ്ഛ ന്യൂട്ടനിലും വർദ്ധിച്ചു. ചില ട്രാക്റ്റുകൾ എഴുതുവാനും ചെറിയനിലയിൽ കൂട്ടായ്മകൾ സംഘടിപ്പിക്കുവാനും ന്യൂട്ടൻ അക്കാലത്ത് പരിശ്രമിച്ചു. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ കീഴിൽ ഒരു സഭാശുശ്രൂഷകനായി പ്രവേശിക്കുവാൻ ന്യൂട്ടൻ അക്കാലത്ത് ശ്രമമാരംഭിച്ചു. എന്നാൽ അതത്ര എളുപ്പമായിരുന്നില്ല. ന്യൂട്ടന് സർവ്വകലാശാല പരിശീലനമോ ബിരുദമോ ഉണ്ടായിരുന്നില്ല എന്നതായിരുന്നു കാരണം. അക്കാലത്ത് ന്യൂട്ടൻ ചെയ്ത മറ്റൊരു കാര്യം, തന്റെ ശൈ ശവം മുതൽ ദൈവം തന്റെ ജീവിതത്തിൽ ചെയ്ത കാര്യങ്ങളെക്കുറിച്ചുള്ള ഒരു വിവരണം തയ്യാറാക്കുക എന്നതായിരുന്നു. ന്യൂട്ടന്റെ ഈ ആത്മകഥ വായിച്ച ഒരു വിശിഷ്ടവ്യക്തിയുടെ സഹായത്താൽ അദ്ദേഹത്തിന് ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ കീഴിൽ സഭാശുശ്രൂഷകനായി കൈവയ്പ് ലഭിച്ചു.

ചെറുഗ്രാമമായ ഒൾനിയിലെ ഇടവകയിലേക്കായിരുന്നു ആദ്യനിയോ ഗം. 1764 മുതൽ 16 വർഷങ്ങൾ അദ്ദേഹം അവിടെ



# ദൈവരാജ്യത്തിൽ ഒരേയൊരു....

*21-ാം പേജിൽ നിന്നു തുടർച്ച*

പൂർണ്ണാനുസരണം കാണിക്കാറില്ല. എന്നാൽ ദൈവത്തിന്റെ ശബ്ദം നേരിട്ടു കേൾക്കുകയും അവിടുത്തെ പിന്തുടരുകയുമാണ് നമുക്ക് അവശ്യം വേണ്ടത്.

എഴുതപ്പെട്ട ദൈവവചനത്തെയും നാം അവഗണിക്കരുത്. അതില്ലാതെ ജീവിക്കുവാൻ നമുക്ക് സാധ്യമല്ല. എന്നാൽ യേശുക്രിസ്തുവിങ്കലേക്കു നോക്കുന്നതിലധികം വചനത്തിന്റെ അക്ഷരാർത്ഥത്തിലേക്കു നോക്കുന്ന ആളുകൾ ഉണ്ട്. തൽഫലമായി കർത്താവുമായുള്ള ബന്ധം നഷ്ടപ്പെട്ട ഒരവസ്ഥയിൽ അവർ ചെന്നു ചേരുന്നു.

ഇവ രണ്ടിനെയും കവിഞ്ഞു നിൽക്കുന്നതാണ് ദൈവരാജ്യം. യേശുക്രിസ്തുവിന്റെ സമ്പൂർണ്ണ പരമാധികാരത്തെ അംഗീകരിക്കുകയും അതൊഴികെയുള്ള മറ്റെല്ലാ അധികാരങ്ങളെയും അവ അന്തിമമല്ലായ്കയിൽ നിരസിക്കുകയും ചെയ്യുക- ഇതാണ് ദൈവരാജ്യ വ്യവസ്ഥ. മുകളിൽ പറഞ്ഞ ദൈവദത്തമായ രണ്ടു സഹായങ്ങളേയും ഉപയോഗിക്കുന്നതോടൊപ്പം അവിടെ കാര്യമവസാനിപ്പിക്കാതെ ദൈവഹിതത്തെപ്പറ്റി വ്യക്തിപരവും പ്രത്യക്ഷവുമായ വെളിപ്പാടു നേടുകയാണ് ഇവിടെ നമ്മുടെ വലിയ ആവശ്യം.

ദൈവം നമ്മോടു സംസാരിക്കുന്ന മാധ്യമം ഏതായിരുന്നാലും ദൈവരാജ്യത്തിൽ നാം ചെവി കൊടുക്കേണ്ടത് ഒരേയൊരു ശബ്ദത്തിനാണ്. വ്യക്തിപരമായും നേരിട്ടും യേശുവിന്റെ ശബ്ദമാണ് ഞാൻ കേൾക്കേണ്ടത്.

അവർ തലപൊക്കിയാറെ യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല. (മത്തായി 17:8)

❖

ശുശ്രൂഷിച്ചു. ഉപദേശപരമായ വിഷയങ്ങളിൽ തനിക്ക് ചില ഉറച്ച നിലപാടുകൾ ഉണ്ടായിരുന്നുവെങ്കിലും വിവാദങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുവാൻ അദ്ദേഹം എപ്പോഴും ശ്രമിച്ചിരുന്നു. ഒൾനിയിലെ സാധാരണക്കാരും ദരിദ്രരുമായ ജനങ്ങളെ ശുശ്രൂഷിക്കുക എന്ന ലക്ഷ്യത്തിൽ അദ്ദേഹം ഉറച്ചുനിന്നു. അത്യന്തം മധുരതരമായ ഒരു ശുശ്രൂഷ ചെയ്തെടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതിനേക്കുറിച്ച് ഒരാൾ പറഞ്ഞത്, 'മറ്റുള്ള ശുശ്രൂഷകന്മാരെ ആളുകൾ ബഹുമാനിക്കുകയായി രുന്നെങ്കിൽ, ന്യൂട്ടനെ അവർ സ്നേഹിക്കുക യായിരുന്നു' എന്നാണ്.

ന്യൂട്ടനും മേരിക്കും കുട്ടികളുണ്ടായിരുന്നില്ല. എന്നാൽ കുഞ്ഞുങ്ങളെ അദ്ദേഹം വളരെയധികം സ്നേഹിച്ചിരുന്നു. തദ്ദേശവാസികളായ കുട്ടികൾക്കായി ഒരു വേദപഠനശാല ഒൾനിയിൽ അദ്ദേഹം ആരംഭിച്ചു. ദൈവവചനവും സമുദ്രത്തിലെ തന്റെ വീരസാ ഹസികാനുഭവങ്ങളും അദ്ദേഹം അവരോട് പങ്കുവച്ചു. ഇരുനൂറോളം കുട്ടികൾ അവിടെ കൂടിവന്നിരുന്നു. ഞായറാഴ്ചകളിൽ ദൂരെ നിന്നും വരുന്നവർക്ക് ഭക്ഷണം കഴിക്കുവാനുള്ള ഒരു തുറന്ന വീടായിരുന്നു അദ്ദേഹത്തിന്റെ ഭവനം. ഒൾനി ഇടവകയിലെ ദരിദ്രരായ തൊഴിലാളികളെ അവരുടെ ഫാക്ടറിയിലും വീടുകളിലും പോയി സന്ദർശിക്കുക പതിവായിരുന്നു. ആഴ്ചയിൽ ഏതാണ്ട് പന്ത്രണ്ടോളം പ്രസംഗങ്ങൾ അദ്ദേഹം നടത്തുമായിരുന്നു. ഈ സമയത്ത് അനേകർ അദ്ദേഹത്തിന്റെ ആത്മകഥ വായിക്കുയും തങ്ങളുടെ ഇടവകകളിലേക്ക് ക്ഷണിക്കുകയും ചെയ്തു. എന്നാൽ ഒൾനിയിലെ ചെറിയ ആട്ടിൻകൂട്ടത്തെ വിട്ടുപോകുവാൻ ന്യൂട്ടൻ തയ്യറായില്ല. (തുടരും)

**- ബോബി കുര്യൻ**

# താഴ്മ

*12-ാം പേജിൽ നിന്നു തുടർച്ച*

റിഞ്ഞേക്കും. നമുക്ക് യേശുവിന്റെ അടുക്കലേക്ക് ഓടി അവന്റെ താഴ്മയാൽ നാം പൂർണ്ണമായി ധരിക്കപ്പെടുന്നതുവരെ നമ്മെ അവനിൽ സമർപ്പിക്കാം. അതുമാത്രമാണ് യഥാർത്ഥ വിശുദ്ധി.

തങ്ങളുടെ പാപത്തിൽ തന്നെ മുഴുകി ജീവിക്കുന്നതാണു താഴ്മയിൽ തുടരാനുള്ള ഏകവഴി എന്ന് വിചാരിക്കുന്നവരെക്കുറിച്ച് നാം പറഞ്ഞുകഴിഞ്ഞു. അത് തെറ്റായ താഴ്മയാണ്.

പൗലൊസ് തന്നെത്താൻ പാപികളിൽ മുമ്പൻ എന്ന് എണ്ണി. അവൻ പറഞ്ഞു: ക്രിസ്തുയേശു പാപികളെ രക്ഷിക്കാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വസിക്കത്തക്കതും എല്ലാവരും അംഗീകരിക്കാൻ യോഗ്യവുമായ വചനം തന്നെ. ആ പാപികളിൽ ഞാൻ ഒന്നാമൻ (1 തിമോത്തി 1:15). എന്നിട്ടും അദ്ദേഹത്തിന്റെ എഴുത്തുകളിൽ ഒരിടത്തും ബോധപൂർവ്വം ചെയ്ത പാപത്തിന്റെ ഏറ്റുപറച്ചിൽ ഇല്ല. മറിച്ച് ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ കുറ്റമറ്റ ഒരു ജീവിതം നയിക്കുന്നതായാണ് അദ്ദേഹത്തിന്റെ എഴുത്തുകൾ സൂചിപ്പിക്കുന്നത്.

അദ്ദേഹത്തിന് വിശ്വാസികളോട് ഇങ്ങനെ പറയാൻ സാധിച്ചു. വിശ്വസിക്കുന്ന നിങ്ങളുടെ ഇടയിൽ ഞങ്ങൾ എത്ര പവിത്രമായും നീതിയായും അനിന്ദ്യമായും നടന്നു എന്നതിന് നിങ്ങളും ദൈവവും സാക്ഷി.... ഞങ്ങൾ ലോകത്തിൽ വിശേഷാൽ നിങ്ങളോട് ജഡികജ്ഞാനത്തിൽ അല്ല, ദൈവകൃപയിൽത്തന്നെ. ദൈവം നൽകുന്ന വിശുദ്ധിയിലും നിർമ്മലതയിലും പെരുമാറിയിരിക്കുന്നു എന്നു ഞങ്ങളുടെ മനഃസാക്ഷിയുടെ സാക്ഷ്യം തന്നെ ഞങ്ങളുടെ പ്രശംസ (1 തെസ്സലോനിക്യർ 2 :10, 2 കൊരിന്ത്യ. 1: 12 )

ആഴത്തിലുള്ള സ്വയം കുറ്റപ്പെടുത്തലിലും വിധിക്കലിലും, മുഴുകുന്നതിലൂടെ ഒരിക്കലും നമ്മെ നമ്മുടെ സ്വയത്തിൽ നിന്ന് മോചിപ്പിക്കാൻ കഴിയില്ല. പാപത്തെ വിധിക്കുന്ന നിയമത്തിലൂടെയല്ല മറിച്ച് അതിൽനിന്ന് നമ്മെ സ്വതന്ത്രരാക്കുന്ന കൃപയാലാണ് നാം താഴ്മയുള്ളവരാകുന്നത്. ന്യായപ്രമാണം നമ്മുടെ ഹൃദയത്തെ നുറുക്കമുള്ളതാക്കിയേക്കാം. പക്ഷേ കൃപയ്ക്കു മാത്രമേ ആ ഹൃദ്യമായ താഴ്മയെ നമ്മുടെ സ്വഭാവമാക്കാൻ കഴിയുകയുള്ളൂ. പാപത്തിൽ മുഴുകുന്നതിനല്ല, ദൈവത്തിൽ മുഴുകുന്നതിനും സ്വയത്തിൽ നിന്നും മോചനം നേടുന്നതിനുമാണത്.

താഴ്മ മരണത്തിന്റെ വഴിയാണ്. മരണമാണ് പൂർണ്ണതാഴ്മയുടെ ഏറ്റവും വലിയ തെളിവ്. യേശു മരണം വരെ തന്നെത്തന്നെ താഴ്ത്തിയതിലൂടെ നമുക്കും അനുഗമിക്കാൻ പുതിയതും ജീവനുമുള്ളതുമായ വഴിയാണ് തുറന്നിരിക്കുന്നത്. യേശുവിന് ദൈവത്തിനോടുള്ള പൂർണ്ണമായ കീഴടങ്ങൽ തെളിയിക്കുന്നതിന് മരണമല്ലാതെ മറ്റുമാർഗ്ഗമില്ലായിരുന്നു. അതുപോലെ നമുക്കും. അതിലൂടെ മാത്രമേ ജഡത്തിൽ നിന്നും മോചനം ലഭിച്ച് യേശുവിന്റെ ദൈവസ്വഭാവത്തിനു നമുക്കും പങ്കുകാ രാകാനാകൂ.

തന്റെ മരണത്തിലൂടെ ദൈവത്തിനു പൂർണ്ണമായും വിട്ടുകൊടുത്തതിന്റെ ഉദാത്തമായ തെളിവ് യേശു നല്കി.സ്വയത്തിനും ജഡത്തിനും പാപത്തിനും അവൻ മരിച്ചു. ദൈവത്തിന്റെ ഏറ്റവും പൂർണ്ണമായ ജീവിതത്തിലേക്ക് പ്രവേശിക്കാൻ അവനു കഴിഞ്ഞു. സ്വയത്തിനു പൂർണ്ണമായി മരിച്ചാൽ മാത്രമേ യേശുക്രിസ്തുവിന്റെ താഴ്മയുമായുള്ള നിറഞ്ഞ കൂട്ടായ്മയിൽ പ്രവേശിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. തന്നെത്താൻ ശൂന്യമാക്കുന്നതും പ്രശംസ ആഗ്രഹിക്കാത്തതുമായ താഴ്മയേക്കാൾ നല്ലൊരു അടയാളം സ്വയത്തിന്റെ മരണത്തിന് തെളിവായി കാണാൻ കഴിയുകയില്ല.

പൗലൊസിന് അവന്റെ ജഡത്തിൽ ഒരു മുള്ള് നൽകപ്പെട്ടപ്പോൾ അത് മാറിക്കിട്ടാനാണ് അവൻ ആദ്യം ആഗ്രഹിച്ചത്. അവസാനം അവൻ അതിൽ മഹത്വപ്പെടുകയും ആനന്ദിക്കുകയും ചെയ്യുകയാണുണ്ടായത്.

പൗലൊസ് പറയുന്നു: വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചു പോകാതിരിക്കാൻ എനിക്കു ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു. ഞാൻ നിഗളിച്ചുപോകാതെയിരിക്കേണ്ടതിന് എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെത്തന്നെ. അത് എന്നെ വിട്ടു നീങ്ങേണ്ടതിന് ഞാൻ മൂന്നുവട്ടം കർത്താവിനോട് അപേക്ഷിച്ചു . അവൻ എന്നോട് എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ട് ഞാൻ ക്രിസ്തുവിനു വേണ്ടി ബലഹീനത, കൈയേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിക്കാൻ ഇഷ്ടപ്പെടുന്നു. ബലഹീനനായിരിക്കുമ്പോൾതന്നെ ഞാൻ ശക്തനാകുന്നു. (2 കൊരിന്ത്യർ 12:7-10).

അപമാനം ഉണ്ടാകുന്നിടത്താണ് ശക്തി ഉണ്ടാകുന്നതെന്ന് പൗലൊസ് മനസിലാക്കി.

താഴ്മയെ അന്വേഷിക്കുമ്പോൾ ഓരോ ക്രിസ്ത്യാനിയും രണ്ടു ഘട്ടങ്ങളിലൂടെ കടന്നുപോകും. ആദ്യത്തേത് അവൻ അവനെ താഴ്ത്താനിടയുള്ള എല്ലാറ്റിൽനിന്നും ഓടിയകലുകയും മോചനത്തിനായി പ്രാർഥിക്കുകയും ചെയ്യുന്നതാണ്. ഇതുവരെ എന്തുവിലകൊടുത്തും താഴ്മ പരിശീലിക്കണമെന്ന് അവൻ പഠിക്കുകയില്ല. താഴ്മയുടെ നിർദേശം അവൻ സ്വീകരിക്കുകയും അനുസരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് അവസാനം എത്ര ദയനീയമായി അവൻ പരാജയപ്പെടുന്നു എന്നു കാണാൻ മാത്രമായിരിക്കും. അധരംകൊണ്ട് കൂടുതൽ താഴ്മയ്ക്കായി പ്രാർഥിക്കുമ്പോൾ താഴ്മയിലേക്കു നയിക്കുന്ന കാര്യങ്ങളിൽനിന്ന് അകന്നു നിൽക്കാനാണ് അവന്റെ ഹൃദയം ആഗ്രഹിക്കുന്നത്.

ഈ ഘട്ടംവരെ തനിക്കുള്ളതെല്ലാം വിറ്റ് നേടാൻ ആഗ്രഹിക്കത്തക്കവിധം യേശുവിന്റെ താഴ്മയുമായി അവൻ സ്നേഹത്തിലായിട്ടില്ല. താഴ്മയെ പിന്തുടരുന്നതിലും അതിനായി പ്രാർത്ഥിക്കുന്നതിലും ഇപ്പോഴും ഒരു ബന്ധനത്തിന്റെ ഭാരം അവനെ അലട്ടുന്നു. തന്നെത്താൻ താഴ്ത്തുന്നത് അവന്റെ ജീവിതത്തിന്റെ സ്വമേധയാ ഉള്ള ഭാവമോ സന്തോഷമോ ആയിട്ടില്ല.

യേശുകർത്താവിനെക്കുറിച്ചുള്ള ഒരു പുതിയ വെളിപ്പാടാണ് പൗലൊസിനെ രണ്ടാമത്തെ ഘട്ടത്തിൽ എത്തിച്ചത്. നമുക്ക് വേണ്ടതും അതാണ്. അപ്പോൾ യേശുക്രിസ്തുവാണ് എല്ലാം എന്ന ചിന്തയിൽ നാം മറ്റുള്ളവർ നമ്മോടു പറഞ്ഞതും ചെയ്തതുമെല്ലാം മറക്കത്തക്കവിധം സ്വയത്തിൽനിന്ന് മുക്തരാകും.

ദൈവസന്നിധിയിൽ താഴ്മയോടിരിക്കുന്നതും ഒന്നുമല്ലാതിരിക്കുന്നതുമാണ് ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടവും അനുഗ്രഹവുമെന്ന് ദൈവം നമ്മെ പഠിപ്പിക്കട്ടെ. താഴ്മയും മനസ്താപവും ഉള്ളവരോടുകൂടെയും ഉന്നതങ്ങളിലെ അതിവിശുദ്ധ സ്ഥലത്ത് ഒരേസമയം വസിക്കുന്ന ദൈവത്തോടുകൂടെയും നമുക്കും വസിക്കാം (യെശയ്യാ. 57:15).

**-മൊഴിമാറ്റം: ആൽബിൻ ജോസഫ്**

❖



# DEVOTION TO JESUS: WHAT IT IS NOT

**Sandeep Poonen**

**2 Corinthians 11:2-3** – For I am jealous for you with a godly jealousy; for I betrothed you to one husband, so that to Christ I might present you as a pure virgin. But I am afraid that, as the serpent deceived Eve by his craftiness, your minds will be led astray from the simplicity and purity of devotion to Christ.

This is a simple verse with a profound meaning.

Paul is concerned that we can be deceived just like Eve was deceived by the serpent. Now let us remember the magnitude of the deception that Eve gave into. That deception caused sin to enter the human race for the very first time. The devil (acting through the serpent) adulterated two totally innocent creations of God, and whom God had called “very good” (Genesis 1:31). So this was not just any kind of deception. This was deception of the highest degree.

And Paul uses this highest kind of deception when he thinks about the deception of being led astray from a simple and pure devotion to Jesus.

So how does the devil deceive us? Let us learn from the deception in the Garden of Eden:

Genesis 2:6 – When the woman saw that the tree was good for food, and that it was a delight to the eyes, and that the tree was desirable to make one wise, she took from its fruit and ate; and she gave also to her husband with her, and he ate.

Eve was convinced (through the serpent’s urging) to listen to her desires and thereby disobey God. Similarly, the devil will pervert the gospel of a devotion to Jesus with deceptions of the highest order – and to maximize the voices of human logic and feelings.

Good for food: God is a means for personal prosperity

This deception is all over Christianity today. Greed is one of our deepest vices. Our desire for personal and selfish gain dominates. Even the deeply religious Paul noticed that despite all his best intentions to follow God’s Law, there was coveting of every kind within himself (Romans 7:7-8) that he had to fight. So it is no wonder that the “health and wealth and prosperity” message can sound like really good news (gospel). Millions are fooled by this.

Are you and I fooled as well? Even if we don’t publicly agree with the prosperity gospel, do we find that our loyalty to Jesus is because of some hidden desire for personal prosperity? Do we subtly extend our expectations of God beyond His supplying our NEEDS (Philippians 4:19) to seeking Him for some kind of personal gain?

Let us reject every devotion to God that is tied to personal prosperity.



Delight to the eyes: God is a means for personal pleasure

There is a soulish intimacy with Jesus that we must utterly reject, as a sordid perversion of true devotion to Jesus. There are brands within Christianity today (and especially appealing to young people) that liken our relationship with Jesus to being romantic and based on our emotions. So it takes the truth of Jesus’ relationship with the church’s as Bridegroom and Bride and twists it to a deceptive soulish end. They seek to find Jesus in the stillness and the quiet, by meditation and breathing techniques, by lighting candles or soft music playing, etc. I have seen young people shipwreck their faith with this false view of intimacy with Jesus.

And Christian music plays a HUGE part in this deception. The devil has done a masterful job of convincing Christianity today that Christian music can be equated with Christian worship. So music has taken center stage in the house of God and branded as worship, even though New Covenant (Christian) worship has NOTHING to do with music. New Covenant worship is about full and radical surrender of the human will (Romans 12:1-2; John 4:23-24). But this is almost universally unknown to most Christians, because it is difficult a message to preach. So most settle for a worship of God that satisfies their senses.

How about you and I? Are we true worshippers? Jesus forcefully rejected the devil because He knew that the Father desired us to worship Him most of all (Matthew 4:10). And the worship that Jesus brought was a worship in one’s spirit, and not one’s soul. It is a worship that surrenders the will to God. So let us reject every idea of devotion to God that seeks to satisfy our physical and emotional pleasures.

Desirable to make one wise: God is a means for satisfying our intellect

Like a pendulum swings from one end to the other, some other brands of Christianity reject soulish emotions but glorify their rational intelligence and idolize intellectual ideas of God. They’re constantly worshipping at the altar of doctrine and apologetics, “searching the Scriptures” because they think that correct understanding of doctrine is the true way to life.

Such people are not sustained by actual interactions with a real Living Person (Jesus), but are content to carve out an exact replica of the face of Jesus from all the doctrines correctly balanced. The actual Jesus is knocking on the doors of their hearts seeking to come in and dine with them, but they are too immersed in their Greek and Hebrew Bible studies to get up and open the door and have a conversation with Him.

What about you and I? Are we the kind of people who are constantly interested in satisfying our mind in intellectual pursuits of God? Are we constantly interested on the next super-smart argument to prove others wrong and ourselves right? Are we constantly seeking complex and intellectual sermons/Bible studies to sustain our daily walk with Jesus?

Let us reject every idea of devotion to God that drives us towards being wise and intelligent but away from being babes to whom God is well pleased to reveal Himself (Matthew 11:25).

All that said, all I’ve done here is tell you what not to do. So next month, I will talk about what the genuine devotion to Jesus that is pure and simple DOES look like.

## ബൈബിളിലൂടെ........

29-ാം പേജിൽ നിന്നു തുടർച്ച

മാംവിധം ഉത്തരം ലഭിക്കുന്നതും ഞങ്ങൾ കണ്ടിട്ടുണ്ട്. സർവ്വശക്തനായ ദൈവത്തിനു രാജ്യത്തെ സർക്കാരിനെ നിയന്ത്രിക്കുവാൻ കഴിയുമെന്ന വിശ്വാസം നിങ്ങൾക്കില്ലെങ്കിൽ നിങ്ങൾ പ്രാർത്ഥിക്കരുത്. വിശ്വാസമില്ലാതെ പ്രാർത്ഥിക്കുന്നതിൽ ഒരു അർത്ഥവുമില്ല. നല്ല മനസ്സാക്ഷിയുള്ള ദൈവഭക്തരായ ചിലരുടെ പ്രാർത്ഥന രാജ്യത്തു ദൈവഹിതം നിവർത്തിയാകുവാൻ തക്കവണ്ണം സർക്കാരിനെ തന്നെ സ്വാധീനിക്കുവാൻ കഴിയും എന്നുഞാൻ വിശ്വസിക്കുന്നു.

ചില അവസരത്തിൽ, തന്റെ സഭ അതിലെ അംഗങ്ങളുടെ ശുദ്ധീകരണത്തിനായി പീഡനങ്ങളിലൂടെ കടന്നുപോകണമെന്നായിരിക്കും ദൈവഹിതം. അപ്പോൾ നാം അത് സ്വീകരിക്കണം. ആദിമ ക്രിസ്ത്യാനികൾ ഏതാണ്ട് 200 വർഷത്തോളം പീഡിപ്പിക്കപ്പെട്ടവരാണ്. യേശു തന്റെ ശിഷ്യന്മാർക്ക് അന്ത്യ നാളിനെക്കുറിച്ചു മുന്നറിയിപ്പ് നൽകിയത് ഇങ്ങനെയാണ്- എല്ലാ മനുഷ്യരും നിങ്ങളെ വെറുക്കും. അങ്ങനെയെങ്കിൽ ദൈവമേ ഒരു മനുഷ്യരും എന്നെ വെറുക്കരുതെ എന്ന് എങ്ങനെ പ്രാർത്ഥിക്കുവാൻ കഴിയും? നമ്മുടെ കർത്താവു തന്നെ സംഭവിക്കുമെന്നു പറഞ്ഞ കാര്യത്തിനെതിരെ നാം എങ്ങനെ പ്രാർത്ഥിക്കും? അതുപോലെ തന്നെ അന്ത്യകാലത്ത് യുദ്ധങ്ങൾ, ക്ഷാമങ്ങൾ, ഭൂകമ്പങ്ങൾ എന്നിവയുണ്ടാകുമെന്നു യേശു പറഞ്ഞിട്ടുണ്ട്. അപ്പോൾ പിന്നെ യുദ്ധവും, ക്ഷാമവും, ഭൂകമ്പവും ഒഴിവാക്കണമെന്നു നാം എങ്ങനെ പ്രാർത്ഥിക്കും? എന്നാൽ ദുഷ്ട ശക്തികൾ ബന്ധിക്കപ്പെടണമെന്നും നമുക്കു പ്രാർത്ഥിക്കാം.

രണ്ടു തെസ്സലോനിക്യർ 2 : 6, 7 വാക്യങ്ങളിൽ ലോകത്തിന്റെ സ്വാധീനത്തെ തടയുന്നതിനെക്കുറിച്ച് നാം വായിക്കുന്നുണ്ട്.

> യേശു തന്റെ ശിഷ്യന്മാർക്ക് അന്ത്യ നാളിനെക്കുറിച്ചു മുന്നറിയിപ്പ് നൽകിയത് ഇങ്ങനെയാണ്- എല്ലാ മനുഷ്യരും നിങ്ങളെ വെറുക്കും. അങ്ങനെയെങ്കിൽ ദൈവമേ ഒരു മനുഷ്യരും എന്നെ വെറുക്കരുതെ എന്ന് എങ്ങനെ പ്രാർത്ഥിക്കുവാൻ കഴിയും? നമ്മുടെ കർത്താവു തന്നെ സംഭവിക്കുമെന്നു പറഞ്ഞ കാര്യത്തിനെതിരെ നാം എങ്ങനെ പ്രാർത്ഥിക്കും?

അത് സഭയിലൂടെയുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. ഒരു ദിവസം പരിശുദ്ധാത്മാവ് തന്റെ ഈ പ്രവൃത്തി അവസാനിപ്പിക്കും അന്ന് എതിർക്രിസ്തു അധികാരത്തിലേക്ക് ഉയരും. ആ ദിവസം വരുന്നതുവരെ നമ്മുടെ രാജ്യത്ത് അധികാരത്തിൽ ഇരിക്കുന്നവരെ സ്വാധീനിക്കുവാൻ തക്കവണ്ണം നാം അവർക്കു വേണ്ടി പ്രാർത്ഥിക്കണം. രാഷ്ട്രീയത്തിൽ ഇടപെട്ട് സാധിക്കുന്നതിനേക്കാൾ അധികം സ്വാധീനം പ്രാർത്ഥനയിലൂടെ ഭരണാധികാരികളുടെ മേൽ നേടുവാൻ നമുക്കു കഴിയും. നാം പ്രാർത്ഥിക്കുന്നതു പീഡനങ്ങൾ ഉണ്ടാകരുതെന്നല്ല. എന്നാൽ തികഞ്ഞ ഭക്തിയോടും വിശുദ്ധിയോടും കൂടെ സമാധാനവും ശാന്തതയുമുള്ള ജീവിതം നയിക്കുവാൻ സാധിക്കുന്നതിനു വേണ്ടിയാണ് പ്രാർത്ഥിക്കുന്നത്(2:2). എന്നിരുന്നാലും ഇന്ത്യയിൽ ഒരു പീഡന കാലഘട്ടം വേണമെന്നു ദൈവം ആഗ്രഹിച്ചാൽ നാം അത് ഏറ്റെടുക്കുകയും വേണം.

(തുടരും)

**മൊഴിമാറ്റം: സാജു ജോസഫ്**

❖



# യഥാർത്ഥ താഴ്മയും സൗമ്യതയും...

*(പേജ് 4 ൽ നിന്ന് തുടർച്ച)*

ആളുകളോടുള്ള പെരുമാറ്റത്തിൽ ഈ പറയുന്ന സൗമ്യതയൊന്നും എനിക്കു പ്രകടിപ്പിക്കാനറിയില്ല. അല്ലെങ്കിലും മനുഷ്യരുടെ മുൻപാകെയല്ല ദൈവത്തിന്റെ മുൻപാകെ ജീവിക്കാനാണല്ലോ നമ്മെ വിളിച്ചിരിക്കുന്നത് ..... എന്നെല്ലാം.

ഹൃദയത്തിൽ ദൈവോന്മുഖമായ താഴ്മയില്ലാതെ പെരുമാറ്റത്തിൽ കപടമായ സൗമ്യത പ്രകടിപ്പിക്കുന്നവരുടെ കാര്യം നേരത്തെ പറഞ്ഞതുപോലെ ഇതും ഒരു ചതിയാണ്. ഹൃദയത്തിൽ യഥാർത്ഥ താഴ്മയുണ്ടെങ്കിൽ പ്രതികരണത്തിൽ അതു പ്രതിഫലിക്കും. വെള്ളത്തിനു താഴേക്ക് ഒഴുകാതിരിക്കാനാവില്ല, സ്നേഹത്തിനു പകരപ്പെടാതിരിക്കാനാവില്ല എന്നുപറയുന്നതു പോലെ യഥാർത്ഥ താഴ്മയ്ക്ക് പെരുമാറ്റത്തിലെ സൗമ്യതയായി പ്രതിഫലിക്കപ്പെടാതിരിക്കുവാൻ കഴിയുകയില്ല. യേശുവിന്റെ ജീവിതം തന്നെ ഇതിന് ഉദാഹരണം. യേശുവിന്റെ മറ്റുള്ളവരോടുള്ള പെരുമാറ്റം എത്രയും സൗമ്യമധുരമായിരുന്നു! ഇതു രാഷ്ട്രീയക്കാരുടെ വിനയം പോലെ കൃത്രിമമായ സൗമ്യതയായിരുന്നില്ല. എങ്ങനെ ഇതു തീർച്ചയാക്കാം? തന്റെ നേരെ വന്ന എതിരിർപ്പുകളുടെ മുൻപിലും യേശുവിനു സൗമ്യമായിതന്നെ പെരുമാറാൻ കഴിഞ്ഞു എന്ന വസ്തുതയാണ് ഇതു കൃത്രിമവിനയമല്ല എന്നു തെളിയിക്കുന്നത്.

തന്റെ വ്യക്തിപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടപ്പോഴും താൻ അന്യായമായി വിധിക്കപ്പെട്ടപ്പോഴും തനിക്കു നീതി നൽകാതിരുന്നപ്പോഴും യേശു ക്ഷോഭിച്ചില്ല. നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവന്മാർ.... നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാതിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവന്മാർ (മത്തായി. 5 :10) എന്നു ജനത്തെ ഉപദേശിച്ച കർത്താവ് സ്വന്തജീവിതത്തിലും ഇതേ നിലപാടാണു പിൻതുടർന്നത്. തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു . കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും അവൻ വായെതുറക്കാതിരുന്നു (യെശ. 53 : 7). മഹാപുരോഹിതന്മാരുടെയും പീലാത്തോസിന്റെയും ഹേരോദാവിന്റെയും മുൻപാകെ അവിടുന്നു വാദിച്ചില്ല. തനിക്കു നീതിനിഷേധിക്കപ്പെട്ടപ്പോൾ അവിടുന്നു ശബ്ദം ഉയർത്തിയില്ല. അന്യായമായ പീഡനം, പരിഹാസം, ക്രൂശ് എന്നിവയുടെ മുൻപിൽ അവിടുന്നു തന്നെത്താൻ താഴ്ത്തി വായെത്തുറക്കാതിരുന്നു. തനിക്ക് എങ്ങനെ ഇതു കഴിഞ്ഞു? ഈ സൗമ്യമായ പെരുമാറ്റത്തിനു പിന്നിൽ ആഴത്തിൽ പിതാവിന്റെ മുൻപാകെയുള്ള താഴ്മ ഉണ്ടായിരുന്നതിനാലാണതു കഴിഞ്ഞത്. ഈ വാക്യം ആ വസ്തുതയിലേക്കാണു വിരൽ ചൂണ്ടുന്നത്- നിന്ദിക്കപ്പെട്ടപ്പോൾ അവൻ ഭീഷിണിപ്പെടുത്തിയില്ല. പിന്നെയോ നീതിയോടെ വിധിക്കുന്നവനു തന്നെത്തന്നെ ഭരമേല്പിക്കുകയാണുചെയ്തത്. (1 പത്രൊസ് 2 : 23) യേശുവിന്റെ ജീവിതത്തിലെ ആദ്യനിലപാടായ ദൈവോന്മുഖമായ താഴ്മ, താൻ അഭിമുഖീകരിച്ച എല്ലാ മനുഷ്യരിലും ദൈവത്തിന്റെ കരങ്ങൾ കാണുവാൻ തന്നെ സഹായിച്ചു.
പിതാവ് തരുന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ എന്നു പറഞ്ഞ യേശു പിതാവു തനിക്കായി ഒരുക്കിയ പാനപാത്രം ഏതു മനുഷ്യന്റെ കരത്തിൽ നിന്നും വാങ്ങിക്കുടിപ്പാൻ തയ്യാറായിരുന്നു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവന്മാർ, അവർ ദൈവത്തെ കാണും (മത്തായി 5 : 8) എന്നു പർവത പ്രസംഗത്തിൽ

ചൂണ്ടിക്കാട്ടിയ യേശു ഈ രംഗങ്ങളിലെല്ലാം തന്നെ ഉപദ്രവിച്ച മനുഷ്യരെയല്ല ദൈവത്തെ തന്നെയാണു കണ്ടത്. ചുരുക്കത്തിൽ മനുഷ്യരുടെ നേരെ സൗമ്യമായി പെരുമാറാൻ ദൈവത്തിന്റെ മുൻപാകെ തനിക്കുണ്ടായിരുന്ന താഴ്മ തന്നെ സഹായിച്ചു. ഫലം, സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും (മത്തായി 5 : 5) എന്ന ദൈവിക പ്രമാണം അനുസരിച്ച് ആ നസറായൻ കഴിഞ്ഞ എത്രയോ തലമുറകളായി എത്രയോ കോടി ആളുകളുടെ ഹൃദയ ഭൂമികകളെ കൈവശമാക്കിക്കഴിഞ്ഞു!

ഇവിടെ ന്യായമായും മറ്റൊരു സംശയം ഉയരാം. സൗമ്യതയെക്കുറിച്ചുള്ള നമ്മുടെ സങ്കല്പങ്ങളുമായി ചേർന്നു പോകാത്ത ചില പെരുമാറ്റങ്ങളും പ്രതികരണങ്ങളും യേശുവിൽനിന്ന് ഉണ്ടായിട്ടുണ്ടല്ലോ, ഇവയെ എങ്ങനെയാണ് വിശദീകരിക്കുക? ചമ്മട്ടിയുമായി യേശു ദേവാലയത്തിൽനിന്നു കച്ചവടക്കാരെ പുറത്താക്കി. പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു. മേശകളെ മറിച്ചിട്ടു (യോഹ. 2 : 15). ശാസ്ത്രിമാരെയും പരിശന്മാരെയും വെള്ളതേച്ച ശവക്കല്ലറകളോട് ഉപമിച്ചു (മത്തായി. 23 : 27). ഹെരോദാവിനെ കുറുക്കൻ എന്നുവിളിച്ചു (ലൂക്കോസ്. 13 : 32)– ഇവയൊക്കെ യേശുവിന്റെ വിനയത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളോട് യോജിച്ചുപോകുമോ? തന്റെ കൂടെനടന്ന ശിഷ്യന്മാരോടുള്ള പെരുമാറ്റത്തിലും കർക്കശമായ നിലപാടുകളും വാക്കുകളും യേശുവിന്റെ ഭാഗത്തുനിന്നുണ്ടായി. നോക്കുക: അവൻ തിരിഞ്ഞു അവരെ ശാസിച്ചു: നിങ്ങൾ ഏത് ആത്മാവിന് അധീനർ എന്നു നിങ്ങൾ അറിയുന്നില്ല.... എന്നു പറഞ്ഞു (ലൂക്കോസ്. 9 : 55). അവനോ തിരിഞ്ഞ് പത്രോസിനോട്: സാത്താനേ, എന്നെ വിട്ടു പോ. നീ എനിക്ക് ഇടർച്ചയാകുന്നു. നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രെ കരുതുന്നത് എന്നുപറഞ്ഞു (മത്തായി. 16 : 23). തന്റെ പ്രിയ ശിഷ്യനെ, യേശു- സാത്താനേ എന്നു വിളിക്കുന്നു. തന്നെ വിട്ടുപോകാൻ ആജ്ഞാപിക്കുന്നു. ശിഷ്യന്മാരെ ശക്തമായി ശാസിക്കുന്നു. ഇവയെല്ലാം നാം എങ്ങനെ വിശദീകരിക്കും?

സത്യത്തിൽ യേശുവിന്റെ ഈ കർശനമായ പെരുമാറ്റങ്ങളോ, ശാസനകളോ ഒന്നും ഇതുവരെ നാം പറഞ്ഞുവന്ന തന്റെ യഥാർത്ഥ താഴ്മയോടും സൗമ്യതയോടും യോജിച്ചുപോകാത്തതല്ല. സൗമ്യത എന്നാൽ ഒരു നിലപാടില്ലാത്ത, നട്ടെല്ലില്ലാത്ത, അഭിപ്രായവും സ്ഥൈര്യവും ഇല്ലാത്ത അവസ്ഥയല്ല. യേശുവിന്റെ സൗമ്യത നേരത്തെ നാം ചിന്തിച്ചതുപോലെ ദൈവോന്മുഖമായ തന്റെ താഴ്മയിൽ അധിഷ്ഠിതമായിരുന്നു. പിതാവ് തനിക്ക് എല്ലാറ്റിനും എല്ലാമാകുന്നതായിരുന്നു തന്റെ താഴ്മ. സ്വന്ത അവകാശങ്ങൾക്കു വേണ്ടിയോ ന്യായത്തിനു വേണ്ടിയോ യേശു ഒരിക്കലും പോരാടിയിട്ടില്ല. (പത്രോസിനെ സാത്താനേ എന്നു വിളിച്ചു ശാസിക്കുമ്പോഴും നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നത് എന്നതായിരുന്നു യേശുവിന്റെ കുറ്റപ്പെടുത്തൽ എന്നതു ശ്രദ്ധിക്കുക). ചുരുക്കത്തിൽ ദൈവോന്മുഖമായ താഴ്മയുടെ അടിസ്ഥാനത്തിൽ അവിടുന്നു വ്യക്തികളോടു കർക്കശമായി പെരുമാറുകയും അവരെ ശാസിക്കുകയും ചെയ്തപ്പോൾ തന്റെ സൗമ്യത വിട്ടുകളയുകയായിരുന്നില്ല. മറിച്ച് അവിടെ പ്രകടമായതു തന്റെ സൗമ്യതയുടെ ജ്വലിക്കുന്ന ഒരു മുഖമായിരുന്നു എന്നുപറയാം.

ഉവ്വ്, സൗമ്യതയെക്കുറിച്ചും താഴ്മയെക്കുറിച്ചും നമുക്ക് ഈ ലോകത്തിൽ നിന്നു ലഭിച്ച പല ധാരണകളുമുണ്ട്. അവ മാറ്റിവച്ച് യഥാർത്ഥ താഴ്മയും സൗമ്യതയും എന്തെന്നു യേശുവിൽ നിന്നുതന്നെ നമുക്കു പഠിക്കാം.

❖